അവരുടെ അധികാരങ്ങളെ കൈകടത്തി പ്രയോഗിച്ച കാലത്തുണ്ടായിരുന്ന നാട്ടിലെ രക്ഷാധികാരികളായ നായർ യോഗക്കാരെ ആകുന്നു.]

അറുനെല്ലി-കീഴാനെല്ലി. (അറുനെല്ലി എന്നതു തമിഴാണ്).

അറുതി-അവസാനം.

അറുപ്പുവാൾ-അറുക്കുന്ന വാൾ.

അറുമുഖൻ-സുബ്രഹ്മണ്യൻ. (ആറുമുഖമുള്ളവൻ).

അറുവർ-ആറുപേർ.

അറുമ്പു്-പഞ്ഞം, ദുർഭിക്ഷം.

അററ-വി. അവസാനിച്ച, ഇല്ലാത്ത, അറുതിവന്ന.

അററകാലം-മരണം.

അററക്കഴ-ജലാശയങ്ങളിൽ നിൽക്കുന്ന മഴവെള്ളം.

അററകുററം-കേട്ട്, കെട്ടമതി.

അററടക്കം-തറവാട്ടിലെ അനന്തരാവകാശം ലഭിക്കാത്ത ഒരു ശാഖയെ ജയിപ്പാനുള്ള അവകാശം നേടുക.

അററം-അവസാനം, ഒടുക്കം.

അറേ-അ. അത്ഭുതത്തിൽ പ്രയോഗിക്കുന്ന ഒരു വാക്ക്.

---

# ആ

**ആ**—പു. മലയാള അക്ഷരങ്ങളിൽ രണ്ടാമത്തേതു്. ൨. ഓർമ്മ. ൩. ദയ. ൪. സംശയം. ൫. അവധി. ൬. അഭിവിധി. ൭. അല്പം.

ആം-അ. അനുസരണത്തിങ്കൽ ഉപയോഗിക്കുന്നതു്. ആകാം.

ആക-വി. മുഴുവനായ.

ആകണ്ഠം-അ. കണ്ഠം (കഴുത്തു) വരെ.

‘ആകണ്ഠംനീരിലാഴും മുനികളുടെ ജടാ
ഭാരമാട്ടും മശായ്യാം’
(ജാനകീപരിണയം)

ആകത്ഥനം-വമ്പു പറക.

ആകത്ഥ്യാ-അശ്ലാഘമാക്കുക.

ആകനിഷ്ഠം-ചെറുവിരൽവരെ.

ആകപ്പാടെ-അ. മുഴുവനും.

ആകമാനം-മുഴുവനും, എല്ലാം, പൊതുവെ.

ആകമ്പനം-ഇളക്കം.

ആകമ്പിത, ആകമ്പ്ര-വി. ഇളക്കപ്പെട്ട, കുറഞ്ഞൊന്നു ഇളക്കപ്പെട്ട.

ആകയാൽ-അ. ആയതുകൊണ്ടു്.

ആകരം-പു. രത്നങ്ങൾ വിളയുന്നസ്ഥലം. ൨. പുരുഷാരം. ൩. ഇരിപ്പിടം.

ആകരികൻ-രത്നം വിളയുന്ന സ്ഥലത്തിലെ വിചാരിപ്പുകാരൻ.

ആകർണ്ണ്യാകർണ്ണ്യ-അ. പിന്നെയും പിന്നെയും കേട്ടിട്ടു്.

ആകർണ്ണനം-കേൾക്കുക.

ആകർണ്ണം-ചെവിയോളം.

ആകൃഷ്ട-വി. വലിച്ച.

‘ആകൃഷ്ടശ്രീലകാചന്ദനവിടപിവര-
ഭ്രാന്തിമൈകരക്കൊണ്ടുഞൊന്നാം’
(ഉത്തരരാമായണം ചമ്പു)

ആകർഷക-വി. വലിക്കുന്ന. സ്ത്രീലിംഗം ആകർഷകി.

ആകർഷകം-കാന്തക്കല്ല്, ഉരകല്ല്.

ആകർഷണം-പു. വലിക്കുക. ആകർഷിക്കുന്നതു്, ആകർഷിക്കപ്പെടുന്നതു് എന്നു ശബ്ദാർത്ഥം. ൨. വണ്ടിയുടെ ചക്രം. ൩. വാദപ്രതിവാദം.

ആകർഷിക്കുക-വലിക്കുക, വലിച്ചടുക്കുക.

ആകർഷം-ചൂതുകളി, പകിടക്കളി, ചൂതു നിരത്തുന്ന പലക ഇവയുടെ പേർ.

ആകലനം-പു. കണക്കുകൂട്ടുക. ൨. പിടിക്കുക. ൩. മനസ്സിലാക്കുക. ൪. അന്വേഷണം. ൫. ആഗ്രഹം.

ആകലിതം-ഖ്യാതം, കെട്ടപ്പെട്ടതു്, ചെഝപ്പെട്ടതു്.

'സുവർണ്ണസൂത്രാകലിതാധരാംബരം'
(മാഘം)

ആകല്പകം-൧. വ്യസനത്തോടെ ഓർമ്മിക്കുക. ൨. സന്തോഷം. ൩. ബുദ്ധിമാന്ദ്യം. ൪. കെട്ട്, (മുടിച്ചൽ.)

ആകല്പം, ആകല്പകാലം-അ. ലോകനാശം വരെ.

ആകല്പം-൧. അലങ്കാരം, വസ്ത്രമാല്യാദികളെക്കൊണ്ടുള്ള അലങ്കാരം. ൨. അലങ്കാരം നിമിത്തമുണ്ടായ ശോഭ. ൩. ദീനം. ൪. വർദ്ധനം.

ആകല്യം-രോഗം.

ആകവെ-അ. മുഴുവനും, എല്ലാംകൂടെ.

ആകസ്മികം-അ. പെട്ടെന്ന്, കാരണം കൂടാതെ.

'കൂരിരുട്ടുമാകസ്മികമായെത്തമഹാമഴയും'
(കുചേലവൃത്തം വഞ്ചിപ്പാട്ട്)

ആകാ-അ. ആകില്ല, കൊള്ളരുത്, ഇല്ല.

ആകാത്ത, ആകാത-കൊള്ളരുതാത്ത, ചീത്ത.

ആകാംക്ഷ-൧. ആഗ്രഹം.

'ആകാംക്ഷാപരവശചേതസാ ചോദിക്കുന്നു'
(അദ്ധ്യാത്മരാമായണം)

൨. (വ്യാകരണത്തിൽ) വിശേഷണത്തിനു വിശേഷ്യത്തോടു എന്നപോലെ ശബ്ദങ്ങളുടെ വേർപെടുത്താൻ പാടില്ലാത്ത ബന്ധം.

ആകാംക്ഷിക്കുക-ആഗ്രഹിക്കുക.

ആകാംക്ഷിത-വി. ആഗ്രഹിക്കപ്പെട്ട

ആകായ്മ-വിഡ്ഢിത്തം, കൊള്ളരുതായ്മ.

ആകായം-൧. ചിത. ൨. ചിതയിൽ കത്തുന്ന തീയ്. ൩. പാർപ്പിടം.

ആകാരം-൧. ശരീരം. ൨. ആകൃതി (അവയവസംസ്ഥാനം). ൩. രത്നങ്ങൾ വിളയുന്ന സ്ഥലം. ൪. അഭിപ്രായത്തിന് അനുരൂപമായ ചേഷ്ട. ൫. അഭിപ്രായം. ൬. സ്വഭാവം. ൭. 'അ' എന്ന അക്ഷരം. ൮. അടയാളം.

ആകാരഗോപനം, ആകാരഗുപ്തി, ആകാരഗൂഹനം-ശോകം മുതലായവകൊണ്ടുണ്ടായ മനോവികാരം മുഖവികാരം ഇവയെ മറച്ചുവെയ്ക്കുക. ആകാരത്തെ മറച്ചുവെയ്ക്കുക എന്നു ശബ്ദാർത്ഥം.

ആകാരണം, ആകാരണ-വിളിക്കുക എന്ന ക്രിയ, ക്ഷണിക്ക.

ആകാരാന്തം-'ആ' കൊണ്ടവസാനിക്കുന്നത്.

ആകാരികൻ-രത്നം വിളയുന്ന സ്ഥലം സൂക്ഷിപ്പുകാരുടെ മേലധികാരിയായി രാജാവിനാൽ നിയമിക്കപ്പെട്ടവൻ.

ആകാരിത-വി. വിളിക്കപ്പെട്ട.

ആകാലം-൧. ശരിയായ സമയം. ൨. തെറ്റായ സമയം.

ആകാലിക-വി. ൧. അല്പസമയത്തേയ്ക്കു മാത്രമുള്ള. ൨. സമയത്തിനു തക്കതല്ലാത്ത. ൩. സമയത്തിനനുസൃതമുള്ള.

ആകാലികി-മിന്നൽ.

ആകാശഗം-പക്ഷി.

ആകാശഗംഗ, ആകാശഗാ-സ്വർഗ്ഗത്തിലെ നദി.

ആകാശഗമനം-ആകാശത്തിൽ നടക്കുക.

ആകാശഗരുഡൻ-ഗരുഡക്കൊടി, പേയത്തി, ചീന്തിൽ.

[ആകാശഗരുഡക്കൊടി എന്നു ഇതിനെ വിളിക്കാറുണ്ട്. ഇതു സന്നിപാതത്തിനു നന്ന്.]

ആകാശചമസം-ചന്ദ്രൻ.

ആകാശചാരി-വി. ആകാശത്തിൽ സഞ്ചരിക്കുന്ന.

ആകാശചൂർണ്ണം-പുകയറ, ഇതു മരുന്നാണ്. മേഹരോഗത്തിനും ശീതജ്വരത്തിനും വിഷത്തിനുമുപയോഗം.

ആകാശദീപം, ആകാശപ്രദീപം-ദീപാവലിദിവസം ലക്ഷ്മിയുടേയും വിഷ്ണുവിന്റേയും പ്രസാദത്തിനുവേണ്ടി

കൊള്ളത്തിക്കമ്പിന്റെ മുകളിൽ തൂക്കുന്ന വിളക്ക്.

ആകാശഭാഷിതം-അശരീരിവാക്ക്.

ആകാശമണ്ഡലം-നക്ഷത്രങ്ങൾ കാണപ്പെടുന്ന ദേശം, ആകാശം.

ആകാശമാൎഗ്ഗം-ആകാശത്തിലെ വഴി.

ആകാശം-൧. പഞ്ചഭൂതങ്ങളിൽ ഒടുവിലത്തെത്. എങ്ങും പ്രകാശിക്കുന്നത്. സൂൎയ്യാദികളുടെ ശോഭയോടുകൂടിയത്. ഭൂമിക്കും നക്ഷത്രങ്ങൾക്കും ഇടയിലുള്ള ദേശം. ൨. ഒഴിഞ്ഞസ്ഥലം. ൩. ഭാരം. ൪. അനുസാരം, ഒരു കത്തു്.

പൎയ്യായങ്ങൾ-൧. ദ്യോവ്. ൨. ദ്യോ ൩. അഭ്രം. ൪. വ്യോമം. ൫. പുഷ്കരം. ൬. അംബരം. ൭. നഭസ്സ്. ൮. അന്തരിക്ഷം (അന്തരീക്ഷം). ൯. ഗഗനം. ൧൦ അനന്തം. ൧൧. സുരവൎത്മ. ൧൨. ഖം. ൧൩. വിയത്ത്. ൧൪. വിഷ്ണുപദം. ൧൫. ആകാശം. ൧൬. വിഹായസ്സ്. ൧൭. വിഹായസം. ൧൮. നാകം, ൧൯. ദ്യു. ൨൦. താരാപഥം. ൨൧. ശബ്ദഗുണം. ൨൨. മേഘാലവാവ്. ൨൩. മഹാബിലം

ആകാശവഴുതിന-ഒരു ചെടി.

ആകാശവാണി-അശരീരിവാക്ക്.

ആകാശവീഥി-ആകാശമാൎഗ്ഗം.

ആകാശസലിലം-൧. മഴ. ൨. മഞ്ഞ്.

ആകി-ആയി. (പ-മ.)

ആകിൽ-കഴിയുമെങ്കിൽ.

ആകിഞ്ചനം, ആകിഞ്ചന്യം-ദാരിദ്ര്യം.

ആകീൎണ്ണ-വി. ൧. ചിതറപ്പെട്ട. ൨. പലവസ്തുക്കൾ കൂടിയ. ൩. നിറയപ്പെട്ട. ൪. പരന്ന.

ആകീൎണ്ണം-൧. അനേകതരത്തിലുള്ളവ ഒന്നിച്ചുചേൎന്നതു്. ൨. ആൾത്തിരക്കുള്ളതു്. മററു പൎയ്യായങ്ങൾ-സങ്കീൎണ്ണം, സങ്കലം.

ആകീൎണ്ണത-നിറവ്.

ആകുഞ്ചം-൧. ജീവനം. ൨. വളവ്.

ആകുഞ്ചനം-൧. വളവ്. ൨. ചുരുക്കുക, വലിക്കുക.

ആകുഞ്ചിത-വി. ൧. വളയ്ക്കപ്പെട്ട. ൨. ചുരുക്കപ്പെട്ട.

'അതിവിപുലശുഭ്രവപുരാഞ്ജവമാക്കിനി-
ന്നാകുഞ്ചിതാംഘ്രിയായുല്പന്നയനനായ്'
(അദ്ധ്യാത്മരാമായണം)

ആകുക-൧. ചേരുക. ൨. തീരുക.

ആകുല-വി. ൧. ദുഃഖമുള്ള. ൨. ക്ഷീണമുള്ള. ൩. കുഴഞ്ഞ, ക്രമംതെററിയ. ൪. നിറഞ്ഞ. ൫. മനം കലങ്ങിയ.

ആകുലതാ, ആകുലത-൧. ദുഃഖം. ൨. പാരവശ്യം. ൩. ക്രമക്കേട്.

ആകുലപ്പെടുക-൧. ദുഃഖപ്പെടുക, ൨. പരവശപ്പെടുക.

ആകുലി-ആവിമരം, ആവീരമരം.

ആകുലീഭൂതം-ആകുലമായി ചെയ്തത്.

ആകുലം-൧. ദുഃഖിച്ചതു്, ദുഃഖം, വ്യസനം. ൨. സംഭ്രാന്തം. ൩. ചിന്നിച്ചിതറിയതു്, കൂട്ടിക്കെട്ടിക്കിടപ്പ കറങ്ങുന്ന എന്ന ശബ്ദാൎത്ഥം.

ആകുല്യം-ആവിക്കുരു, ആവീരക്കുരു.

ആകൂതം-൧. അഭിപ്രായം, ആഗ്രഹം, ൨. അത്ഭുതം.

ആകൃതി-൧. സ്വരൂപം. ൨. ശബ്ദങ്ങളിൽ ഒന്ന്.

ആകൃതിപ്പെടുക-രൂപമുണ്ടാവുക.

ആകൃഷ്ട-വി. ആകൎഷിക്ക(വലിക്ക)പ്പെട്ട.

ആകോലി-ആവോലി, ഒരു മത്സ്യം.

ആകോകരം-മകരംരാശി.

ആക്കം-൧. ബലം, ശക്തി, ചൈതന്യം, ശ്രീ. ൨. വീൎയ്യ. ൩. വിസ്താരം. ൪. അൽപം, ആഗ്രഹം. ൫. അഭിവൃദ്ധി.

'ആക്കമിയന്ന ബലാഹകമാകിയ'
(കൃഷ്ണഗാഥ)

ആക്കുക-൧. നിയമിക്കുക; ഏർപ്പെടുത്തുക. ൨. ചെയ്യുക.

ആക്രന്ദൻ-൧. എതിരാളി. ൨. കരയുന്നവൻ.

ആക്രന്ദ(ന)ം-൧. നിലവിളി. ൨. വിളി. ൩. നിലവിളിപ്പിക്ക. ൪. മുറവിളി (ഉച്ചപ്പെട്ടു കരയുക). ൫. ഭയങ്കരയുദ്ധം. ൬. രക്ഷിതാവ്.

ആക്രന്ദികൻ-നിലവിളികേട്ട സ്ഥലത്തേയ്ക്കു ഓടിച്ചെല്ലുന്നവൻ.

ആക്രന്ദിത-വി. നിലവിളിക്കപ്പെട്ട.

ആക്രമണം, ആക്രമം-൧. ക്രമക്കേടായ പ്രവേശം, അതിരുവിട്ട പ്രവേശം. ൨. അപ്പുറം കടക്കുക. ൩. ശത്രുരാജ്യം വളയുക. ൪. ഭയം.

ആക്രമി-൧. ആക്രമിക്കുന്നവൻ, ബലാൽക്കാരം ചെയ്യുന്നവൻ. ൨. ജയിക്കുന്നവൻ.

ആക്രമിക്ക-൧. അതിരുകവിയുക. ൨. അപ്പുറം കടക്കുക, ബലാൽകയറുക. ൩. ജയിക്ക.

ആക്രാന്തൻ-ആക്രമിക്കപ്പെട്ടവൻ.

ആക്രാന്തം-ആക്രമിക്കപ്പെട്ടതു്.

ആക്രാമകൻ-ക്രമക്കേടായി പ്രവേശിക്കുന്നവൻ, ആക്രമിക്കുന്നവൻ.

ആക്രീഡം-൧. ഉദ്യാനം, പൂങ്കാവ്. ക്രീഡിക്കുന്നേടം എന്നർത്ഥം. 'ജ്ഞേയമാക്രീഡമുദ്യാനം' എന്നമരമാല. ൨. ഉല്ലാസം.

ആക്രോശനം-ശാപം. ആഭിമുഖ്യേന വിളിച്ചുപറയുന്നതു്.

ആക്രോശം-൧. ശാപവചനം, ശാപം, ആണ, ആക്രോശം, ദുരേഷണ,-ഇവ പര്യായങ്ങൾ. ൨. നിലവിളി. ൩. നില

ആക്രോശിക്കുക-ശപിക്കുക, നിന്ദിക്കുക

'ആക്രോശിക്കുന്നിതെന്നെ പ്രതിദിവസമതും'
(ഉത്തരരാമായണം ചമ്പു)

ആക്ഷപകൻ-ഏറിയുന്നവൻ.

ആക്ഷപണം-പട്ടിണി.

ആക്ഷപാദൻ-ന്യായശാസ്ത്രത്തെ അറിയുന്നവൻ. 'അക്ഷപാദൻ' എന്നുമാകാം. ഈ ശബ്ദം നോക്കുക.

ആക്ഷപാടികൻ-ന്യായാധിപതി. അക്ഷപാടകശബ്ദം നോക്കുക.

ആക്ഷാരണ, ആക്ഷാരണം-മൈഥുനത്തെക്കുറിച്ചു നിന്ദിച്ചുപറക. അന്യന്റെ സംസർഗ്ഗം ഹേതുവായിട്ടു് ഒരു സ്ത്രീയേയും, അന്യസ്ത്രീസംസർഗ്ഗം ഹേതുവായിട്ടു ഒരു പുരുഷനേയും നിന്ദിക്കുക. നാടെങ്ങും പരക്കുന്നതു് എന്നു ശബ്ദാർത്ഥം.

ആക്ഷാരിതൻ-മൈഥുനം ഹേതുവായിട്ടു് ഉള്ളതും ഇല്ലാത്തതുമായ ദോഷങ്ങളെ ആരോപിച്ചു നിന്ദിക്കപ്പെട്ടവൻ, ലോകാപവാദം ഹേതുവായിട്ടു ദൂഷിതനായവൻ.

ആക്ഷാരം-മൈഥുനം നിമിത്തമായ നിന്ദാവചനം.

ആക്ഷികം-ദ്യൂതകളിയിൽകിട്ടിയപണം, ദ്യൂതകളിയിൽ നഷ്ടമായ പണം.

ആക്ഷിപ്ത-വി. ആക്ഷേപിക്ക(നിന്ദിക്ക-പരിഹസിക്ക)പ്പെട്ട.

ആക്ഷീവ(ബ)ം-മുരിങ്ങ. മദിപ്പിക്കുന്നതു് എന്നർത്ഥം.

ആക്ഷേപം-൧. പരിഹാസം, നിന്ദ. ൨. വിരോധം. ൩. ചോദ്യം. ൪. കുറ്റം. ൫. ശോധന. ൬. അത്ഭുതപ്പെട്ടു ചോദിക്കുക. ൭. ഒരു അലങ്കാരം (പറഞ്ഞിട്ടും, പറയാൻ ഭാവിച്ചിട്ടും മറ്റൊന്നു ആലോചിച്ചിട്ടുവേണ്ടെന്നു വയ്ക്കുന്നതു്).

ആക്ഷേപണം-ഏറു (ഏറിച്ചൽ), ഏറിയുക.

ആക്ഷേപിക്കുക-പരിഹസിക്കുക, നിന്ദിക്കുക.

ആക്ഷോട(ഡ)ം-മലയകമരം. 'അക്ഷോടം' എന്നതു നോക്കുക.

ആഖണ്ഡലൻ-ഇന്ദ്രൻ. ശത്രുക്കളെ ഉടകെ കൊല്ലുന്നവൻ, ശത്രുക്കളെ പിളൎക്കുന്നവൻ ഇങ്ങിനെ ശബ്ദാൎത്ഥം.

ആഖനഃ—തൂമ്പം.

ആഖനികൻ-൧. കള്ളൻ. ൨. തുരന്നു മോഷ്ടിക്കുന്നവൻ. ൩. നിലം വെട്ടിക്കുഴിക്കുന്നവൻ.

ആഖനികം-൧. തൂമ്പാ. ൨. എലി, ചുണ്ടെലി. ൩. പന്നി.

ആഖരം-തൂമ്പാ, മൺവെട്ടി.

ആഖരൻ- കിളയ്ക്കുന്നവൻ, ആഖാതം-കുളം.

ആഖു-൧. എലി. പുറം തുരക്കുന്നവൻ എന്നൎത്ഥം. ൨. പന്നി. ൩. ഒരു വൃക്ഷം. ൪. കള്ളൻ. ൫. ദേവതാളി.

ആഖുകൎണ്ണിക-എലിച്ചെവിയൻ.

ആഖുഗൻ-ഗണേശൻ.

ആഖുപത്രൻ-ഗണേശൻ.

ആഖുഭുക്ക്-പൂച്ച. എലിയെ തിന്നുന്നതു് എന്നൎത്ഥം.

ആഖുരഥൻ-ഗണേശൻ.

ആഖുവാഹനൻ-ഗണേശൻ.

ആഖുവിഷഹാ-ദേവതാളിലത. ഇതു് എലി കടിച്ച വിഷത്തിനു നന്നു്.

ആഖേടം-നായാട്ടു്. ഭയപ്പെടുത്തുന്നതു് എന്നൎത്ഥം.

ആഖ്യ-൧. പേരു, നാമം. പറയപ്പെടുന്നതു് എന്നൎത്ഥം. ൨. (വ്യാകരണത്തിൽ) നാം ഏതിനെക്കുറിച്ചു പറയുന്നുവോ അതു്. ഉ-ം, കൃഷ്ണൻ പാഠം പഠിച്ചു. ഇതിൽ 'കൃഷ്ണൻ' എന്നതു് ആഖ്യ.

ആഖ്യാതം-൧. ആഖ്യയെക്കുറിച്ചു നാം എന്തുപറയുന്നുവോ അതു് ഉ-ം, 'രാമൻപഠിച്ചു' 'പഠിച്ചു' എന്നതു് ആഖ്യാതം. ൨. പറയപ്പെട്ടതു്. (ആഖ്യാനം ചെയ്യപ്പെട്ടതു്). ൩. വിളിക്കപ്പെട്ടതു്.

ആഖ്യാനം-൧. കഥ. ൨. വാക്കു്. ൩. പേരു. ൪. പറക. ൫. ഒരു സംഗതിനന്നായി പ്രസ്താവിക്കുന്നതിനു പൊതുവേ പറയുന്ന പേർ.

ആഖ്യാനകി - അൎദ്ധസമവൃത്തങ്ങളിൽ ഒന്നു്.

[വിഷമപാദങ്ങളിൽ ഇന്ദ്രവജ്രയും സമപാദങ്ങളിൽ ഉപേന്ദ്രവജ്രയും പ്രയോഗിക്കുന്നതു്.]

ആഖ്യാനിക്കുക-പറയുക.

ആഖ്യായകൻ-ചാരൻ, ദൂതൻ.

ആഖ്യായിക- കവികല്പിതമാത്രമല്ലാത്തതും പരമാൎത്ഥത്തിൽ മുഖ്യ നടന്നതുമായ കഥയെ പ്രതിപാദിക്കുന്നതു്, നോവൽ.

ഒരു യഥാൎത്ഥനോവലിന്റെ ഉദ്ദേശ്യം ഒരു സമുദായത്തിന്റെ ആചാരനടപടികളും ചില പ്രത്യേകജനങ്ങളുടെ സ്വഭാവവിശേഷങ്ങളും വിവരിക്കുകയാകുന്നു. ഏതു തരത്തിലുള്ള വായനക്കാരെയും അതു സാമാന്യമായി രസിപ്പിക്കണം. അവരെക്കൊണ്ടു് ആവശ്യംപോലെ ചിരിപ്പിക്കയും കരയിക്കയും ഇടയ്ക്കിടയ്ക്കു് ഗൌരവമായ ആലോചന ചെയ്യിക്കയും അവരുടെ ഹൃദയത്തിൽ നാനാപ്രകാരേണ ക്ഷോഭങ്ങൾ ഉണ്ടാക്കുകയും ആകപ്പാടെ അത്യന്തം തൃപ്തികരമായ ഒരനുഭവം ജനിപ്പിക്കയും ചെയ്യണം. ഇവയെല്ലാം അടങ്ങിയെങ്കിലത്രെ ഒരു യഥാൎത്ഥനോവൽ ആകയുള്ളു. ഉ-ം, 'ഇന്ദുലേഖ.'

ആഗത-വി. വന്ന, ലഭിക്കപ്പെട്ട.

ആഗതപുഷ്പി-മേത്തോന്നി.

ആഗതി-വരവു്, ലാഭം.

ആഗന്തു-൧. തന്റെ ഗ്രഹത്തിലേക്കു വന്ന അതിഥി, വിരുന്നുകാരൻ. ൨. വഴിപോക്കൻ.

ആഗന്തു(ക)-വി. വരുന്ന, പ്രാപിക്കുന്ന.

ആഗന്തുകൻ-വിരുന്നുകാരൻ, വഴിപോക്കൻ.

അന്നേരംനാഥൻ്റെവട്ടങ്ങൾകൂട്ടി
ആഗസ്കന്മാരുംവന്നിടകൂടി'
(ഹരിണീസ്വയംവരം തുള്ളൽ)

**ആഗമജ്ഞൻ**-വേദജ്ഞൻ.

**ആഗമനനാൾ** - ൧. വരവുനാൾ ൨. ക്രിസ്തുവിൻ്റെ വരവുനാൾ, ഇംഗ്ലീഷ് സഭയിൽ ആദ്യഞായറാഴ്ച.

**ആഗമനം, ആഗമം**-വരവ്.

**ആഗമം**-൧. വേദം. ൨. വരവ്. ൩. ശാസ്ത്രം. ൪. വ്യാകരണത്തിൽ പദങ്ങളെക്കൂട്ടിച്ചേർക്കുമ്പോൾ ഇടയിൽവരുന്ന വർണ്ണം.

[സാധാരണമായി ഇങ്ങനെ ചേരുന്നത് യ്, വ് എന്നിവററിൽ ഒന്നുതന്നെ ഉ-ം, ചാടി+ഓടി=ചാടിയോടി. തിരു+ഓണം=തിരുവോണം.]

൫. ചരിത്രം.

**ആഗരം**-അമാവാസ്യ.

**ആഗസ്ത്യൻ**-അഗസ്ത്യൻ. അഗസ്ത്യൻ എന്ന ശബ്ദം നോക്കുക.

**ആഗസ്സ്**-൧. പാപം.

'ആഗസ്സുണ്ടാക്കരുതവരെന്നീ
ഹന്തബോധിച്ചുസാധ്വൻ'
(മയൂരസന്ദേശം)

൨. കുററം, അപരാധം. പ്രതികൂലമായതു പ്രവർത്തിക്കുന്നത് എന്നർത്ഥം.

**ആഗസ്വി**-അപരാധി.

**ആഗളം**-കഴുത്തുവരെ.

**ആഗാഖാൻ**-മഹമ്മദീയസമുദായോദ്ധാരകൻ. സ്ഥലം. പശ്ചിമഇൻഡ്യ.

**ആഗാമി**-വി. വരുവാനുള്ള.

**ആഗാമിക**-വി. വരുവാനുള്ള.

**ആഗാരദാഹം**-വീട്ടിനുതീവയ്ക്കുക.

**ആഗാരം**-ഭവനം.

**ആഗു**-പ്രതിജ്ഞ (ഏല്ക്കുന്നത്), അംഗീകാരം. എല്ലാം അറിയുന്നത്, ഉദ്യമിക്കുന്നത്, എന്ന വ്യുൽപത്തി.

**ആഗോഷ്പദം**-ഗോഷ്പദം (അമ്പാടി-പശുക്കൾ സ്ഥിതിചെയ്യുന്നിടം)വരെ.

**ആഗ്നിക**-വി. അഗ്നിയെ സംബന്ധിച്ച, യാഗാഗ്നിയെ സംബന്ധിച്ച.

**ആഗ്നീധ്രൻ**-ഋത്വിക്ക്, യാഗാഗ്നിയെ പോഷിപ്പിക്കുന്നവൻ.

അഗ്നീധ്രാദികൾ(ഋത്വിക്കുകൾ)൧൬. ൧. അഗ്നീധ്രൻ. ൨. ബ്രാഹ്മണാച്ഛംസി. ൩. മൈത്രാവരുണൻ. ൪. ഹോതാവ്. ൫. പോതാവ്. ൬. പ്രശാസ്താവ്. ൭ അധ്വര്യു. ൮. ഗ്രാവസ്തുത്. ൯. ബ്രഹ്മൻ. (ബ്രഹ്മാവ്) ൧൦. പ്രതിഹർത്താവ്. ൧൧. സുബ്രഹ്മണ്യൻ. ൧൨. ഉൽഗാതാവ്. ൧൩. പ്രതിപ്രസ്ഥാതാവ്. ൧൪. നേഷ്ടാവ്. ൧൫. നേതാവ്. ൧൬. അച്ഛാവാകൻ. ഇവരത്രേ യാഗക്രിയ ചെയ്യുന്നവർ.

**ആഗ്നീധ്രം**-ഹോമകുണ്ഡം.

**ആഗ്നേയ**-വി. അഗ്നിയെസംബന്ധിച്ച.

**ആഗ്നേയകീടം**-ശലഭം, തീയിൽപാറി വീഴുന്ന ഈയൽ.

**ആഗ്നേയൻ**-൧. അഗസ്ത്യൻ. ൨. കാർത്തികേയൻ. ൩. അഗ്നിവന്ദനക്കാരൻ.

**ആഗ്നേയപുരാണം**-പതിനെട്ടു പുരാണങ്ങളിൽ ഒന്ന്.

**ആഗ്നേയം**-൧. സ്വർണ്ണം. ൨. കാർത്തികനക്ഷത്രം. ൩. ൧൮ പുരാണങ്ങളിൽ ഒന്ന്. ൪. ചോര. ൫. ഒരു രാജ്യം.

**ആഗ്നേയി**-൧. തെക്കുകിഴക്കേക്കോണ്. (അഗ്നിക്കോണ്) ൨. അഗ്നിയുടെഭാര്യ.

**ആഗ്നേയാൽഗാരം**-അഗ്നിപർവ്വതത്തിൻ്റെ അന്തർഭാഗത്തിൽ നിന്നും ഉയിച്ചിട്ടുള്ള ധാതുക്കൾ അതികഠിനമായ ചൂടോടുകൂടി ക്രേറർ വഴിയായി തീവ്രമായ ജലപ്രവാഹംപോലെ പുറത്തേയ്ക്കൊലിക്കുക.

[ക്രേറർ-ഇതു അഗ്നിപർവ്വതത്തിനകത്തുള്ള വസ്തുക്കളെ പുറത്തുകളയുവാനുള്ള അഗ്നിപർവ്വതത്തിൻ്റെ മുകളിൽ ഉള്ള വലുതായ ദ്വാരമാകുന്നു.]

**ആഗ്ന്യാധാനികി**-ദക്ഷിണ.

**ആഗ്രയണം, ആഗ്രായണം**-പുത്തരിയൂണ്. ബ്രാഹ്മണരുടെ ഒരു കർമ്മം.

**ആഗ്രഹം**-മോഹം, ഇഷ്ടം, ഇച്ഛ.

**ആഗ്രഹായണി**-മകീരം. അഗ്രത്തിങ്കൽ ഹായനത്തോടു (സംവത്സരത്തോടു) കൂടിയതു്. (മൃഗശീർഷനക്ഷത്രത്തോടുകൂടിയ പൌർണ്ണമിയിൽ സംവത്സരത്തിന്റെ ആരംഭത്തിൽ പുതുയുഗധ്യാനം കൊണ്ടു് ഹവിർഭാഗം ചെയ്യുന്നതിനാൽ അഗ്രത്തിങ്കൽ ഹായനത്തോടുകൂടിയതു്) നവവ്രീഹികളോടുകൂടിയതു്. മാർഗ്ഗശീർഷമാസം മുതൽക്കു വത്സരം ആരംഭിക്കുന്നതിനാൽ ഈ പേർ സിദ്ധിച്ചു.

**ആഗ്രഹായണികം, ആഗ്രഹായണം**-ധനുമാസം. അഗ്രഹായണി (മകയിരം) ഇതോടുകൂടിയ വെളുത്തവാവു് ഇതിങ്കലുള്ളതിനാൽ ഈ പേരുണ്ടായി

**ആഗ്രഹി**-ഇച്ഛയുള്ളവൻ, ആഗ്രഹമുള്ളവൻ.

**ആഗ്രഹിക**-സ്നേഹം. ൨. സഹായം.

**ആഗ്രഹിക്കുക**-൧. മോഹിക്കുക. ൨. ഇച്ഛിക്കുക.

**ആഗ്രഹിത**-വി. മോഹിക്കപ്പെട്ട, ആഗ്രഹിക്കപ്പെട്ട.

**ആഘട്ടനം**-൧. അടി. ൨. കുത്തു്. ൩. മുട്ടു്. ൪. ഉരയൽ. ൫. തേപ്പു്.

**ആഘർഷണം**-ഉരച്ചൽ. ൨. കൂട്ടിമുട്ടൽ.

**ആഘാടം**-൧. കൊല. ൨. ഒരു വാദ്യം. ൩. അതിര്.

**ആഘാടി**-ഒരു വാദ്യം.

**ആഘാതം**-൧. അടി. ൨. കടലാടി. ൩. കുത്തു്, മുറിവു്. ൪. കൊല്ലുക. ൫. കൊലസ്ഥലം.

**ആഘാരം**-വെണ്ണ, നെയ്യ്.

**ആഘൂർണ്ണനം**-ചുററൽ, ചുററിത്തിരിയൽ

**ആഘൂർണ്ണിത**-വി. ൧. തലചുററിക്കപ്പെട്ടവൾ.

'പോയ് വാഗുരികാഘൂർണ്ണിതാ'

(അമരുകശതകം)

൨. തുറിച്ചുമിഴിക്കപ്പെട്ട. ൩. ചുററിക്കപ്പെട്ട, ഉരുട്ടപ്പെട്ട.

**ആഘൃണി**-സൂര്യൻ.

**ആഘോഷം**-കോലാഹലം, ആർപ്പുവിളി.

**ആഘോഷിക്കുക**-൧. ആർപ്പുവിളിക്കുക. ൨. കോലാഹലമായി നടത്തുക.

**ആഘ്രാണം**-മണപ്പിക്കൽ.

**ആഘ്രാണിക്കുക**-മണക്കുക.

**ആഘ്രാത**-വി. ൧. മണപ്പിക്കപ്പെട്ട.

'അനാഘ്രാതം പുഷ്പം പുതുമധുവനം സ്വാദിതരസം'

(അഭിജ്ഞാനശാകുന്തളം)

൨. കവിയപ്പെട്ട.

**ആങ്ക്**-അങ്ങ്. (പ.മ.)

**ആങ്കോലം**-അങ്കോലം. (അങ്കോലശബ്ദം നോക്കുക).

**ആങ്**-അ. ഒരു ഉപസർഗ്ഗം ൧. പ്രാപ്തി. ൨. ഇച്ഛ. ൩. ബന്ധനം. ൪. ഭയം. ൫. വാക്യം. ൬. ശ്ലേഷം. ൭. അഭിവിധി. ൮. സാമ്യം. ൯. കൃച്ഛ്രം. ൧൦. ആദികർമ്മം. ൧൧. ഗ്രഹണം. ൧൨. നിലയം. ൧൩. സാമീപ്യം. ൧൪. വിക്രിയ. ൧൫. നിമന്ത്രണം. ൧൬. നിവൃത്തി. ൧൭. ആശിസ്സ്. ൧൮. ആരംഭം. ൧൯. അന്തർഭാവം. ൨൦. സ്പർശം. ൨൧. ആധിക്യം. ൨൨. ഉദ്ബോധകം. ൨൩. വിസ്മയം. ൨൪. പ്രതിഷ്ഠ. ൨൫. നിദ്ര. ൨൬. ശക്തി ൨൭. മുദ്ര. (വ്യാകരണത്തിൽ) ൧. കര, കാല്. ൨. മുതൽ ൩. വരെ, ലോപം. ൪. അതിര് എന്നീ അർത്ഥങ്ങൾ പ്രധാനം.

**ആംഗ**-വി. ൧. അവയവസംബന്ധമായ. ൨. ശരീരസംബന്ധമായ. ൩. നാടകത്തിലെ ഭാണതരം പാത്രങ്ങളെ സംബന്ധിച്ച.

ആംഗലം-ഇംഗ്ലാണ്ട്.

ആംഗലന്മാർ-ഇംഗ്ലീഷുകാർ.

ആംഗ്ലേയൻ-ഇംഗ്ലീഷു തവണ്ണർ.

ആംഗാരം-പ്ര. തീക്കൊള്ളിക്കൂട്ടം. വ. കരി, കരിക്കട്ട

ആംഗികം-പ്ര. പിരികക്കൊടി മുതലായ അംഗങ്ങളെക്കൊണ്ടു ജനിപ്പിക്കുന്നക്രിയ. പിരികക്കൊടി ഇളക്കുക മുതലായ അംഗവിക്ഷേപംകൊണ്ടു മനോഗതാൎത്ഥത്തെ പ്രകാശിപ്പിക്കുക. വ. ശരീരസംബന്ധമായത്. (വ്യാകരണത്തിൽ) അഭിധാനിയംമകങ്ങളിൽ ഒന്ന്.

ആംഗികൻ-മിഴാവടിക്കുന്നവൻ.

ആംഗേയൻ-അംഗരാജാവു്.

ആംഗം-സൌന്ദൎയ്യമുള്ള ശരീരം.

ആംഗകൻ-പ്ര. അംഗദേശനിവാസി വ. അംഗദേശത്തെ ഭരിക്കുന്ന ആൾ.

ആംഗിരസൻ-വ്യാഴൻ. അംഗിരസ്സിന്റെ പുത്രൻ, ദേവകളുടെ ആചാൎയ്യൻ.

ആംഗിരസ്സുകൾ-അംഗിരസ്സിന്റെ വംശത്തിൽ ജനിച്ച ദീൎഘതമസ്സിന്റെ പുത്രന്മാർ.

ആംഗ്യഭാഷ-കൈക്രിയ.

ആംഗ്യം-കൈ മുതലായ അംഗങ്ങളെക്കൊണ്ടു അറിയിക്കുന്ന ഭാവം, കൈക്രിയ, നവരസങ്ങളെ നടിക്കുക.

ആങ്ങള-പ്ര. ഉടപ്പിറന്നവൻ, സഹോദരൻ. ആങ്ങള><പെങ്ങൾ. നായർ സ്ത്രീകളുംമററും സഹോദരനെ ആങ്ങള എന്നു വിളിക്കുന്നു. വ. പുരുഷൻ.

ആചണ്ഡാലൻ-ബ്രാഹ്മണൻ മുതൽ പറയൻ വരെ.

ആചന്ദ്രകാലം-ചന്ദ്രൻ ഉള്ളതുവരെ.

ആചന്ദ്രതാരകം, ആചന്ദ്രതാരം-ചന്ദ്രനും നക്ഷത്രങ്ങളും ഉള്ള കാലംവരെ.

ആചന്ദ്രാൎക്കം-ചന്ദ്രനും അൎക്കനും (സൂൎയ്യനും) ഉള്ള കാലംവരെ.

ആചമനം-ബ്രാഹ്മണർ ജലംകൊണ്ടു ശരീരശുദ്ധിചെയ്യുക, വെള്ളം കുറച്ചു ഭക്ഷിക്കപ്പെടുന്നതിനാൽ ഈ പേരുണ്ടായി.

ആചമനീയം-ആചമിപ്പാനുള്ള ജലം.

ആചമിക്കുക-ജലംകൊണ്ടു ശരീരശുദ്ധി ചെയ്യുക.

ആചയം-പ്ര. കുന്നുപോലെ കൂട്ടിയതു്, കൂമ്പാരം. വ. ധാരാളം ശേഖരിച്ചതു്.

ആചയക-ശേഖരിപ്പാൻ സാമൎത്ഥ്യമുള്ള.

ആചരണം-അനുഷ്ഠാനം, നടത്തൽ.

ആചരിക്കുക-പ്ര. നടത്തുക, അനുഷ്ഠിക്കുക, ചെയ്യുക. വ. ശീലിക്കുക.

ആചരിതം-ആചരിക്കപ്പെട്ടതു്, നടന്ന.

ആചൎയ്യചൎയ്യൻ-അനുകരണീയമായ നടപടിയോടുകൂടിയവൻ.

ആചാമം-വാൎത്തകഞ്ഞി. ആചമിക്കപ്പെടുന്നതു് (ഭക്ഷിക്കപ്പെടുന്നതു്) എന്നൎത്ഥം.

ആചാമനകം-പടിക്കം, തുപ്പാനുള്ള പാത്രം.

ആചാരദീപം-ആചാരത്തിനു വെക്കുന്ന വിളക്കു്. 'നിറനാഴിയുംവിളക്കും' എന്നും മററും പ്രസിദ്ധമാണല്ലൊ.

ആചാരം-പ്ര. നടപ്പു്. വ. മൎയ്യാദ, ന. മുറ, ർ. ചട്ടം. ഒ. അനുഷ്ഠാനം.

ആചാരാനുരോധേന-ആചാരപ്രകാരം.

ആചാൎയ്യകം-പഠിപ്പിപ്പു്, പഠിപ്പിക്കുക, വാദ്ധ്യാർവേല.

ആചാൎയ്യത, ആചാൎയ്യത്വം-ആചാൎയ്യന്റെ അവസ്ഥ.

ആചാൎയ്യപത്നി-ആചാൎയ്യന്റെ ഭാൎയ്യ, ആചാൎയ്യാനി എന്നു പൎയ്യായം.

ആചാൎയ്യൻ-ഗുരു, വാദ്ധ്യാർ, ആശാൻ, പട്ടക്കാരൻ. തന്റെ ശിഷ്യജനങ്ങളെക്കൊണ്ടു ധൎമ്മങ്ങളെ ആചരിപ്പിക്കുന്നവൻ എന്നു ശബ്ദാൎത്ഥം.

ആചാൎയ്യ-സ്വയം പഠിപ്പിക്കുന്ന സ്ത്രീ, മന്ത്രവ്യാഖ്യാനം ചെയ്യുന്നവളുടെ പേർ, ആചരിക്കുന്നവൾ എന്നു ശബ്ദാൎത്ഥം.

[പണ്ടു സ്ത്രീകൾ ഉപനയനാദിസംസ്കാരവും ഗായത്രി ജപവും വേദം അഭ്യസിപ്പിക്കലും നടത്തിവന്നിരുന്നു എന്നു യമസ്മൃതി തെളിയിക്കുന്നു.]

ആചാര്യാനി-ആചാര്യന്റെ ഭാര്യ. ഇതിൽ 'ന'കാരത്തിനു ണത്വം ഇല്ല

[ആചാര്യാണി എന്നതു തെറ്റാകുന്നു. 'ന'കാരത്തിന്റെ സ്ഥാനത്തു 'ണ'കാരാദേശത്തിനു നിഷേധമുണ്ടാകയാൽ 'ആചാര്യാണി' എന്ന ശബ്ദത്തിനു ശാസ്ത്രസമ്മതിയില്ല.]

ആചിത-വി. കൂട്ടപ്പെട്ട. ൨. പരത്തപ്പെട്ട. ൩. കോർക്കപ്പെട്ട. ൪. മൂടപ്പെട്ട.

ആചിതം, ആചിതി-ഒരു വണ്ടിയിൽ കയറാവുന്ന ഭാരം, പത്തുഭാരം (പാരം) വഹിച്ചതു് എന്നു ശബ്ദാർത്ഥം.

ആചീന-വി. പത്തു ഭാരം തൂങ്ങുന്ന.

ആചൂഷണം-വലിച്ചുകുടിക്കുക, വായ്കൊണ്ടു വലിയ്ക്കുക.

ആച്ചി-ഇടയത്തി. പുല്ലിംഗം-ആയൻ.

ആച്ചിയാർ-വൈശ്യത്തി.

ആച്ച്-൧. തഞ്ചം. ൨. സൌകര്യം, തക്കസമയം.

ആച്ചുക-കനം നോക്കുക.

ആച്ഛന്നം-മറയ്ക്കപ്പെട്ടതു്.

ആച്ഛാകം, ആച്ഛുകം-ഒരുവൃക്ഷം (ആക്ഷികം).

ആച്ഛാദനം-൧. മറയ്ക്കുക. ൨. മൂടി. ൩. കപ്പായം. ൪. മറ. ൫. വസ്ത്രം. ഇതുകൊണ്ടു് ആച്ഛാദനം ചെയ്യുന്നു എന്നർത്ഥം.

ആച്ഛാദനി-൧. മറ. ൨. വസ്ത്രം.

ആച്ഛാദിക്കുക-൧. മറയ്ക്കുക, മൂടുക. ൨. ഉടുക്കുക.

ആച്ഛാദിത-വി. ൧. മറയ്ക്കപ്പെട്ട, മൂടപ്പെട്ട. ൨. ഉടുക്കപ്പെട്ട.

ആച്ഛുരിത(ക)ം- പൊട്ടിച്ചിരിക്കുക. മറ്റൊരുവന്റെ മനസ്സിനെ പിളർക്കുന്നതു് എന്നു ശബ്ദാർത്ഥം

ആച്ഛോദനം-നായാട്ടു്. ഇതിൽ മൃഗാദികൾ ആച്ഛാദിക്കപ്പെടുന്നതിനാൽ ഈ പേർ വന്നു.

ആച്ഛോടനം-ഞൊട്ടയൊടിക്കുക.

ആജകം-കോലാടിൻകൂട്ടം, ആട്ടിൻകൂട്ടം.

ആജകാരൻ-ശിവന്റെ കാള.

ആജനനം-ഉന്നതമായ ജനനം (ഉത്ഭവം)

ആജനനം-അ. ജനനം മുതൽ.

ആജന്മം-അ. ജനിച്ച നാൾതുടങ്ങി.

ആജഗവം-ശിവന്റെ വില്ലു്. 'അജഗവം' എന്നതു നോക്കുക.

ആജം-ഉരുക്കുനെയ്യ്. ൨. ആട്ടിൻപാൽ.

ആജയനം-൧. ജയം. ൨. യുദ്ധം.

ആജാനമനോഹരം-പ്രകൃത്യാതന്നെ മനോഹരം.

'രാജാനനമേതരവോദ്ധ-
മാജാനമനോരമലതികൾ'
(നളചരിതം കഥകളി)

ആജാനു-അ. മുട്ടുവരെ.

ആജാനുബാഹു-വി. കാൽമുട്ടോളം കൈകൾ നീളമുള്ള.

ആജാനം-൧. ജന്മഭൂമി. ൨. ജനനം.

ആജാനി-൧. ജനനം. ൨. വംശം.

ആജാനേയം-നല്ലജാതി കുതിര. കുതിരക്കാരന്റെ സംജ്ഞകളെ അറിയുന്നതു് എന്നു വ്യുൽപത്തി.

മറ്റൊരുപര്യായം-കുലീനം.

[എല്ലാ അശ്വലക്ഷണങ്ങളും തികഞ്ഞ ആൺകുതിരയിൽനിന്നു് ആ വിധമുള്ള പെൺകുതിരയിൽ ഉണ്ടായതായിരിക്കണം.]

ആജി-൧. യുദ്ധം.

'ആജിതന്നിൽ നിജബാഹുബലമാർന്നു-
രാജമിത്രപുത്രപാലനനിപുണൻ'
(സുഭദ്രാഹരണം കഥകളി)

൨. സമഭൂമി.

ആജിക്രിയ-ശണ്ഠ, യുദ്ധം.

ആജിശൂരൻ-യുദ്ധവിദഗ്ദ്ധൻ.

ആജീവകഫലാ-പേയത്തി.

ആജീവനാന്തം-അ. ജീവിച്ചിരിക്കുന്ന കാലം മുഴുവനും, ജനനം മുതൽ മരണം വരെ.

ആജീവം-ജീവനോപായം, ഉപജീവനം. ഇതുകൊണ്ടു ജീവിക്കുന്നു എന്നൎത്ഥം.

ആജീവ(ന)ം-പ്ര. ഉപജീവനം. വ. ഉപജീവനത്തിനുള്ള പ്രവൃത്തി.

ആജീവകൻ-ഭിക്ഷക്കാരൻ.

ആജു-പ്ര. ബലാൽക്കാരേണ നരകത്തിലിടുക എന്ന ക്രിയ. നരകദുഃഖത്തെ അനുഭവിക്കുന്നതു് എന്നൎത്ഥം. വ. നരകത്തിലിടപ്പെടുന്ന പ്രാണി. ന. കൂലികൊടുക്കാതെ വേലയെടുപ്പിക്കുക.

ആജീവിക-ജീവനോപായം.

ആജ്യം-നെയ്യ്. അന്നത്തിൽ ഒഴിപ്പാൻ യോഗ്യം എന്നു ശബ്ദാൎത്ഥം. മററു പൎയ്യായങ്ങൾ-ഘൃതം, ഹവിസ്സ്, സൎപ്പിസ്സ്.

ആജ്ഞ-കല്പന. നല്ലവണ്ണം അറിവുകൊടുക്കുന്നതു് എന്നു ശബ്ദാൎത്ഥം. മററു പൎയ്യായങ്ങൾ അവവാദം, നിൎദ്ദേശം, നിദേശം, ശാസനം, ശിഷ്ടി. ആജ്ഞയുടെ തത്ഭവം-ആണ.

ആജ്ഞപ്തി-കല്പന.

ആജ്ഞാകരൻ-ഭൃത്യൻ. ആജ്ഞയെ ചെയ്യുന്നവൻ എന്നൎത്ഥം.

ആജ്ഞാകാരിണി-വേലക്കാരി.

ആജ്ഞാചക്രം-ആറാധാരങ്ങളിൽ ഒന്നു്.

ആജ്ഞാപക-വി. കല്പിക്കുന്ന, കല്പന കൊടുക്കുന്ന.

ആജ്ഞാപത്രം-കല്പന എഴുതിയ കടലാസ്.

ആജ്ഞാപനം-കല്പന.

ആജ്ഞാപിക്കുക-കല്പിക്കുക.

ആജ്ഞാഭംഗം-കല്പനയ്ക്കു വിരോധം.

ആജ്ഞാപിത-വി. കല്പിക്കപ്പെട്ട

ആജ്ഞാപ്രതീക്ഷി-ആജ്ഞയെ കാത്തു നിൽക്കുന്നവൻ. സ്ത്രീലിംഗം-ആജ്ഞാപ്രതീക്ഷിണി.

ആജ്ഞാവശംവദൻ-ആജ്ഞയെ അനുസരിക്കുന്നവൻ.

ആജ്ഞാവശീകൃതൻ-വരുതി കേൾക്കുന്നവൻ.

ആജ്ഞാവഹൻ-വേലക്കാരൻ.

ആജ്ഞാവിധേയ-വരുതികേൾക്കുന്ന.

ആജ്യാഹുതി-ആജ്യംകൊണ്ടുള്ള ഹോമം

ആഞ്ചുക-മുന്നോട്ടു ചാടുക, ആയുക.

ആഞ്ഞിലി, ആഞ്ഞലി-അയനിമരം. 'അയനി' എന്നതു നോക്കുക. അയണി എന്നും പറയാറുണ്ടു്. ഇതിന്റെ പഴം വളരെ നിന്ദ്യമാണ്.

ആട-വസ്ത്രം (മുഖ്യമായി സ്ത്രീകളുടേതാണ്) കുട്ടികൾ വിശേഷദിവസങ്ങളിൽ ഉടുക്കുന്ന വസ്ത്രത്തിനു 'ചിററാട' എന്നാണു പേർ.

ആടകം-ഒരളവു്.

ആടരൂഷകം-ആടലോടകം. 'അടരൂഷം' നോക്കുക.

ആടൽ-പ്ര. ഉൾക്കണ്ഠ.

'കൃഷ്ണുടെക്കാരയുമതിനു
ലംഘനീയന്തികേചെ-
ന്നാടൽക്കെല്ലാമവതിയുളവാ
ക്കേണമെൻക്ഷേമമോതി'

(മയൂരസന്ദേശം)

വ. വ്യസനം, ദുഃഖം. ന. ആട്ടം (ആടുക) ചാഞ്ചാട്ടം, അനക്കം. ൎ. ഇളക്കം. ൟ. ഊഞ്ഞാലാട്ടം.

ആടലോടകം-ഒരു പച്ചമരുന്നു്. പൎയ്യായങ്ങൾ-വൈദ്യമാതാവു്, സിംഹി, വാശിക (വാസിക), വൃഷം, അടരൂഷം (ആടരൂഷം), സിംഹാസ്യം, വാസകം (വാശകം), വാജിദന്തകം-വ. ഇതിന്റെ വേരു ചൎദ്ദിക്കു വിശേഷം. ആടലോട

കം ഔഷധിക്കു പച്ചയായിരിക്കണം. ഛർദ്ദി, കാസം, രക്തപിത്തം ഇവയെ ശമിപ്പിപ്പാൻ പ്രധാനം. ഇതിന്റെ ഇല ശീതമാണ്, രസം തിക്തം പാകത്തിൽ കടു ഗ്രാഹിയാണ്. വാതമൂവും കഫപിത്തങ്ങളിളുമാകുന്നു.

ആടി-കർക്കടകമാസം.

ആടിമാതങ്ങൾ-മഴക്കാലം. (പ-മ)

ആട്-ഒരു നാല്ക്കാലിമൃഗം.

[മലയാട്, വരയാട്, കോലാട്, വെള്ളാട്, പള്ളാട്, ചെമ്മരിയാട് ഇങ്ങിനെ പലവിധമാകുന്നു. അജ, ഛാഗി ൨-ം, പെൺകോലാട്ടിന്റെ പേർ. സ്തഭം, ഛാഗം, ബസ്തം, ഛഗലകം, അജം ൫-ം, കോലാടിന്റെ പേർ. മേഢ്രം, ഉരഭ്രം, ഉരണം, ഊർണ്ണായു, മേഷം, വൃഷ്ണി, ഏഡകം ൭ ം, കുറിയാടിന്റെ പേർ. അജ, ഛാഗി ഇവ വെളുത്ത പെണ്ണാടിന്റെയും സ്തംഭാദി ൫-ം, വെളുത്ത ആണാടിന്റെയും മേഢ്രാദി ൭-ം, ചെമന്ന ആടിന്റെയും പേരെന്നു ചിലരുടെ പക്ഷം.]

[പെരു (Peru) ദേശത്തിൽ മൃദുവായ നീണ്ട രോമങ്ങളോടുകൂടിയ ഒരു വകവെളുത്ത ആടുണ്ട്. അതിനുപേർ Alpaca (അല്പക്കാ) എന്നു പറയുന്നു പടം നോക്കുക.]



ആടുക-അങ്ങോട്ടും ഇങ്ങോട്ടും മാറി മാറിപ്പോവുക, തൂങ്ങുക, അലയുക ദ. കളിക്കുക (നാടകം ആടുക). ന. മുഴുകുക, (തീർത്ഥമാടുക), നായാടുക, എണ്ണയാടുക.

ആടുതീണ്ടാപ്പാറ, ആടുതൊടാപ്പാല-ഒരു ചെടി, വേലിപ്പരുത്തി.

ആടുമാട്-കന്നുകാലി.

ആടേറാപ്പാല-ആട്ടുകൊട്ടപ്പാല.

ആടോപം-ഗർവ്വം.

'സാടോപംവികടഗംഭീരഗർജ്ജനോഗ്രം'
(അംബരീഷചരിതം കഥകളി)
ദ. ആഡംബരം. (സംസ്കൃതത്തിൽ) സമാംസമീന എന്നു പേർ.

ആട്ട-ആണ്ട്. ഉ-ം ആട്ടപ്പിറന്നാൾ, ആട്ടവേലി ഇത്യാദി.

ആട്ടക്കഥ-കേരളത്തിൽ അഭിനയയോഗ്യമായ ഒരുതരം പ്രാചീനകൃതി. ഇതു ഇവിടെ നടപ്പായിട്ടു എട്ടു ശതവർഷം കഴിഞ്ഞിരിക്കും. (കഥകളി എന്നതു നോക്കുക).

ആട്ടക്കന്നി-ആണ്ടിൽ ആണ്ടിൽ പെറുന്ന പശു.

ആട്ടക്കാരത്തി-ആടുന്നവൾ, വേഷംകെട്ടി കളിക്കുന്നവൾ. പര്യായങ്ങൾ-നർത്തകി, ലാസിക.

ആട്ടങ്ങ-കാട്ടുവെള്ളരിക്ക.

ആട്ടപ്പിറന്നാൾ-ആണ്ടുതോറും വരുന്ന പിറന്നാൾ.

ആട്ടാ-കളി കഥകളി, രാമനാട്ടം.

ആട്ടവിശേഷം-ആണ്ടുതോറും വരുന്ന വിശേഷദിവസം, പെരുനാൾ.

ആട്ടിക്കടിയൻ-കടകൻ(നായാട്ടുപേർ).

ആട്ടിടയൻ-ആട്ടിനെ മേയ്ക്കുന്നവൻ, പര്യായങ്ങൾ-ജാബാലൻ, അജജീവൻ.

ആട്ടിങ്കല്ല്-ഗോരോചന.

ആട്ടിനറുങ്ങനം- പരണയപ്പെടുത്തിയ ഉപ്പാൾ. (പ-മ)

ആട്ടിൻകുട്ടി-ആട്ടിന്റെകുട്ടി, കുഞ്ഞാട്.

ആട്ടിൻകൊമ്പ്-ആട്ടിന്റെ കൊമ്പ്. ഇതു കണ്ണിന്നുപയോഗം.

ആട്ടിൻപല്ല്-ആട്ടിന്റെ പല്ല്. കണ്ണിന്നൗഷധം.

ആട്ടിൻപാൽ-ആട്ടിന്റെ പാല്.

ആട്ടിൻപിഴുക്ക-ആട്ടിന്റെ കാഷ്ഠം (മലം).

ആട്ടിൻപെട്ടി-ആട്ടിന്റെ തൊഴുത്ത്.

ആട്ടിൻരോമം-ആട്ടിന്റെ രോമം.

ആട്ടുക-ചെക്കിലിട്ടു ഞെക്കി എണ്ണ എടുക്കുക. 2. ഇളക്കുക. 3. പുറത്തുപോയ്പ്പോകുക എന്നും മററും കോപത്തോടു പറക, അലക്ഷ്യമാക്കുക. 4. അങ്ങുമിങ്ങും ആടുന്നതിന് ഇടയാക്കുക.

ആട്ടുകട്ടിൽ-ഊഞ്ഞാൽകട്ടിൽ, തൊട്ടി.

ആട്ടുകല്ല്-കഴിയുള്ളതും പലഹാരം മുതലായവയ്ക്ക് അരിയും മററും ആട്ടുന്നതുമായ ഒരു പണിചെയ്ത കല്ല്.

ആട്ടുകൊട്ടപ്പാല, ആട്ടുകൊട്ടമ്പാല-ആടുതിന്നാപ്പാല, ആടേറാപ്പാല. വെലിപ്പരുത്തി എന്നു ചിലർ പറയുന്നു. പര്യായങ്ങൾ, അജശൃംഗി, വിഷാണി.

[ഇതു വിഷഹരമാണ്. സന്നിപാതത്തിനു നന്ന്. വാതം, ജ്വരം, ഗുന്മം, ശൂല, അഷ്ഠീല, മഹോദരം, അഗ്നിമാന്ദ്യം, ചെവിവേദന, വ്രണം ഇവയ്ക്കു നന്ന്. മഞ്ഞപ്പൂവുള്ളത് കണ്ണിനു ഹിതം]

ആട്ടുകൊററൻ-മുട്ടാട്, ആണാട്.

ആട്ടുനാറിവേള-വേള, നായർവേള. പര്യായങ്ങൾ-ബർബരം, കബരി, തുംഗി, ഖരപുഷ്പം, അജഗന്ധിക.

ആട്ടെ-(ഒരു പ്രധാന വ്യാക്ഷേപകം) അനുസരിച്ചു പറക.

ആഡംബരം-പ്ര. അലങ്കാരം. 2. കോലാഹലം. 3. വാദ്യഘോഷം. 4. ആനയുടെ അലച്ച. 5. ആരംഭം. 6. അഹംഭാവം. 7. ഉദ്ധാരത്തിലും ഉൽവസനത്തിലും പെരുമ്പറകൊട്ടുക വൃത്തിയും ആഹാരം ചെയ്യണമെന്നു 'ആവശ്യം.' അതിനു സദ്യയുടെ വട്ടങ്ങളും വേണമെന്നു 'ആഡംബരം'

ആഢകം-നാലിടങ്ങഴിക്കൊപ്പം നടപ്പുള്ളതു് എന്നു ശബ്ദാർത്ഥം. മരക്കാലിനും പറയാറുണ്ട്.

ആഢകി-പ്ര. തുവരപ്പയറ. ആഢകം(മരുവപാത്രം) കൊണ്ട് അളക്കുന്നതിനാൽ ഈ പേർ വന്നു. ഇളകിക്കൊണ്ടിരിക്കുന്നതു് എന്നുമാകാം. 2. കാട്ടുപയറ്. 3. മണമുള്ള മണ്ണ്. 4. പാവ്.

ആഢകികം-നാലിടങ്ങഴി വിത്തുവിതയ്ക്കുന്ന സ്ഥലം.

ആഢ്യ-വി. പ്ര. ധനമുള്ള, സമ്പത്തുള്ള. 2. ശ്രേഷ്ഠമായ.

ആഢ്യൻ-പ്ര. ധനവാൻ. സമം ധ്യാനിച്ചുകൊണ്ടിരിക്കുന്നവൻ എന്നു ശബ്ദാർത്ഥം. മററു പര്യായങ്ങൾ-ധനി, ഇഭ്യൻ. 2. ശ്രേഷ്ഠൻ. 3. അഷ്ടഗൃഹക്കാരിൽ ഒരാൾ (അഷ്ടഗൃഹക്കാർ-ബ്രാഹ്മണരിൽ ശ്രേഷ്ഠതയുള്ള ഒരു സംഘക്കാർ). 4. പ്രഭു.

'പരിവാരങ്ങളും ഭൂതങ്ങളും
പിശാചങ്ങളുമനേകം
നിസ്രൂപാഢ്യൻ താനെ-
ന്നുണ്ടൊരു ഭാവമുള്ളിൽ'
(ദക്ഷയാഗം കഥകളി)

ആൺ-ആണ് (പുരുഷൻ).

ആണ-ശപഥം, സത്യം.

ആണകൻ-മാത്സ്യാചാരകലാദികളെക്കൊണ്ടു നിന്ദിക്കപ്പെട്ടവൻ. 'അണക'ശബ്ദം നോക്കുക.

ആണത്തം-പ്ര. പുരുഷന്റെ അവസ്ഥ, പുരുഷത്വം. 2. ധീരത.

'ആണത്തം നടിച്ചുവരേണ്ടാ പണ്ടെല്ലാരും
(ഹിഡിംബവധം തുള്ളൽ) [ദ്രാ'

ആണം-പ്ര. ചാറ്. ഉ-ം, ആട്ടണം, കോഴിയാണം. 2. സൂപ്പ (ഇറച്ചിച്ചാറ) 3. കഴമ്പ്. ആണം >< കാണം.

ആണി-പ്ര. ഇരിമ്പ്, മരം മുതലായവകൊണ്ടു മുനകൂർപ്പിച്ച് തറയ്ക്കാനായി ഉണ്ടാക്കുന്ന വസ്തു. ഉ-ം, പട്ടിയാണി, കടയാണി. 2. പൊന്നിന്റെ മാററ് ഉരച്ചുനോക്കുന്നതിനു പോന്നതുകൊണ്ടുണ്ടാക്കുന്നതു്. 3. പാദ (കാൽ) യിൽ അക

ത്തിരിക്കുന്ന (ആണി) കല്ലൻ ൪. മററെല്ലാം ആശ്രയിച്ചുനില്ക്കുന്ന ഒരു ആപ്പ്. ൫-ം, കണ്ണൻ കൌരവൎക്ക് ഒരാണിയാണ്.

ആണിക്കണ്ണി-ഒരു വക മത്സ്യം.

ആണിക്കൂട്ടം-മാററിവാൻ പലതരത്തിൽ സ്വൎണ്ണംകൊണ്ടുണ്ടാക്കിയ സ്വൎണ്ണശകലങ്ങൾ.

ആണിപ്പൊന്ന്-മാററുകൂടിയ പൊന്ന്.

ആണിമാണ്ഡവ്യൻ-ഒരു ഋഷി. (അണിമാണ്ഡവ്യൻ എന്നതു നോക്കുക.)

ആണില്ലക്കാർ-ഭൎത്താവിന്റെ ബന്ധുക്കൾ.

ആണ്ട, ആണ്ടൽ-മുള, തളിർ.

ആണ്ടങ്ങ, ആട്ടക്ക-കാട്ടുവെള്ളരിക്ക.

ആണ്ടൽ, ആണ്ടാൽ-ഇല്ലിക്കൂമ്പ്, മുളംകൂമ്പ്.

ആണ്ടാൻമുള-മുളംകൂമ്പ്.

ആണ്ടി-പു. സുബ്രഹ്മണ്യന്റെ ഭക്തൻ. ൨. പണ്ടാരം. ൩. മോക്ഷത്തിനായിട്ട് ഇരന്നുനടക്കുന്നവൻ.

ആണ്ടിയാട്ടം-പു. പണ്ടാരങ്ങൾ ഹനുമാന്റെ മുഖം വെച്ചുകെട്ടി ആടുക. ഈ പണ്ടാരത്തിനെ സാധാരണ 'ഹനുമാൻ പണ്ടാരം' എന്നു വിളിക്കുന്നു. ൨. ഒരു വിധം കളി.

'ആണ്ടിയാട്ടവുമായുധക്കളി
പാഠകം പല ചാട്ടവും'
(സഭാപ്രവേശം തുള്ളൽ)

ആണ്ടിയൂട്ട്-പണ്ടാരങ്ങൾക്കു ഭക്ഷണം കൊടുക്കുക.

ആണ്ട്-സംവത്സരം (പു. മാസം) പൎയ്യായങ്ങൾ-സംവത്സരം, വത്സരം, അബ്ദം, ഹായനം, ശരത്ത്, സമകൾ.

'വത്സരംമുന്നൂറററുപത്തഞ്ചുകാലമപ്പോൾ
മാനുഷൎക്കാണ്ടൊന്നു ദേവകൾക്കഹോരാത്രം'
(ഭാഗവതം)

ആണ്ടുപൂണ്ടു വന്നണഞ്ഞു (ആണ്ടുപൂണ്ടകം-വന്നണയുക.)

ആൺപാട്ട്-പു. പുരുഷന്റെ പ്രവൃത്തി. ൨. ആൺപിറന്നവൻ, പുരുഷൻ.

ആണ്മ-ആണത്തം, ധീരത.

'ആണ്മതിരണ്ടൊരനന്തമുഖൻ'
(കൃഷ്ണഗാഥ)

ആണ്മുറി-തെങ്ങോലയുടെകീഴ്പകുതിഭാഗം.

ആതങ്കം-പു. രോഗം. ൨. ദുഃഖം. ൩. ഭയം. വളരെ കഷ്ടതയിൽ ജീവിക്കുക എന്നൎത്ഥം.

ആതഞ്ചനം-പു. പാലിൽ ഉറവീഴ്ത്തുക, കഷായത്തിൽ മെഴുകൂട്ടി ചേൎക്കുക, എണ്ണയിൽ കല്ക്കം ചേൎക്കുക ഇത്യാദി. ൨. സന്തോഷിപ്പിക്കുക. ൩. വേഗം. കൂടിച്ചേരുക എന്നു ശബ്ദാൎത്ഥം. ൪. ഭോജനാദികൾ നീററന്ന പൊടി.

ആതത-വി. വിസ്താരമുള്ള, പരന്ന.

ആതതായി-പു. കൊല്ലാൻഒരുമ്പെട്ടവൻ, വൎമ്മകവചാദികളെക്കൊണ്ടു സന്നദ്ധനായിട്ടു ശത്രുവിനെ കൊല്ലുന്നതിന്നു തയ്യാറായി പുറപ്പെട്ടവൻ. ൨. കള്ളൻ. ൩. കവൎച്ചക്കാരൻ. സ്ത്രീലിംഗം-ആതതായിനി

ആതനം-പു. കാഴ്ച. ൨. വിസ്താരം, വ്യാപനം.

ആതപത്രം-പു. വെൺകൊററക്കുട. ആതപത്തിൽനിന്നു ത്രാണംചെയ്യുന്നതു (രക്ഷിക്കുന്നതു) എന്നൎത്ഥം. ൨. കുട.

ആതപനൻ-ശിവൻ.

ആതപം-വെയിൽ. എല്ലാടവും(എങ്ങും) തപിപ്പിക്കുന്നതു എന്നു ശബ്ദാൎത്ഥം. പ്രകാശമാത്രത്തിനും(നിലാവിനും)പറയാമെന്നു അഭിപ്രായം കാണുന്നു. ചന്ദ്രാതപപ്രയോഗങ്ങളും കാണുന്നുണ്ട്.

'ആതപംമഴമഞ്ഞതൊന്നുമറിയാതെ'
(അന്യാപദേശശതകം)

ആതപവാരണം-കുട. വെയിലിനെ തടുക്കുന്നതു എന്നു ശബ്ദാൎത്ഥം.

ആതപീയ-വെയിൽതട്ടുന്ന, വെയിലുള്ള.

ആതരം-തോണിക്കൂലി, കപ്പൽകൂലി. ജലമാർഗ്ഗസഞ്ചാരത്തിൽ കടത്തുന്ന സാധനംകൊണ്ടു നടക്കുന്നവർക്കു കൊടുക്കുന്ന കൂലി. ഇതുകൊണ്ടു തോണികടപ്പാൻകഴിയുന്നതിനാൽ ഈ പേർ വന്നു.

'ഭരേസ്സമസൌമിത്രിമൈത്രീമയമുപകൃതവാ
നാതരം നാവികായ' (മുരാരി)

ആതാപി, ആതായി-അളിക്കൺ കതവി. തന്റെ കൂട്ടരെ രക്ഷിക്കുന്നതു്. മറ്റൊരു പര്യായം-ചില്ലം; മലംകരികിൽ, പരന്തു് ഇങ്ങിനെയും പറയുന്നു.

ആതാമ്ര-വി. ചെമ്പിച്ച നിറമായ, കറച്ച ചെമന്ന.

ആതായി-ഒരു പക്ഷി. (ആതാപി നോക്കുക).

ആതാളിക്ക-വിളിച്ചുബഹളം കൂട്ടുക.

ആതി-പൊന്മാൻ, ഒരു പക്ഷി.

ആതിച്ചനല്ലൂർ-തിരുവിതാംകൂറിൽ കൊല്ലം താലൂക്കിലേ ഒരു പകുതി.

ആതിഥ്യം-അതിഥിക്കായുള്ള അന്നാദി അതിഥിസൽക്കാരരൂപമായ ക്രിയക്കു വിശേഷിപ്പിയ്ക്കും, അതിഥിസൽക്കാരം.

'ആതിഥ്യേനനിമന്ത്രിച്ചുടനേ'
(അംബരീഷചരിതം കഥകളി)

ആതിഥ്യ, ആതിഥേയ-വി. അതിഥികളെ സൽക്കരിക്കുന്നതിന്ന യോഗ്യമായ.

ആതിര-തിരുവാതിരനക്ഷത്രം.

ആതു-പൊങ്ങുതടി, ചങ്ങാടം.

ആതുര-രോഗമുള്ള. വ. പാരവശ്യമുള്ള.

ആതുരൻ-പ്ര. രോഗി. വ. പരവശൻ. രോഗശാന്തിക്കായി ബന്ധപ്പെടുന്നവൻ എന്നു ശബ്ദാർത്ഥം.

ആതുരത-പ്ര. രോഗിയുടെ അവസ്ഥ വ. പരവശത.

ആതുരശാല-ആസ്പത്രി.

ആതുളി-ശബ്ദം, മുഴക്കം. തമിഴിൽ-ആതളി.

ആതോദ്യം-വീണ മുതലായ തതവാദ്യത്തിന്റെയും, മുരജംമുതലായ ആനദ്ധവാദ്യത്തിന്റെയും, വംശാദിയായ സുഷിരവാദ്യത്തിന്റെയും, കാംസ്യതാളാദിയായ ഘനവാദ്യത്തിന്റെയും സാമാന്യമായ പേർ. എങ്ങും അടിക്കപ്പെടുന്നതു് എന്നു ശബ്ദാർത്ഥം.

[തതം-വീണ മുതലായ വാദ്യങ്ങൾ. സുഷിരം-ഓടക്കുഴൽ മുതലായ വാദ്യങ്ങൾ. ഘനം-ഓട്ടുകൊണ്ടുണ്ടാക്കപ്പെട്ട താളക്കൂട്ടമുതലായതു്. കാംസ്യം-ഓട്ടുകൊണ്ടുണ്ടാക്കിയതു്.]

'തതം വീണാദികം വാദ്യ
മാനദ്ധം മുരജാദികം
വംശാദികന്തുസുഷിരം
കാംസ്യംതാളാദികംഘനം' (അമരം)

ആത്ത-വി. പ്ര. പ്രാപിച്ച. വ. എടുക്കപ്പെട്ട (ആ+ദത്ത).

ആത്ത-ഒരു വൃക്ഷം.

ആത്തഗന്ധ-വി. പ്ര. സുഗന്ധമുള്ള. വ. താഡിക്കപ്പെട്ട.

ആത്തഗന്ധ, ആത്തഗവ-വി. പരിഭവിക്കപ്പെട്ട, മറ്റൊരുത്തനാൽ ഗർവ്വം നശിപ്പിക്കപ്പെട്ട.

ആത്തഗവൻ, ആത്തഗന്ധൻ-മറ്റൊരുത്തനാൽ ഗർവ്വം നശിപ്പിക്കപ്പെട്ടവൻ. ഇവിടെ ഗന്ധശബ്ദത്തിന്ന 'ഗർവ്വം' എന്നർത്ഥം. ആത്തഗവൻ എന്നതിന്ന ഗർവ്വത്തെ കളഞ്ഞവൻ എന്നു ശബ്ദാർത്ഥം.

'ഗന്ധോഗന്ധകആമോദ
സംബന്ധാലേശഗർവ്വയോഃ' (വിശ്വം)

ആത്തഗർവ്വ-വി. അഹംഭാവമുള്ള.

ആത്തചാപൻ-ആത്ത (എടുക്കപ്പെട്ട) ചാപത്തോടു (വില്ലോടു) കൂടിയവൻ.

'മൃഗമതിരനുയാത്തചാപപാണി'
(അഭിജ്ഞാനശാകുന്തളം)

**ആത്തമോദ**-വി. സന്തോഷമുള്ള.

**ആത്തിറം**-പരിഭ്രമം.

**ആത്തോല്**-നംപൂരിമാരുടെ സ്ത്രീകൾ. (ആത്തോൽ = അകത്തെ അവൾ.)

**ആത്മാ**-൧. ആത്മാവ്. സ്വകൎമ്മഫലത്തെ അനുഭവിക്കുന്നവൻ, എല്ലായ്പോഴും സഞ്ചരിച്ചുകൊണ്ടിരിക്കുന്നവൻ ഇങ്ങനെ ശബ്ദാൎത്ഥം. മറ്റുപൎയ്യായങ്ങൾ-ക്ഷേത്രജ്ഞൻ, പുരുഷൻ. ൨. ജീവാത്മാവ്. ൩. പ്രയത്നം. ൪. ധൈൎയ്യം. ൫. ബുദ്ധി ൬. സ്വഭാവം. ൭. ബ്രഹ്മം. ൮. ശരീരം. ൯. വേദം. ൧൦. സ്വരൂപം. ൧൧. അഗ്നി. ൧൨. വായു. ൧൩. പുത്രൻ. ൧൪. പരമാത്മാവ്. ൧൫. മനസ്സ്. ൧൬. ബോധം. ൧൭. താൻ. ൧൮. ആദിത്യൻ

**ആത്മകൎമ്മം**-തന്റെ പ്രവൃത്തി.

**ആത്മഗതം**-മനസ്സിൽ വിചാരിക്കുക. നാടകങ്ങളിൽ കാണുന്ന ഈ ആത്മഗതം എന്ന ശബ്ദത്തിന്റെ വിരുദ്ധപദം 'പ്രകാശം'.

**ആത്മഗുപ്ത**-നായ്ക്കുരണ. തന്നെത്താൻ രക്ഷിക്കുന്നതു് എന്നു ശബ്ദാൎത്ഥം.

**ആത്മഗുപ്തി**-ഞാടക്കാ.

**ആത്മഘാതകൻ, ആത്മഘാതി**-തന്നെത്താൻ കൊല്ലുന്നവൻ.

**ആത്മഘോഷം**-൧. കാക്ക. 'കാകാ' എന്നിങ്ങനെ തന്നെത്താൻ ഘോഷിക്കുന്നതു് എന്നൎത്ഥം. ൨. പൂവൻകോഴി.

**ആത്മജൻ, ആത്മജന്മാ**-പുത്രൻ. ആത്മാവിങ്കൽനിന്നു ജനിക്കുന്നവൻ എന്നു ശബ്ദാൎത്ഥം.

**ആത്മജ**-പുത്രി.

**ആത്മജാതൻ**-പുത്രൻ. സ്ത്രീലിംഗം-ആത്മജാത.

**ആത്മജ്ഞാനം**-പരമാൎത്ഥമായമോക്ഷഅറിവ്.

'ക്രമത്താലാത്മാവിങ്കവിലകൾക്കെല്ലാം
സമൎപ്പിച്ചിരിക്കുമ്പോളരിക്കമാത്മജ്ഞാനം'
(ഭാഗവതം)

**ആത്മതത്വം**-തന്റെ പരമാൎത്ഥം.

**ആത്മദമനം** - തന്നെത്താനടക്കുന്നുള്ള ശീലം.

**ആത്മനിയമനം**-തന്നെത്താൻ അടക്കുക

**ആത്മപരിത്യാഗം**-തന്നെക്കൂടി ഉപേക്ഷിക്കയെന്നുള്ള സ്ഥിതി.

**ആത്മപ്രശംസ**-തന്നെത്താൻസ്തുതിക്കുക.

**ആത്മബഹുമതി**-സ്വാഭിമാനം.

**ആത്മബോധം**-തന്നെത്താനുള്ളഅറിവ്

**ആത്മഭവൻ**-പുത്രൻ.

**ആത്മഭൂവ്**-ആത്മാവിങ്കൽനിന്നുണ്ടായ.

**ആത്മഭൂവ്**-൧. ബ്രഹ്മാവ്. തന്നെത്താനുണ്ടായവൻ, പരമാത്മാവിങ്കൽനിന്നുണ്ടായവൻ എന്നൎത്ഥം. ൨. കാമദേവൻ. തന്നെത്താൻ പ്രകാശിക്കുന്നവൻ, മനസ്സിൽ ജനിക്കുന്നവൻ എന്നു ശബ്ദാൎത്ഥം. ൩. വിഷ്ണു ൪. ശിവൻ. ൫. പുത്രൻ.

**ആത്മംഭരി**-തന്റെ വയറുമാത്രം നിറയ്ക്കുന്നവൻ, ആത്മാവിനെ ഭരിക്കുന്നവൻ എന്നു ശബ്ദാൎത്ഥം. മറ്റൊരുപൎയ്യായം-കുക്ഷിംഭരി.

**ആത്മരുചി**-തന്റെആശ.

**ആത്മയോനി**-൧. ബ്രഹ്മാവ്. ൨. വിഷ്ണു. ൩. ശിവൻ. ൪. കാമദേവൻ.

**ആത്മവത്ത്**-ബുദ്ധിയുള്ള, അടക്കമുള്ള.

**ആത്മവിചാരം**-തന്നെത്താൻ അറിയുക.

**ആത്മവിത്ത്**-ആത്മജ്ഞൻ, ജ്ഞാനി.

[ആത്മാ=ആത്മാവ് എന്നതത്വം, ജീവാത്മാവ്, പരമാത്മാവ് ഇങ്ങിനെ രണ്ടുവിധം വ്യവഹരിക്കപ്പെടുന്നതായും ആത്മാവെന്നു സാധാരണമായ പേരോടുകൂടിയതായിരിക്കുന്ന വസ്തു എന്നു സാരം.) വേദിക്ക = വിചാരിക്ക. ഉപാസകം പ്രയാസിയായ ബോധത്തിനായി യത്നിച്ചുവരുന്നവൻ എന്നു സാരം.

**ആത്മസംഭാവന**-തന്നെക്കുറിച്ചുള്ള ബഹുമാനം, തന്നെക്കുറിച്ചുള്ള അഭിമാനം.

**ആത്മസംയമനം**-ആത്മാവിനെ വഴിപോലെ അടക്കുക, മനസ്സിലുണ്ടാകുന്ന ദുർവിചാരങ്ങളെ അടക്കുക.

ആത്മസംയമനംനിത്യംചെയ്തീടുന്നമഹാമതി
രാജ്യംപിടിച്ചടക്കുന്നവീരനെക്കാളുമുത്തമൻ
(സുഭാഷിതരത്നാകരം)

**ആത്മഹത്യ**-ം. തന്നത്താൻകൊല്ലുക. ഉ. ശിക്ഷാനിയമപ്രകാരമുള്ളഒരു കുററം.

[ആത്മഹത്യചെയ്യാൻ ഉത്സാഹിപ്പിക്കുന്നതിന്നു പത്തുകൊല്ലത്തെ രണ്ടിൽ ഏതുവിധമെങ്കിലുമായ തടവുവിധിക്കേണ്ടതുകൂടാതെ, പിഴയുംകൂടി വിധിക്കാം. തിരുവിതാംകൂർ ശിക്ഷാനിയമം വകുപ്പു ൩൦൬. ആത്മഹത്യചെയ്യാൻ ശ്രമിക്കുന്നതിന്നു ഒരു കൊല്ലത്തെ വെറുംതടവോ പിഴയോ രണ്ടും കൂടിയോ വിധിക്കാം. തി-ശി-നി വകുപ്പു ൩൦൯.]

**ആത്മാത്ഥ**-വി. തനിക്കുവേണ്ടിയുള്ള.

**ആത്മാനുരൂപൻ**-തനിക്കുചേർന്നവൻ.

**ആത്മാവബോധം**-തന്നെപ്പററിയുള്ളഅറിവു്.

**ആത്മാരാമൻ**-ം. ആത്മാവിന്നു ആരാമമായുള്ളവൻ. ഉ. സകലജീവനും തന്നിൽതന്നെ രമിക്കുന്നവൻ.

**ആത്മാത്ഥം**-ം. സ്നേഹം. ഉ. യഥാർത്ഥം ൩. മനഃപൂർവം.

**ആത്മീയം**-സ്വന്തം, തനിക്കുള്ളതു്, തന്നെ സംബന്ധിച്ചതു്.

**ആത്മോദയം**-തന്റെ വൃദ്ധി.

**ആത്മോചിതം** - തനിക്കുചിതമായിട്ടുള്ളതു്.

**ആത്യന്തികം**-ം. നിലനില്ക്കുന്നതു്. വിശേഷണം-താല്ക്കാലികം. ഉ. അത്യധികമായ. ൩. ഇടവിടാതുള്ള, തുടച്ചയായ, അവസാനമില്ലാത്ത. ൪. അമിതമായ. ൫. പൂർണ്ണമായ. ൬. അതിപ്രാപ്യമായ.

**ആത്രേയൻ**-അത്രിയുടെ പുത്രൻ.

**ആത്രേയി**-ം. തീണ്ടായിരിക്കുന്നവൾ. ആത്രേയമഹർഷിയുടെ പത്നിയായ ആത്രേയിയെപ്പോലെ ഗമിച്ചുകൂടാത്തവൾ എന്നർത്ഥം.

[ഋതുവായാൽ ൪ ദിവസം കഴിഞ്ഞേ ഗമിക്കാൻ പാടുള്ളൂ. അല്ലെങ്കിൽ പാപമുണ്ടു്. ആദ്യത്തെനാലുദിവസവും വർജ്ജ്യങ്ങളാണെന്നു ജ്യോതിശ്ശാസ്ത്രവചനമുണ്ടു് ആദ്യത്തെ മൂന്നുദിവസവും ൧൧-ാംദിവസവും വർജ്ജ്യമാണെന്നു വാഗ്ഭടൻ അഭിപ്രായപ്പെടുന്നു.]

ഉ. അത്രേയമഹർഷിയുടെ പത്നി.

**ആഥർവ്വണൻ**-അഥർവ്വവേദം പഠിച്ച ബ്രാഹ്മണൻ.

**ആഥർവ്വണം**-ം. അഥർവ്വങ്ങളുടെസമൂഹം. ഉ. അഥർവ്വമുനി കൊടുത്ത പ്രാർത്ഥനകളും മററും.

**ആദരണീയം**-ആദരിക്കത്തക്കതു്.

'ഏതൊരുപുരുഷനിലുള്ളിൽകൌതുകംപാരിലാദരണീയം തസ്യജാതകം'
(നളചരിതം കഥകളി)

**ആദരം, ആദരവു്**-ം. വണക്കം. ഉ. ബഹുമാനം.

**ആദരിക്കുക**-ം. ബഹുമാനിക്കുക. ഉ. അനുസരിക്കുക.

**ആദശം**-ം. കണ്ണാടി. രൂപം മുഴുവനും ഇതിൽ കാണപ്പെടുന്നതുകൊണ്ടു ഈ പേർ വന്നു. മററുപര്യായങ്ങൾ-ദപ്പണം മുകുരം. ഉ. മാതൃക.

**ആദർശകം, ആദശനം**-കണ്ണാടി.

**ആദാനം**-സ്വീകാരം, എടുക്കുക.

**ആദായപ്പെടുക**-ലാഭത്തിൽ കിട്ടുക,ലഭിക്കുക.

**ആദായം**-ം. ലാഭം, ഉ. വരവു്.

**ആദി**-മുതലായതു്. ഉ. മുമ്പു്, ആരംഭം,

**ആദി**-ആദിയിൽ വെച്ചതു്. പ്രഥമം ഗ്രഹിക്കപ്പെടുന്നതു് എന്നർത്ഥം. മററു പ

ൎയ്യായങ്ങൾ-പൂൎവം, പൌരസ്ത്യം, പ്രഥമം, ആദ്യം.

ആദികവി-പു. വാല്മീകിമഹൎഷി. ൨. ബ്രഹ്മാവ്.

ആദികാരണം-മുഖ്യകാരണം. കാൎയ്യത്തിന്റെ ആരംഭകാലത്തിലെ കാരണം. എന്നു ശബ്ദാൎത്ഥം. ഉപാദാനകാരണം. മറെറാരു പൎയ്യായം—നിദാനം.

ആദികാലം-മുമ്പുള്ള സമയം, പണ്ടെ കാലം.

ആദിതേയന്മാർ-ദേവന്മാർ. അദിതിയുടെ പുത്രന്മാർ എന്നു ശബ്ദാൎത്ഥം.

ആദിത്യകേതു-പു. ധൃതരാഷ്ട്രരുടെ ഒരു പുത്രൻ. ൨. ആദിത്യന്റെ തേർ തെളിക്കുന്നവൻ.

ആദിത്യൻ-പു. സൂൎയ്യൻ. അദിതിയുടെ പുത്രൻ എന്നു ശബ്ദാൎത്ഥം. ൨. ദേവൻ. ൩. എരിക്ക്.

ആദിത്യപുത്രന്മാർ-പു. യമൻ. ൨. കൎണ്ണൻ. ൩. ശനി. ൪. സുഗ്രീവൻ.

ആദിത്യഭക്ത-ഓരിലത്താമര.

ആദിത്യവല്ലി-വെളുത്ത ഉഴിഞ്ഞ.

ആദിനായകൻ-മഹാവിഷ്ണു.

ആദിപുരാണം-ബ്രഹ്മപുരാണം.

ആദിപൂരുഷൻ-പു. വിഷ്ണു(കൃഷ്ണൻ). ൨. ഒന്നാമത്തെ സൃഷ്ടികൎത്താവ്.

ആദിപ്രാസം-ശബ്ദാലങ്കാരത്തിൽ പെട്ടതാണ്. അടുത്തടുത്തുള്ള പദങ്ങളെ ഒരേ വൎണ്ണംകൊണ്ട് ആരംഭിക്കുക.

'മഞ്ജുതരങ്ങും മഹിതതരയാം
മഞ്ജീരശ്രേണികൊണ്ടും
മുഞ്ജാനേറാം മുദമരുളിടും
മുഗ്ദ്ധാപാദസ്സുകൊണ്ടും'
(മയൂരസന്ദേശം)

ഇതിനു ഇംഗ്ലീഷ് കവിതകളിൽ അധികം പ്രചാരമുള്ളതിനാൽ 'ആംഗലപ്രാസം' എന്നും അഭിപ്രായമുണ്ട്.

ആദിഭൂത-വി. ഒന്നാമതുണ്ടായ.

ആദിഭൂതൻ-ദൈവം, ഈശ്വരൻ, ആദിയിൽ ഉണ്ടായവൻ.

ആദിമ-വി. ആദ്യമുള്ള.

ആദിയോഗാചാൎയ്യൻ-ശിവൻ.

ആദിരസം-ശൃംഗാരം.

ആദിരാജൻ-മനു. ൨. പൃഥുചക്രവൎത്തി.

ആദിവരാഹൻ-വിഷ്ണു.

ആദിശേഷൻ-അനന്തൻ.



ആദിശേഷൻ

ആദിസൎഗ്ഗം-ആദ്യത്തെ സൃഷ്ടി.

ആദീനവം-ക്ലേശം. ക്ലേശിപ്പിക്കുക എന്നതിന്റെ പേർ. ക്ഷയിച്ചുകൊണ്ടിരിക്കുക എന്നു ശബ്ദാൎത്ഥം. മററു പൎയ്യായങ്ങൾ-ആസ്രവം, ക്ലേശം.

ആദൃഃ-അ. അസ്പഷ്ടം.

ആദൃത-വി. പു. ആദരത്തോടുകൂടിയ. ൨. ആദരിക്കപ്പെട്ട, മാനിക്കപ്പെട്ട.

ആദൃതൻ-പു. ആദരിക്കപ്പെട്ടവൻ, മാനിക്കപ്പെട്ടവൻ. ൨. ആദരവോടു കൂടിയവൻ.

ആദൃശം-തുല്യം.

ആദേവനം-ചൂതുകളി. ൨. ചക്കിണി.

ആദേശം-പു. കല്പന. ൨. (വ്യാകരണത്തിൽ) അക്ഷരങ്ങളുടെ ചേൎപ്പിൽ ഒരു വൎണ്ണത്തിനുപകരം മറെറാരു വൎണ്ണം വരുക. ഉ-ം, പൊൻതാമര = പൊല്ത്താമര, ഇത്യാദി.

ആദേഷ്ടാവ്-പു. കല്പിക്കുന്നവൻ. ൨. യാഗംചെയ്യിക്കുന്നവൻ.

ആദ്യ-ദുൎഗ്ഗ.

ആദ്യ-വി. പു. ആദിയിൽവെച്ച, മുമ്പെയുള്ള. ൨. തിന്നാകുന്ന.

ആദ്യൻ-ഈശ്വരൻ, ആദിയിൽ ഭവിച്ചവൻ, ദൈവം.

ആദ്യന്ത-ആദിയും അവസാനവും ഉള്ള.

ആദ്യന്തഹീന-വി. ആദിയും അന്തവും ഇല്ലാത്ത.

ആദ്യന്തഹീനൻ-ആദിയും അന്തവും ഇല്ലാത്തവൻ, ഈശ്വരൻ, ദൈവം.

ആദ്യം-ക്രി. ഒന്നാമത്തേതു. ൨. അന്നം. ൩. ധാന്യം.

ആദ്യമാഷകം-അഞ്ചു കുന്നിത്തൂക്കം. (൫ പണത്തൂക്കം).

൧ നെന്മണി=൧ വീശത്തൂക്കം.

൧൬ വീശത്തൂക്കം=൧ പണത്തൂക്കം.

൧൦ വീശത്തൂക്കം=ഒരു കുന്നിയിട.

൨ പണത്തൂക്കവും ൫൦ വീശത്തൂക്കവുമാണ്. ഒരു ആദ്യമാഷമെന്നു മറ്റൊരഭിപ്രായം. ഞാൻ ആദ്യഭിപ്രായത്തോടു യോജിക്കുന്നു.

ആദ്യൂനൻ-ക്രി. ജയിപ്പാനുള്ള ഇച്ഛ ഇല്ലാത്തവൻ, വിശപ്പുകൊണ്ടു ശത്രുവിനെ ജയിപ്പാൻ കൂടെ ഇച്ഛയില്ലാത്തവൻ. മറ്റൊരുപര്യായം-ഔദരികൻ. ൨. ആദിയില്ലാത്തവൻ.

ആദ്യാതം-പ്രഭ, പ്രകാശം.

ആധാനം-ക്രി. ഉൽപ്പാദനം (ഗർഭാധാനം). ൨. വെയ്ക്കു.

ആധാരി-സപ്തമി.

ആധാരം-ക്രി. ആശ്രയം. ൨. പ്രമാണം.

ആധി-ക്രി. മനഃപീഡ. ദുഃഖത്തെ ഉണ്ടാക്കുന്നതു് എന്നു ശബ്ദാർത്ഥം. വ്യസനം. ൨. ആപത്തു്. ൩. പണയം.

ആധികാരികം-രൂപകത്തിലെ വസ്തുക്കളിൽ ഒന്നു്. മറ്റൊന്നു 'പ്രാസംഗികം'

ആധിക്യം-അധികത.

ആധിദൈവിക-വി. ദൈവത്തിൽനിന്നുണ്ടായ.

ആധിപത്യം-കോയ്മ, അധികാരം.

ആധിപാദോധി-ആധിയാകുന്നതാഴി

ആധിഭൌതിക-വി. ഭൂതങ്ങളിൽ നിന്നുണ്ടായ.

ആധീന-വി. അധികാരത്തിനു കീഴുള്ള.

ആധുനിക-വി. ഇപ്പോഴുണ്ടായ. പ്രത്യക്ഷമായ.

ആധൂത-വി. കുറഞ്ഞൊന്നു ഇളക്കപ്പെട്ട (ആധൂനനം ചെയ്യപ്പെട്ടതു്-ആധൂതം. ആധൂനനംചെയ്ക=കുറഞ്ഞൊന്നു ഇളക്കുക). മറുപര്യായങ്ങൾ-വെല്ലിതം, പ്രേംഖിതം, ചലിതം, ആകമ്പിതം, ധുതം.

ആധേയ-വി. ൧. വെയ്ക്കപ്പെട്ട. ൨. പണയം വെയ്ക്കപ്പെടത്തക്ക.

ആധേയം-ആശ്രയി.

ആധോരണൻ-ആനക്കാരൻ, ആനയെ നല്ലവണ്ണം നടത്തുന്നവൻ എന്നു ശബ്ദാർത്ഥം. മറു പര്യായങ്ങൾ-ഹസ്തിപകൻ (ഹസ്തിപൻ), ഹസ്ത്യാരോഹൻ, നിഷാദി.

ആധൌത-വി. ൧. വെളുപ്പിക്കപ്പെട്ട ൨. കഴുകപ്പെട്ട.

ആധ്മാത-വി. ഊതിവീപ്പിക്കപ്പെട്ട, ഊതിവീർക്കപ്പെട്ട.

ആധ്മാതം-വയറുവീപ്പു്.

ആധ്മാനം-ക്രി. വീക്കം. ൨. വയറുവീപ്പു്. ൩. തീണ്ടത്തി.

ആധ്യക്ഷം-ആധിപത്യം.

ആധ്യാത്മിക-വി. പരമാത്മാവിനെ സംബന്ധിച്ച, സൂക്ഷ്മമായ.

ആധ്യാനം-സ്മൃതി (ചിന്തിക്കുന്നതു്), ദുഃഖത്തോടുള്ള വിചാരം.

ആന-ഒരു മൃഗം. പര്യായങ്ങൾ-ദന്തി, ദന്താവളം, ഹസ്തി, ദ്വിരദം, അനേകപം, ദ്വിപം, മതംഗജം, ഗജം, നാഗം, കുഞ്ജരം, വാരണം, കരി, ഇഭം, സ്തംബേരമം, പത്മി-ക്രമ. (നായാട്ടുപേർ-കൊടച്ചുവിയൻ).

യൂഥപൻ, യൂഥനാഥൻ പു-ം, ആനത്തലവന്റെ പേർ. മദോൽകടം, മദകലം പു-ം, മദമുള്ള ആനയുടെ പേർ. കളഭം, കരിശാബകം പു-ം, ആനക്കുട്ടിയുടെ പേർ. പ്രഭിന്നൻ, ഗർജ്ജിതൻ, മത്തൻ പു-ം, മദംപൊട്ടിയ ആനയുടെ പേർ. ഉദ്വാന്തൻ, നിർമ്മദൻ പു-ം, മദം അടങ്ങിയ ആനയുടെ പേർ. ഹാസ്തികം, ഗജതാ പു-ം, ആനക്കൂട്ടത്തിന്റെ പേർ. കരിണി, ധേനുക, വശ ന-ം, പിടിയാനയുടെ പേർ. ഗണ്ഡം, കടം പു-ം, ആനയുടെ കവിൾത്തടത്തിന്റെ പേർ. മദം, ദാനം പു-ം, മദജലത്തിന്റെ പേർ. വമഥു, കരശീകരം പു-ം, തുമ്പിക്കൈയിൽ നിന്നു വീഴുന്ന വെള്ളത്തുള്ളിയുടെ പേർ. കുംഭങ്ങൾ—ആനയുടെ മസ്തകത്തിന്റെ മുഴകളുടെ പേർ. വിദു—മസ്തകങ്ങളുടെ മദ്ധ്യപ്രദേശത്തിന്റെ പേർ. അവഗ്രഹം-ആനയുടെ നെററിയുടെ പേർ. ഇഷീകം-ആനയുടെ നേത്രഗോളത്തിന്റെ പേർ. നിര്യാണം-ആനയുടെ കടക്കണ്ണിന്റെ പേർ. ചൂളികം-ആനയുടെ ചെവിക്കുററിയുടെ പേർ. വാഹിത്ഥം-ആനയുടെ മസ്തകത്തിന്റെ താഴെയുള്ള ഭാഗത്തിന്റെ പേർ. പ്രതിമാനം-കൊമ്പുകളുടെ നടുവിന്റെ പേർ. ആസനം, സ്കന്ധദേശം പു-ം, ആനയുടെ സ്കന്ധപ്രദേശത്തിന്റെ പേർ (കഴുത്തിൽ ആളിരിക്കുന്നിടം). പത്മകം, ബിന്ദുജാലകം പു-ം, ആനയുടെ മുഖാദികളിലെ പുള്ളികളുടെ പേർ. പക്ഷഭാഗം, പാർശ്വഭാഗം പു-ം, ആനയുടെ പാർശ്വഭാഗത്തിന്റെ പേർ. ദന്തഭാഗം-ആനയുടെ മുൻഭാഗത്തിന്റെ പേർ. ഗാത്രം-ആനയുടെ മുമ്പിലുള്ള കാലുകളുടെ മുട്ടിന്നു താഴെയുള്ള ഭാഗത്തിന്റെ പേർ. അവരം (അപരം)-ആനയുടെ പിന്നിലെ കാലുകളുടെ മുട്ടിന്നു താഴെയുള്ള ഭാഗത്തിന്റെ പേർ. തോത്രം, വേണുകം (വേണുകം) പു-ം, ആനയെ ശിക്ഷിപ്പാനുപയോഗിക്കുന്ന കോലിന്റെ (ആനവടിയുടെ) പേർ. ആലാനം, ബന്ധസ്തംഭം പു-ം, ആനയെ തളയ്ക്കുന്ന കെട്ടുകുററിയുടെ പേർ. ശൃംഖലം (ശൃംഖലം), അന്ദുകം, നിഗഡം (നിഗളം) ന-ം, ആനച്ചങ്ങലയുടെ പേർ. അങ്കുശം, സൃണി പു-ം, ആനത്തോട്ടിയുടെ പേർ. ദൂഷ്യം (ചൂഷ്യം, ചൂഷ), കക്ഷ്യം (കക്ഷം), വരത്രം ന-ം, കച്ചക്കയറിന്റെ പേർ. (ആനയുടെ നടുഭാഗത്തു കെട്ടുന്ന തോൽ എന്നു ചിലർ). കല്പനാ, സജ്ജനാ പു-ം, രാജാവിനു കയറുവാനായി ആനയെ അമ്പാരി കെട്ടി ചമയിക്കുന്നതിന്റെ പേർ. പ്രവേണി, ആസ്തരണം, വർണ്ണം, പരിസ്തോമം, കഥം ന-ം, ആനപ്പുറത്തു വിരിക്കുന്ന കമ്പിളിയുടെ പേർ. വീതം-യുദ്ധം മുതലായതിന്നു ഉപയോഗമില്ലാത്തതും ബലക്കുറവുള്ളതുമായ ആനയുടെയും കുതിരയുടെയും പേർ. വാരി, ഗജബന്ധനി പു-ം, ആനയെ ചതിച്ചു ചാടിച്ചുപിടിക്കുന്നതിന്നു കാട്ടാനകൾ സഞ്ചരിക്കുന്ന കാട്ടിൽ കുത്തിയുണ്ടാക്കുന്ന വാരിക്കുഴിയുടെ പേർ. ആനപ്പന്തിയെന്നു ചിലർ പറയുന്നു.

**ആനകദുന്ദുഭി**-വസുദേവർ. ഇദ്ദേഹത്തിന്റെ ഭവനത്തിൽ വിഷ്ണു ജനിച്ചസമയം ദേവകൾ ആനകവാദ്യങ്ങളേയും ദുന്ദുഭിവാദ്യങ്ങളേയും മുഴക്കിയതിനാൽ ഈ പേരുണ്ടായി.

**ആനകം**-ചെണ്ട എന്ന വാദ്യം. ഭടന്മാരെ ഉത്സാഹിപ്പിക്കുന്നതു എന്നു ശബ്ദാർത്ഥം.

**ആനക്കളി**-കുട്ടികളുടെ ഒരു കളി. (മുതുകിൽ കയറി കളിക്കയും മററും).

**ആനക്കപ്പട**-ഗോപുരത്തിൽനിന്നു് സുഖമായി ഇറങ്ങുന്നതിനും കയറുന്നതിനും മണ്ണുകൊണ്ടോ കല്ലുകൊണ്ടോ ക്രമത്തിൽ

പാർശ്വമായി കെട്ടിയുണ്ടാക്കുന്നതു്. പര്യായം—ഹസ്തിനഖം.

**ആനക്കായ്ക്കുരുവ**—ഒരു ചെടി.

**ആനക്കാരൻ**—ആനപ്പാപ്പാൻ. പര്യായങ്ങൾ—ആധോരണൻ, ഹസ്തിപകൻ(ഹസ്തിപൻ), ഹസ്ത്യാരോഹൻ, നിഷാദി.

**ആനക്കാൽ**—൧. ആനയുടെ കാല്. ൨. ഓട്ടുനന്നാക്കുന്ന ഒരായുധം.

**ആനക്കുറുന്തോട്ടി, വൻകുറുന്തോട്ടി**—വലിയ കുറുന്തോട്ടി. പര്യായം മഹാബല.

ഗുണം കുറുന്തോട്ടിക്കു സമം തന്നെ. ബൃംഹണകരമാകുന്നു. ശുക്ലത്തെ വർദ്ധിപ്പിക്കും. സന്താപം, ദേഹംവറളുക ഇവയെ നശിപ്പിക്കും. ക്ഷതം ഹേതുവായിട്ടു ക്ഷീണത ഭവിച്ചവർക്കു വളരെനന്നു്. ജ്വരം, വിഷമജ്വരം, മൂത്രകൃച്ഛ്രം, സോമരോഗം, (വളരെ മൂത്രം പോകുന്നതു), ത്രിദോഷകോപം, ശോഫം, വാതാർശസ്സ്, ഹൃദ്രോഗം, മോഹം ഇവയെ കളയും. മഹാബലാ (ആനക്കുറുന്തോട്ടി) മഹാരാഷ്ട്രഭാഷയിൽ-ദാംഭുർഡി. ഗുജരാത്തിയിൽ സഹദേവി. കന്നടകത്തിൽ—വെല്ലുദുരുവെ. ലത്തീനിൽ (ലാറ്റിനിൽ) (Sidarhomfifolia).

**ആനക്കളം**—തിരുവിതാംകൂറിൽ ദേവികുളം താലൂക്കിൽ ഒരു പകുതി.

**ആനക്കുഴി**—ആനയെ പിടിക്കുന്ന കുഴി.

**ആനക്കൊട്ടിൽ**—൧. ആനപ്പുര. ൨. കൊട്ടാരങ്ങളുടേയും മറ്റും പ്രധാനവാതിലിനോടു ചേർന്നു മുൻവശം കെട്ടിയുണ്ടാക്കുന്ന പുര.

'ഘോടകചാകതികളാനക്കൊട്ടിലുമുള്ള'
(കാചലവൃത്തം വഞ്ചിപ്പാട്ട്)

**ആനക്കൊമ്പ്**—ആനയുടെ കൊമ്പ്, ദന്തം.

[ഇതു കണ്ണിലെ വ്രണത്തിനും മറ്റും നന്നു്. സംസ്കൃതത്തിൽ വിഷാണം, കരണം, നാഗദന്തകം എന്നിപ്രകാരം പറയുന്നു.]

**ആനക്കോൽ**—കരുവ്, ഒരു ദണ്ഡു്.

**ആനച്ചന്തം**—ഓരോ അംശവും പ്രത്യേകം പ്രത്യേകം സൂക്ഷിക്കുമ്പോൾ വിരൂപതയുണ്ടെങ്കിലും ആകപ്പാടെ ഒരു നോട്ടത്തിൽ തരക്കേടില്ലാത്ത സ്ഥിതി.

**ആനച്ചുണ്ട**—ഒരു ചെടി. കറുത്ത ചുണ്ടയുടെ ഗുണം തന്നെ. വിശേഷിച്ചു കൃമിനാശനമാണു്. പുഴുക്കടിക്കു നന്നു്.

**ആനച്ചുവടി**—ആനയടിയൻ, ക്കുഞ്ഞിരിക്ക എന്നും പറയും.

[ഇതു പ്രമേഹം, പാണ്ഡു, വിദ്രധി, സന്നി, മൂലരോഗം മുതലായവക്കുപയോഗം.]

**ആനച്ചൊറി**—വലിയചൊറി.

**ആനച്ചൊറിയൻ**—വലിയ ചൊറിയുള്ളവൻ.

**ആനത**—വി. ൧. താഴ്ത്തപ്പെട്ട.

ആരൂഢവിനയംകൊണ്ടാനത വക്ത്രത്തോടു
(അദ്ധ്യാത്മരാമായണം)

൨. അധോമുഖമായിട്ടുള്ള. ൩. കുനിഞ്ഞ. ൪. വളഞ്ഞ. ൫. താണ. ൬. നമിച്ചു.

**ആനത്തലവൻ**—ആനക്കൂട്ടത്തെ കാക്കുന്നവൻ. പര്യായങ്ങൾ—യൂഥനാഥൻ, യൂഥപൻ.

**ആനത്തോട്ടി**—ആനയെ നടത്തുന്ന തോട്ടി. പര്യായങ്ങൾ—അങ്കുശം, സൃണി.

**ആനദ്ധ**—വി. കെട്ടപ്പെട്ട.

**ആനദ്ധം**—൧. കെട്ടപ്പെട്ടതു്. ൨. മിഴാവു മദ്ദളം മുതലായ വാദ്യം. ചർമ്മംകൊണ്ടു മുഖത്തിൽ ബന്ധിക്കപ്പെടുന്നതു് എന്നു ശബ്ദാർത്ഥം.

**ആനനക്കി**—മലയിലെ ഒരുവക വിഷവൃക്ഷം.

'പാലക്കാട്ടുള്ള എലിവാൽ എന്ന മലയിൽ ഒരു പുതിയതരം വൃക്ഷം കണ്ടു

ത്തിയിരിക്കുന്നെന്നും ഇതിന്റെ ഇല തൊട്ടുന്നവർക്ക് ഒൻപതുദിവസത്തേക്കു കഠിനമായ പനിയും ബോധക്ഷയവുമുണ്ടാകുമെന്നും കാണുന്നു ഈ വൃക്ഷത്തിന് ഇപ്പോഴും വിളിച്ചുവരുന്ന പേര് "ആനനക്കി" എന്നാണെങ്കിലും അതിനെക്കണ്ടാൽ ആനയ്ക്കും വലിയ ഭയമാണെന്നു പറയപ്പെടുന്നു.'

**ആനനം**-മുഖം. നിശ്വാസോച്ഛ്വാസങ്ങളെ ചെയ്യുന്നത് എന്നു ശബ്ദാർത്ഥം.

**ആനന്ദം**-൧. സന്തോഷം (സുഖം). ൨. ഭാഗ്യം. ൩. നിർവാണം. (ആനന്ദം ൮ വിധം:—൧. വിഷയാനന്ദം. ൨. ബ്രഹ്മാനന്ദം. ൩. വാസനാനന്ദം. ൪. ആത്മാനന്ദം. ൫. മുഖ്യാനന്ദം. ൬. നിജാനന്ദം. ൭. അദ്വൈതാനന്ദം. ൮. ജ്ഞാനാനന്ദം)'

**ആനന്ദഥു**-൧. സന്തോഷം (സുഖം). ൨. ഭാഗ്യം.

**ആനന്ദനം**-ബന്ധുക്കളെയും മററും സ്വാഗതവാക്യങ്ങൾ മുതലായവകൊണ്ടു ആനന്ദിപ്പിക്കുക. ആനന്ദിപ്പിക്കുക എന്നു ശബ്ദാർത്ഥം.

**ആനന്ദബഹുലം**-൧. ഉപസ്ഥം. ൨. സന്തോഷാധിക്യം.

**ആനന്ദബാഷ്പം**-സന്തോഷംകൊണ്ടുണ്ടാകുന്ന കണ്ണുനീർ.

**ആനന്ദവനം**-ശ്രീകാശി.

[സ്കന്ദപുരാണത്തിലുള്ള ശങ്കരസംഹിതയെ അഗസ്ത്യൻ തന്റെ ശിഷ്യരായ വസിഷ്ഠാദിമഹർഷികൾക്ക് ഉപദേശിച്ചത് ഈ വനത്തിൽവച്ചായിരുന്നു].

**ആനന്ദഭൈരവി**-ഒരു രാഗം.

**ആനന്ദി**-൧. ഭാഗ്യം. ൨. സന്തോഷം.

**ആനന്ദിക്കുക**-൧. സന്തോഷിക്കുക. ൨. ദിവസംപ്രതി കാലത്ത് എഴുന്നേററു അവരവരുടെ കിണററിലെ ജലം മുഖത്തു തൂകുക.

**ആനപ്പട**-ആനകൾ കൂടിച്ചേർന്നു യുദ്ധത്തിനായി നിൽക്കുക. പര്യായങ്ങൾ-ഘടനം, ഘടം.

**ആനപ്പന്തി**-ആനപ്പുര, ആനയെ ചതിച്ചു ചാടിച്ചു പിടിക്കുന്നതിനു കാട്ടാനകൾ സഞ്ചരിക്കുന്ന കാട്ടിൽ കുത്തിയുണ്ടാക്കുന്ന വാരിക്കുഴി. പര്യായങ്ങൾ-വാരി, ഗജബന്ധനി.

**ആനപ്പരുവ**-ഒരു തരം, ഒരുവള്ളി. ഈ വള്ളി സമൂലം കഷായം വെച്ചുസേവിച്ചാൽ വിട്ടുമാറാതെയുള്ള മലബന്ധം ശമിക്കും.

**ആനപ്പല്ല്**-ആനയുടെ പല്ല്.

[കണ്ണിനു നന്ന്. പല്ലുകുത്തിനുപയോഗമുണ്ട്. ക്ഷതശുക്കത്തിനു വിശേഷം. തലവേദനക്കു ഇതിനെ അരച്ചു നെററിയിൽ ഇടുക പതിവാണ്.]

**ആനപ്പാൽ, പിടിപ്പാൽ**-ആനയുടെ പാൽ.

[ഇതു ഗുരുവാണ്. കണ്ണിനു ഹിതം, സ്ഥൈര്യകരമാകുന്നു, ബലവർദ്ധനവും ശീതവുമാണത്രെ.]

**ആനപ്പാവ്**-ആനയെ ഇണക്കുന്ന ഒരു സമ്പ്രദായം.

**ആനപ്പാവാൻ, ആനപ്പാപ്പാൻ**-ആനക്കാരൻ.

**ആനപ്പിണ്ടി**-ആനയുടെ മലം.

**ആനമകുടം, ആനമുടകാ**-ഒരു ഔഷധം.

[ഇതു് ബാലപീഡക്കും ശൂലയ്ക്കും നന്ന്. വായു ശമിക്കും. പിത്തത്തിനു കൊള്ളാം. എലിത്തടി എന്നും പറയാറുണ്ട്. ഇതു വലിയ മരങ്ങളിൽ പററി നേരെ കയറിച്ചെല്ലുന്ന തടിച്ച വള്ളിയാണ്].

**ആനമനം**-നമസ്കാരം, വണക്കം.

**ആനമിക്കുക**-നമസ്കരിക്കുക, വണങ്ങുക താഴുക.

ആനമുഖൻ-ഗണപതി.

ആനമുള്ള്-ഒരു ചെടി.

ആനമ്ര-വി. വളഞ്ഞ, കുനിഞ്ഞ

ആനയിക്കുന്നു-കൊണ്ടുവരുന്നു.

ആനയിരുത്തി-ഒരു ചെടി.

ആനവണങ്ങി-തെക്കിട എന്ന ഔഷധം. [ഇതു ഹൃദ്യമാണ്. വാതപിത്ത ശമനമാകുന്നു. ശോഷം, ശ്വാസം, കാസം, ഗുന്മം, കഫം, കൃമി, കുഷ്ഠം, അംഗമർദ്ദം ഇവക്കു നന്ന്.]

ആനയടിവേർ-ആനച്ചുവടി.

ആനവളർ-ആനയെ ശിക്ഷിപ്പാൻ ഉപയോഗിക്കുന്ന കോൽ. പര്യായങ്ങൾ-തോത്രം, വൈണകം(വേണകം).

ആനവാൾ-ക്ഷേത്രാധികാരി. ക്ഷേത്രത്തിലെ ഒരു ഉദ്യോഗസ്ഥൻ.

ആനറായപ്പക്ഷി-റാഞ്ചൽ, ഒരു വക പരുന്ത്.

ആനാകം-അ. സ്വർഗ്ഗത്തോളം, ആകാശത്തോളം.

ആനാട്-തിരുവിതാംകൂറിൽ നെടുമങ്ങാട്ടു താലൂക്കിലെ ഒരു പകുതി.

ആനായൻ-ഇടയൻ, പശുവടിക്കുന്നവൻ 'ആനായപ്പിള്ളരാൽചൂഴററകാർവ്വർണ്ണൻ' (കൃഷ്ണഗാഥ)

ആനായത്തീട്ട്-ഓരോ ബ്രാഹ്മണനേയും പന്ത്രണ്ടു പന്ത്രണ്ടു സംവത്സരം രാജാവാക്കുന്ന സംഗതികൾക്കുള്ള പ്രമാണം.

ആനായം-വല. മത്സ്യങ്ങളെ ആനയിക്കുന്നതു്. (പിടിച്ചെടുക്കുന്നതു്) എന്നു ശബ്ദാർത്ഥം. ഇതരപര്യായം-ജാലം.

ആനായ്യ-വി. കൊണ്ടുവരപ്പെടേണ്ടതു.

ആനായ്യം-ഗാർഹപത്യാഗ്നിയിൽനിന്നെടുത്തിട്ടു യാതൊരു ദക്ഷിണാഗ്നി പ്രണയിക്കപ്പെടുന്നുവോ, അതു്, ഏതൊരു ദക്ഷിണാഗ്നിയാണോ ഗാർഹപത്യാഗ്നിയിൽ നിന്നു കൊണ്ടുവന്നു സംസ്കരിക്കപ്പെടുന്നതു് അതു്. ഗാർഹപത്യാഗ്നിയിൽ നിന്നു കൊണ്ടുവരപ്പെടുന്നതു് എന്നു ശബ്ദാർത്ഥം.

ആനാവു്-പ്ര. പശുക്കിടാവു്. ഉ. നാക.

ആനാഹം-പ്ര. മലമൂത്രങ്ങളുടെ തടവു, മേൽവയർവീർപ്പു്. ഒന്നായിട്ടുള്ള ബന്ധനം എന്നു ശബ്ദാർത്ഥം. മറെറാരു പര്യായം. 'വിബന്ധം' (നിബന്ധം)ഉ. നീളം ഇതുകൊണ്ടു കെട്ടുന്നു എന്നർത്ഥം. മററു പര്യായങ്ങൾ-ദൈർഘ്യം,ആയാമം. ന. വസ്ത്രത്തിന്റെ നീളം.

ആനാഹലക്ഷണം-ആമമോ മലമോ ക്രമേണ വയററിൽ വർദ്ധിച്ചാൽ അതു പിന്നെ ഗുണഹീനനായ വായുവിനാൽ വിബദ്ധമായിട്ടു പ്രവൃത്തിയില്ലാതെ കിടക്കും. ആ രോഗത്തെ അനാഹം എന്നു പറയുന്നു."

ആനി-മിഥുനം എന്ന മാസം.

ആനീത-ആനയിക്ക(കൊണ്ടുവര)പ്പെട്ട.

ആനീലൻ-കറുത്ത കുതിര.

ആനുകൂല്യം-അനുകൂലഭാവം,

ആനുപൂർവി, ആനുപൂർവ്യം-സാകല്യം യക്രമം, ക്രമം. അനുപൂർവത്തിന്റെ (പൂർവത്തെ അനുക്രമിച്ചിട്ടുള്ള സ്ഥിതിയുടെ) ഭാവം, മുമ്പുള്ളതിനെ തുടർന്നുകൊണ്ടുള്ളതു് എന്നിങ്ങനെ ശബ്ദാർത്ഥം.

ആനുയാത്രികൻ-പിൻതുടരുന്നവൻ.

ആനുലോമ്യം-മുകളിൽനിന്നു മുറയ്ക്കു കീഴ്പെട്ടു,ക്രമം. ആനുലോമ്യം><പ്രാതിലോമ്യം.

ആനൂപ-വി. ജലമുള്ള, നനവുള്ള.

ആനൂപം-സമ. ജലത്തിൽ പെരുമാറുന്ന ജന്തു. ഉ-ം, പോത്തു്.

ആനിലൻ, ആനിലി-പ്ര. ഹനുമാൻ. ഉ. ഭീമൻ.

ആനൃത-വി. എപ്പോഴും കള്ളംപറയുന്ന.

ആനൃശംസ്യം-പ്ര. സൌമ്യത. ഉ, കൃപ,

ആന്നേയം-വൈശ്യകുലത്തിൽ നിന്നോ മറേറാ കൊണ്ടുവന്നു സംസ്കരിക്കപ്പെട്ട ദക്ഷിണാഗ്നി.

ആന്ത-വി. അന്തത്തെ (അവസാനത്തെ) സംബന്ധിച്ച.

ആന്ത-ഓന്ത്.

ആന്തം-പ്ര. കള്ളന്മാർ ഫലവൃക്ഷങ്ങളിൽ പ്രവേശിക്കാതെ തടുപ്പാനുള്ള കൂർത്ത മനയോടുകൂടിയ കോൽ, ആന്തക്കോൽ. ഉ. കൊന്തക്കത്തി.

ആന്തര-വി. പ്ര. രഹസ്യമായുള്ള. ഉ. നടുവിലുള്ള, ഇടയിലുള്ള. ന. അകത്തുള്ള.

ആന്തരാഗാരിക-വി. ഭണ്ഡകശാല വിചാരിപ്പുകാരന്റെ ജോലികളെ സംബന്ധിച്ച, പള്ളിയറവിചാരിപ്പുകാരന്റെ ജോലികളെ സംബന്ധിച്ച, അറവിചാരിപ്പുകാരന്റെ ജോലികളെ സംബന്ധിച്ച.

ആന്തരം-രഹസ്യം, മനസ്സിലുള്ളത്.

ആന്തരികം-ആഭ്യന്തരം, അകമേയുള്ളതു.

ആന്തര്യം-അഭിപ്രായം.

ആന്തിക-ജ്യേഷ്ഠത്തി.

ആന്തിയന്മാർ-കലം ഉണ്ടാക്കുന്നവർ, ഒരു ജാതിക്കാർ.

ആന്തുറനായന്മാർ, ആന്തൂർനായന്മാർ-ഒരുവക ജാതിക്കാർ. കലം ഉണ്ടാക്കുന്നവർ. അന്ത്യൂൻ എന്ന ശബ്ദവും കാണുന്നു.

ആന്ത്രം-പ്ര. കുടൽമാല. മാലാന്ത്രംപോലെ ഉദരത്തിൽ വ്യാപിച്ചുകിടക്കുന്നതു എന്നു ശബ്ദാർത്ഥം. മറെറാരു പര്യായം പുരീതത്ത്. ഉ. വൃഷണം.

ആന്ത്രവായു-ഒരു രോഗം.

ആന്ത്രവീക്കം-വൃഷണത്തിൽ ഉണ്ടാകുന്ന നീർ.

ആന്ത്രവൃദ്ധി-വൃഷണത്തിൽ ഉണ്ടാകുന്ന നീർ.

വാതാകോപകരങ്ങളായ ആഹാരങ്ങൾ ഭക്ഷിക്ക, തണുത്ത ജലത്തിൽ മുഴുകുക, മലമൂത്രാദിവേഗങ്ങളെ അടക്കുക, അവയെ ബലമായി പുറപ്പെടുവിക്കുക, ചുമടുചുമക്കുക, ക്രമത്തിലധികം വഴിനടക്കുക, ദേഹത്തിനു പ്രയാസമുള്ള പ്രവൃത്തികൾ ചെയ്ക, ഇവകൊണ്ടു കോപിച്ച വായു കുടലിന്റെ ഒരു ഭാഗത്തെ ചുരുക്കി സ്വസ്ഥാനത്തിൽ നിന്നു കീഴ്‌വശത്താക്കി ഒടിയുടെ സന്ധിയിൽ നിന്നിട്ടു മുഴപോലുള്ള നീരിനെ ഉണ്ടാക്കും. ചികിത്സ ഉടൻ ചെയ്യാഞ്ഞാൽ മേൽവയർ വീക്കം, വേദന, സ്തംഭനം, ഇവയോടൊന്നിച്ചു വൃഷണങ്ങളെ വലിപ്പിക്കും. കൈകൊണ്ടമർത്തിയാൽ വായു മൂളിക്കൊണ്ടു അകത്തു പോവുകയും കൈ എടുത്താൽ വീണ്ടും വീപ്പിക്കയും ചെയ്യും. ഇതു ആകൃതികൊണ്ടു വാതവൃദ്ധിപോലിരിക്കും. ഈ രോഗമാത്രം ആന്ത്രവൃദ്ധി അസാദ്ധ്യമാണ്.

ആന്ദോളികാ-ആന്ദോളം.

ആന്ദോളം, ആന്ദോളനം-ഊഞ്ഞാലാട്ടം, അങ്ങോട്ടും ഇങ്ങോട്ടും ആടുക, ആടിക്കൊണ്ടിരിക്ക.

ആന്ദോളിത-വി ഇളക്കപ്പെട്ട, ഇളകുന്ന.

ആന്ധസികൻ-വെപ്പുകാരൻ, അടുക്കളക്കാരൻ. അന്ധസ്സിനെ (അന്നത്തെ) ഉണ്ടാക്കുന്നവൻ എന്നു ശബ്ദാർത്ഥം.

ആന്ധ്യം-അന്ധത്വം, കണ്ണില്ലായ്മ, കുരുടു, അജ്ഞാനം.

'കാന്തിയെഴുവാക്കീടാമന്നജനസ്സിനി-
ന്നാന്ധ്യത്തെക്കാലേണ്ടായതുമിപ്പോൾ'
(കൃഷ്ണഗാഥ)

ആന്ധ്രദ്രാവിഡഭം-സംസ്കൃതഗ്രന്ഥകാരന്മാർ ദാക്ഷിണാത്യഭാഷകളെ ഇങ്ങനേയും വിവരിക്കുന്നു.

ആന്ധ്രാ-ഹൈദരാബാദ. Hyderabad.

ആന്യാം-ആശാരിക്കും മററും കൊടുക്കുന്ന കൂലി.

ആന്വായിക-വി. ക്രമമായ, നല്ല വംശത്തിലുള്ള.

ആന്വീക്ഷികി-(ഗൌതമാദിപ്രണീതമായ) തൎക്കശാസ്ത്രം. അന്വീക്ഷാപ്രയോജനമായിട്ടുള്ളതു് ആന്വീക്ഷികി. അനു=ശ്രവിച്ചതിൽപിന്നീടു്, ഈക്ഷാ=പരീക്ഷണം. അതു് അന്വീക്ഷാ.

'പ്രത്യക്ഷാഗമങ്ങളെക്കൊണ്ടു സിദ്ധമായ വസ്തുവിനെ യുക്തിബലത്താൽ നല്ലവണ്ണം ആലോചിച്ചു നന്നായ് ഉറപ്പിക്കുന്നതാണത്രേ തൎക്കവിദ്യയുടെ പ്രയോജനം. ഭഗവാൻ ദത്താത്രേയനായി അവതരിച്ചു് അളൎക്കൻ എന്ന രാജാവിനും പ്രഹ്ലാദാദികൾക്കും ആന്വീക്ഷികിയെ ഉപദേശിച്ചപ്രകാരം ഭാഗവതത്തിൽ കാണുന്നു.'

ആപകര-വി. ൧. വിരുദ്ധമായ, അനിഷ്ടമായ. ൨. അപകടമുള്ള, ഉപദ്രവമുള്ള.

ആപക്വം-൧. അരിമാവു്, ഗോതമ്പുമാവു് എന്നിവകൊണ്ടുണ്ടാക്കുന്ന ഓട്ടട, ബോളി മുതലായവ. ഇവയെല്ലാ സാധാരണയിൽ ചുരുങ്ങിയ വേവേ പാടുള്ളു. പകുതി വെന്തതു് എന്നു ശബ്ദാൎത്ഥം. ൨. പകുതി വേവിച്ചതു്. ൩. ഒട്ടൊട്ടു പഴുത്തതു്.

ആപഗാ-പു. ജലസമൂഹംകൊണ്ടു ഗമിക്കുന്നതു് എന്നു ശബ്ദാൎത്ഥം. അപഗാ എന്നുമാകാം. നദി, ആറു്.

ആപഗേയൻ-ഭീഷ്മർ നദിയുടെപുത്രൻ എന്നൎത്ഥം.

ആപണം-ചന്ത മുതലായ കച്ചവടസ്ഥലം. എല്ലാടവും കൊടുത്തുവാങ്ങൽ ഉള്ളതു് എന്നു ശബ്ദാൎത്ഥം. മറ്റൊരുപൎയ്യായം 'നിഷദ്യാ'.

ആപണികൻ-കച്ചവടക്കാരൻ, (സാമാനങ്ങൾ വാങ്ങുകയും വില്ക്കുകയും ചെയ്യുന്നവൻ).

ആപണിക-കച്ചവടസംബന്ധമായുള്ള.

ആപതനം-൧. അടുക്കുക, സമീപിക്കുക. ൨. കയറ്റം. ൩. അനുഭവം, സംഭവം ൪. ഇറങ്ങിവരവു്.

ആപതികം-പുള്ളു്, രാജാളി.

ആപതിക-വി. യാദൃച്ഛികമായ.

ആപതിത-വി. ൧. വീണുപോയ, വീഴപ്പെട്ട. ൨. ഉണ്ടായ, സംഭവിച്ച.

ആപത്തി-ആപത്തു്. ആപത്തു് >< സമ്പത്തു്.

ആപത്തു്-അനൎത്ഥം, അപകടം. പൎയ്യായങ്ങൾ-വിപത്തി, വിപത്, ആപത്.

ആപൽക്കര-വി. ആപത്തുണ്ടാക്കുന്ന.

ആപൽപ്രാപ്ത-ആപത്തിൽ അകപ്പെട്ട.

ആപൽപ്രാപ്തൻ-ആപത്തിൽ അകപ്പെട്ടവൻ, മറ്റൊരുപൎയ്യായം-ആപന്നൻ

ആപന്ന-വി. ൧. ആപത്തിൽ അകപ്പെട്ട. ൨. ലഭിച്ച.

ആപന്നൻ-ആപത്തിലകപ്പെട്ടവൻ, ആപദിക്കപ്പെട്ടവൻ എന്നു ശബ്ദാൎത്ഥം. ആപന്നൻ >< സമ്പന്നൻ.

ആപന്നസത്വാ-ഗൎഭിണി. പ്രാപ്തമായ സത്വത്തോടു (ജന്തുവോടു) കൂടിയവൾ എന്നു ശബ്ദാൎത്ഥം. ആണോ പെണ്ണോ എന്നു വ്യക്തമായി അറിവാൻ വയ്യാത്തതുകൊണ്ടു ജന്തു (ജീവി) എന്നു പറയപ്പെട്ടു

ആപമിത്യകം-ഒന്നുകൊടുത്തു പകരം മറ്റൊന്നുവാങ്ങിയതു്. പകരം കൊടുത്തുകിട്ടുന്നതു് എന്നു ശബ്ദാൎത്ഥം. കൈമാറ്റം കൊണ്ടുണ്ടായ ദ്രവ്യം.

ആപവൻ-വസിഷ്ഠൻ.

ആപാതമധുരം-വീഴുമ്പോൾ (കേട്ടതീരുമ്പോൾ) മധുരമായിരിക്കുന്നതു്, 'അല്പകാലം മധുരമായിരിക്കുന്നതു്.

ആപാതം-വീഴ്ച.

ആപാതുക-വി. വീഴുക ശീലമുള്ള.

ആപാദം-അ. പാദംവരെ.

ആപാദചൂഡം, ആപാദമസ്തകം-കാല്മുതൽ തലവരെ.

ആപാദമധുരം-മുഴുവനും മധുരമായിരിക്കുന്നതു്.

ആപാദിക്ക-ലഭിക്ക, കൈക്കൊള്ളുക.

ആപാനം, ആപാനകം-മദ്യപാനം ചെയ്വാനായി കൂടിച്ചേരുന്ന സഭ. കൂടിച്ചേൎന്നുകുടിക്കുന്നേടം എന്നു ശബ്ദാൎത്ഥം മദ്യപാനംചെയ്യുന്ന സ്ഥലം. വ. മദ്യം വില്ക്കുന്ന സ്ഥലം.

ആപാലി-പേൻ.

ആപിഞ്ജര-വി. ചെമന്നനിറമുള്ള.

ആപിഞ്ജരം-സ്വൎണ്ണം.

ആപീഡം-ശിരോലങ്കാരം, തലയിലെ ആഭരണം. ചുഴിഞ്ഞുനില്ക്കുന്നതു് എന്നു വ്യുല്പത്തി. മറെറാരു പൎയ്യായം-ശേഖരം.

ആപീഡനം-പ്ര. ഞെക്കൽ, ഞെരുക്കൽ. വ. വേദനപ്പെടുത്തൽ.

ആപീത-വി. പ്ര. പാനംചെയ്യപ്പെട്ട, കുടിക്കപ്പെട്ട. വ. മഞ്ഞൾനിറമുള്ള.

ആപീന-വി. തടിച്ച

ആപീനം-പ്ര. അകിടു്. വളരുന്നതു് എന്നു ശബ്ദാൎത്ഥം. മറെറാരു പൎയ്യായം-ഊധസ്സ്. വ. കിണറു്.

ആപീനസം-പീനസം എന്ന രോഗം. തടിച്ചവരെക്കൂടി കൊല്ലുന്നതു് എന്നു ശബ്ദാൎത്ഥം. മറെറാരു പൎയ്യായം-'പ്രതിശ്യായം'.

ആപൂപം-അപ്പം.

ആപൂപികൻ - പലഹാരക്കച്ചവടക്കാരൻ. മററു പൎയ്യായങ്ങൾ-കാന്ദവികൻ, ഭക്ഷകാരൻ. ആപൂപം (അപ്പം) കച്ചവടമായിട്ടുള്ളവൻ എന്നു ശബ്ദാൎത്ഥം.

ആപൂപികം-അപൂപങ്ങളുടെ (അപ്പങ്ങളുടെ) സമൂഹം.

ആപൂര-വി. നിറഞ്ഞ.

ആപൃച്ഛനം-സംഭാഷണം.

ആപേക്ഷികമായി-താരതമ്യപ്പെടുത്തി പറയുമ്പോൾ, സദൃശപ്പെടുത്തി പറയുമ്പോൾ.

ആപോക്ലിമം-൩, ൬, ൯, ൧൨ ഈ രാശികൾ.

ആപ്ത-വി. പ്ര. വിശ്വസിക്കപ്പെട്ട. വ. ലഭിക്കപ്പെട്ട.

ആപ്തഗൎഭ-ഗൎഭിണി.

ആപ്തൻ-വിശ്വസ്തൻ, സ്വകാൎയ്യവൎത്തമാനങ്ങളെ അറിയുന്നവൻ എന്നു വ്യുല്പത്തി.

ആപ്തമിത്രം-വിശ്വസ്തമിത്രം, മനഃപൂൎവ്വം സ്നേഹിക്കുന്നവൻ.

ആപ്തസ്നേഹം-ഉററസ്നേഹം.

ആപ്ത-പിരിച്ച തലമുടി.

ആപ്തി-പ്ര. ലാഭം, ഇഷ്ടലാഭം. വ. ബന്ധനം, കെട്ടു്. ൩. വിശ്വാസം. ൪. ചേൎച്ച. ൫. സ്ത്രീയോടുള്ള ചേൎച്ച. ൬. യോഗ്യത. ൭. ഭാഗ്യസമയം.

ആപ്തോക്തി-ഗുണദോഷവചനം.

ആപ്പ-തവി, കരണ്ടി, വലിയ തവി.

ആപ്പു്-മരപ്പൂളു്, അടപ്പു്, അടയാളം, സാക്ഷ.

ആപ്യ-വി. ജലത്തിൽ വെച്ച.

ആപ്യം-പ്ര. അപ്പിന്റെ (ജലത്തിന്റെ) വികാരം. മറെറാരുപൎയ്യായം-'അമ്മയം' വ. കോട്ടം.

ആപ്യായനം-പ്ര. തൃപ്തി വ. തടിപ്പു്.

ആപ്യായിത-പ്ര. തൃപ്തിപ്പെട്ട. വ തടിച്ച

ആപ്രച്ഛനം-സ്വാഗതസംപ്രശ്നാദികളെക്കൊണ്ടു ഉണ്ടാക്കപ്പെട്ട, ആനന്ദം, ബന്ധുവാദിജനങ്ങളെ സ്വാഗതവചനം മുതലായതുകൊണ്ടു ആനന്ദിപ്പിക്കുക.

ആപ്രച്ഛന്ന-രഹസ്യമായുള്ള, മറഞ്ഞ.

ആപ്രപദം-അ. പുറവടിയോളം.

ആപ്രപദീനം-പുറവടിയോളം താണവസ്ത്രം, വസ്ത്രത്തിന്റെ എന്തുതന്നെയല്ല പുറവടിവരെ എത്തുന്ന വക്ക മുതലായ തോട്ടുകൂടിയ വസ്ത്രാദികൾ, നിലയങ്കിമുതലായതു്. പാദാഗ്രത്തെ പ്രാപിക്കുന്നതു് എന്നു ശബ്ദാർത്ഥം.

ആപ്ലവനം, ആപ്ലാവം, ആപ്ലവം-൧. തലമുങ്ങിക്കുളി. ൨. കുളി, വെള്ളം തളിക്ക, വെള്ളത്തിൽ മുഴുവനാഗമിക്കുക എന്നു ശബ്ദാർത്ഥം.

ആപ്ലവവ്രതി-ഗൃഹസ്ഥൻ, വിവാഹം കഴിച്ച ബ്രാഹ്മണൻ.

ആപ്ലവിക്ക-൧. തലമുങ്ങിക്കുളിക്കുക. ൨. കടക്കുക.

ആപ്ലുത-വി. കുളിച്ച.

ആപ്ലുതം-കുളി.

ആപ്ലുതവ്രതി-സ്നാതകൻ.

[ബ്രഹ്മചര്യാശ്രമത്തിന്റെ സമാപ്തികർമ്മമായ സമാവർത്തനം കഴിഞ്ഞു; ഗൃഹസ്ഥാശ്രമം കൈക്കൊണ്ടിട്ടുമില്ല; ഈ നിലയിലിരിക്കുന്നവനത്രേ സ്നാതകൻ.]

ആപ്ലുതൻ-ഗൃഹസ്ഥൻ.

ആഫലോദയം-അ. ഫലം ലഭിക്കുന്നതുവരെ.

ആഫൂകം-കറപ്പു്.

ആബദ്ധ-വി. കെട്ടപ്പെട്ട.

ആബദ്ധതൂണൻ-അമ്പുറയിട്ടവൻ.

ആബദ്ധം-കെട്ടു്. അമിക്കയറു്.

ആബന്ധനം-൧. കെട്ടു്. ൨. നുകക്കയറു്. ൩. ആഭരണം, അലങ്കാരം.

ആബന്ധം-൧. നുകക്കയറു്. ഇതുമകംണു ബന്ധിക്കുന്നു. മററു പര്യായങ്ങൾ-യോത്രം, യോക്ത്രം. ൨. കെട്ടു്. ൩. ആഭരണം, അലങ്കാരം.

ആബല്യം-ക്ഷീണം, തളർച്ച.

ആബാധ-ദുഃഖം. കലക്കുന്നതു് എന്നർത്ഥം.

ആബാലവൃദ്ധം-അ. ബാലന്മാർ മുതൽ വൃദ്ധന്മാർ വരെ.

ആബാല്യാൽ-ബാല്യംമുതൽക്കേ.

'ആബാല്യാൽപശുപതിമേവ ഭർത്തൃഭാവേ'

(ദക്ഷയാഗം കഥകളി)

ആബ്ദികം-വി. ആണ്ടുതോറുമുള്ള.

ആബ്ദികം-ആട്ടബലി.

ആഭ-ശോഭ.

ആഭരണം-അലങ്കാരം. മററു പര്യായങ്ങൾ-അലങ്കാരം, പരിഷ്കാരം, വിഭൂഷണം, മണ്ഡനം.

ആഭാഷണം-സംബോധനാപൂർവ്വകമായിട്ടുള്ള ഭാഷണം. നേരിട്ടിട്ടുള്ള ഭാഷണം എന്നു ശബ്ദാർത്ഥം. സംസാരം, സംഭാഷണം.

ആഭാസ-വി ൧. വഷളായുള്ള. ൨. ശോഭയുള്ള.

ആഭാസത്തനം-വേണ്ടാതനം.

ആഭാസത്വം-൧. വഷളത്വം. ൨. പ്രകാശത്വം.

ആഭാസം-൧. വഷൾ. ൨. വെളിച്ചം, പ്രതിബിംബം.

ആഭാസരൂപകം-രൂപകാലങ്കാരത്തിന്റെ ഒരു പിരിവു്, കവികൾ ചിലപ്പോൾ പാദപൂരണത്തിനുവേണ്ടി ചെയ്യുന്ന രൂപകം. ഉ-ം, അടിമലർ, മുഖാരവിന്ദം ഇത്യാദി.

ആഭാസ്വരന്മാർ-ഗണദേവതകളിൽ ഒരു കൂട്ടക്കാർ. ഇവർ ൬൪. ഗണദേവതകൾ=ഒന്നിച്ചുസഞ്ചരിക്കുന്ന ദേവന്മാർ. ആഭാസ്വരന്മാർ എന്നാൽ പ്രകാശിക്കുന്നവർ എന്നർത്ഥം.

ആഭിചാരം-അന്യരെ ഹിംസിക്കാൻവേണ്ടി ചെയ്യുന്ന ഹോമമന്ത്രജപാദിരൂപമായ കർമ്മം, ക്ഷുദ്രം, കൂടോത്രം.

ആഭിചാരികൻ, ആഭിചരണികൻ-ആഭിചാരം ചെയ്യുന്നവൻ, ക്ഷുദ്രംചെയ്യുന്നവൻ.

**ആഭിജാത്യം**-നല്ലകുലത്തിലെ ജനനം.

**ആഭിമുഖ്യം**-പ്ര. അനുകൂലഭാവം.

'അതിനൊരുത്തരമാഭിമുഖ്യവും'
(നളചരിതം കഥകളി)

വ. സന്നിധി, മുഖത്തോടുമുഖം.

**ആഭീരൻ**-ഇടയൻ, ഗോപൻ. പശുക്കളെ ഭരിക്കുന്നവൻ എന്നു ശബ്ദാർത്ഥം.

**ആഭീരപല്ലി**-ഇടയഗ്രാമം, ഇടയന്മാരുടെ വാസസ്ഥലം. മറ്റൊരു പര്യായം-ഘോഷം. പല്ലി എന്നു മാത്രമായാലും പര്യായംതന്നെ.

'ചൗര്യേണപ്രണയേനവാപഹരതഃ
പല്ലീഷുഗവ്യാന്യപി'
(നീലകണ്ഠചമ്പു)

**ആഭീരി**-ഇടയത്തി(ഇടച്ചി). ആഭീരന്റെ സ്ത്രീ എന്നർത്ഥം.

**ആഭീലം**-പ്ര. ദുഃഖം. എല്ലാടവും ഭയത്തെ ചെയ്യുന്നതു് എന്നു ശബ്ദാർത്ഥം. വ. അതിവേദന. ന. ശരീരപീഡ.

**ആഭുഗ്നം**-വി. അല്പം വളഞ്ഞ, വളഞ്ഞ.

**ആഭൂതസംപ്ലവം**-പിശാചുകളാലുള്ള ബാധ.

**ആഭൂതസംപ്ലവം**-അ. ലോകനാശംവരെ.

**ആഭൂതി**-ശക്തി, സാമർത്ഥ്യം.

**ആഭോഗം**-പരിപൂർത്തി, പരിപൂർണ്ണാവസ്ഥ. ഒരേടത്തും ന്യൂനതയില്ലായ്ക എന്നു ശബ്ദാർത്ഥം, മറ്റൊരു പര്യായം-പരിപൂർണ്ണത.

**ആഭോഗമാന്ന**-സുഖാനുഭവയോഗ്യമായ

**ആഭോഗാനന്ദം**-പൂർണ്ണസന്തോഷം.

**ആഭ്യന്തര**-വി. അകമേയുള്ള ആഭ്യന്തരം > <ബാഹ്യം.

**ആഭ്യന്തരക്രിമി**-ഒരു രോഗം.

[ജ്വരവും വൈവർണ്ണ്യവും വയററിൽ വേദനയും ഹൃദ്രോഗവും ശരീരസാദവും തലതിരിച്ചലും അന്നത്തിൽ വെറുപ്പും അതിസാരവും ഉണ്ടാകുമ്പോൾ അകത്തു ക്രിമിയുടെ ഉപദ്രവമുണ്ടെന്നറിയണം.]

**ആഭ്യന്തരം**-വ്യാകരണത്തിൽ ഒരു പ്രയത്നം.

**ആമ് (ആം)**-അ. അംഗീകാരം, ഒരുത്തൻ ഒന്നുപറഞ്ഞാൽ മടിക്കൂടാതെ അതിനെ അംഗീകരിക്കുന്നതിൽപ്രയോഗം. മറ്റൊരു പര്യായം-'ഏവം'.

'സമ്പ്രശ്നേഽവധാരണേ
ഗാഢമേവംസ്വയമാത്മനാ' (അമരം)

**ആമ**-വി. പച്ചയായ. ഉ-ം, ആമകുംഭം=പച്ചക്കുടം.

**ആമ**-പ്ര. ഇഴയുന്ന ഒരു ജന്തു. ഇതു് ഇതിന്റെ അവയവങ്ങൾ അഞ്ചിനെയും ഉള്ളിലേയ്ക്കു വലിക്കുന്നതുകൊണ്ടു് ഇതിനു 'പഞ്ചാംഗം' എന്നു പേരുണ്ടു്. പര്യായങ്ങൾ-കൂർമ്മം, കമഠം, കച്ഛപം. വ. അംഗീകാരം.

**ആമഗന്ധി**-ദഹിക്കാതെ പോകുന്ന മലത്തിന്റെ നാററം, പച്ചമാംസത്തിന്റെ ഗന്ധത്തോടു തുല്യമായ ഗന്ധത്തോടുകൂടിയ വസ്തു.

**ആമജ്വരം**-ഒരു ദീനം.

[ഇതിനു വായിൽനിന്നു വെള്ളം ഒഴുകും, നെഞ്ചു കലിക്കും. ഏമ്പക്കത്തിനു് അശുദ്ധി, അരുചി, മടി, ക്ഷീണം, ദഹനക്കുറവ് ഇവയുണ്ടാകും. വായ്ക്കു രസം സംവേദിക്കയില്ല. ദേഹത്തിനു കനമുണ്ടാകും. വിശപ്പ് കാണുകയില്ല. മൂത്രം വളരെ പോകും. ദേഹം സ്തംഭിക്കും. ജ്വരത്തിനു വേഗം അധികമാവും. ഈ രോഗത്തിനു ഔഷധം കൊടുത്താൽ പിന്നെയും വർദ്ധിക്കും.]

**ആമതാ, ആമത്വം**-പച്ചയായസ്ഥിതി.

**ആമതൃഷ്ണ**-ഒരു രോഗം.

[ആമദോഷം ഹേതുവായിട്ടും തൃഷ്ണയുണ്ടാകും. അതിനു ത്രിദോഷത്തിന്റെ ലക്ഷണങ്ങളും കാണും. ഏതത്തിനു വേ

നം, കൃഷ്ണുടെയുള്ള തുപ്പൽ, ശരീരത്തിന തളച്ച് ഇവയും കൂടി ഉണ്ടാകും.]

ആമണ്ഡം—ആവണക്ക് (ആമണക്ക്). അലങ്കരിക്കുന്നത് എന്നു ശബ്ദാർത്ഥം.

ആമനസ്യം—പ്ര. ദുഃഖം. അമനസ്സിന്റെ (ദുർമ്മനസ്സിന്റെ) ഭാവം എന്നർത്ഥം. വ. മനഃപീഡ. ന. ദൌർമ്മനസ്യം. ൪. പ്രസവവേദന.

ആമന്ത്രണം—വഴിയാത്രപറയൽ, യാത്ര ചോദിക്കുക, ക്ഷണിക്കുക, ക്ഷണത്തിന വിളിക്കുക.

ആമന്ത്രിക്ക—യാത്രചോദിക്കുക.

'ആമന്ത്രിച്ചിത്രിദിശപ്പതനാ
ധീശനാമീശസൂനും' (മയൂരസന്ദേശം)

ആമന്ത്രാണം—ക്ഷണിക്കൽ. വ. മുട്ട്.

ആമന്ത്രിത—വി. പ്ര. ക്ഷണിക്കപ്പെട്ട, വിളിക്കപ്പെട്ട. വ. യാത്രപറയപ്പെട്ട.

ആമന്ദ്രം—മുഴക്കം, മുഴങ്ങൽ.

ആമപീനസം—ഒരു രോഗം.

[ഈ രോഗത്തിന തലക്ക കനവും അരുചിയും ഉണ്ടാകും. മൂക്കിൽക്കൂടി വെള്ളം ഒഴുകും. ശബ്ദം തന്നവായും അവ്യക്തമായും ഇരിക്കും. മൂക്കിൽക്കൂടി കൂടക്കൂടെ കഫം വരും.]

ആമം—പ്ര. തടിവിലങ്ങ. വ. ദഹിക്കാതെ വയറിൽ കിടക്കുന്ന അന്നം. ന. രോഗം. ൪. അജീർണ്ണം.

ആമന്ദം—അ. പതുക്കപ്പതുക്കെ.

ആമപ്പലക—ആമയുടെ ആകൃതിയിൽ ബ്രാഹ്മണർക്കിരിപ്പാൻ ഉണ്ടാക്കുന്ന പീഠം (കൂർമ്മപീഠം)

ആമമാംസം—പച്ചയിറച്ചി.

ആമയം—പ്ര. വ്യാധി. കൊല്ലുന്നത് എന്നു ശബ്ദാർത്ഥം. വ. ദീനം, രോഗം. ന. കൊട്ടം.

ആമയാവി—വി. വ്യാധിയുള്ള.

ആമരണാന്തം, ആമരണാന്തികം—അ. മരിക്കുന്നതുവരെ.

ആമർദ്ദനം ചെയ്ക—തടവുക.

ആമർശനം—പ്ര. ആലോചന. വ. തൊട്ടുക. ന. ഉരയുക.

ആമർഷം, ആമർഷണം—പ്ര. കോപം. വ. ക്ഷമയില്ലായ്മ.

ആമലകം—നെല്ലിക്ക. വ. നെല്ലിവൃക്ഷം.

ആമലകി, ആമലകം—പ്ര. നെല്ലി. ഗുണങ്ങളെ ധരിക്കുന്നത് എന്നു ശബ്ദാർത്ഥം. വ. നെല്ലിക്ക.

[നെല്ലിയെ പ്രദക്ഷിണംവയ്ക്കുക, സേവിക്കുക, നനയ്ക്കുക, നെല്ലിക്ക മുടങ്ങാതെ തിന്നുക മുതലായവകൊണ്ടു കലിബാധ തീരും. ഇവരെ കലിബാധിക്കുകയില്ല.]

ആമവാതം—ഒരു രോഗം.

[വിരുദ്ധാഹാരം ഭക്ഷിക്കുന്നവൻ, വിരുദ്ധകർമ്മപ്രവർത്തകൻ, അഗ്നിമാന്ദ്യമുള്ളവൻ, വ്യായാമമില്ലാത്തവൻ, സ്നിഗ്ദ്ധദ്രവ്യങ്ങളെ ക്രമത്തിലധികം ഭക്ഷിക്കുന്നവൻ, ഭക്ഷണം കഴിഞ്ഞാൽ ഉടൻ വ്യായാമം ചെയ്യുന്നവൻ ഇങ്ങിനെയുള്ളവർക്ക് ഈ രോഗം ഉണ്ടാകുന്നു. ആമം വായു പ്രേരിതമായിട്ട കഫസ്ഥാനത്തെ പ്രാപിക്കയും മററും ചെയ്യും. ദേഹം സ്തംഭിക്കുന്നതാണ പ്രധാനലക്ഷണങ്ങളിൽ ഒന്ന്.]

ആമശൂല—ഒരു രോഗം.

[ഈ രോഗത്തിന വയററിൽ പൊട്ടപൊട്ട് എന്ന ശബ്ദവും, നെഞ്ചു കലപ്പും, ഛർദ്ദിയും, ഗുരുത്വവും, മന്ദതയും, വയർവീർപ്പും മററും ലക്ഷണങ്ങളാകുന്നു.]

ആമശ്രാദ്ധം—പിതൃസംബന്ധമായ ഒരു ശ്രാദ്ധം, (ചാത്തം ഊട്ടുന്നതിന പകരം, അരിമുതലായ ഭക്ഷണസാധനങ്ങളെ ദാനംചെയ്യുക.)

ആമാജീൎണ്ണം-ഒരു രോഗം.

[അജീൎണ്ണങ്ങളിൽവെച്ച് ഈ രോഗത്തിൽ ദേഹത്തിനു കനവും, തേട്ടലും കവിൾത്തടങ്ങളിലുംകണ്ണിൻപോളയിലും വീക്കവും, ഏമ്പക്കവുമുണ്ടാകും. അപ്പോൾ ഭക്ഷണം കഴിച്ചതുപോലെ തോന്നും, ഇവയത്രേ ലക്ഷണം.]

ആമാതിസാരം-ഒരു രോഗം.

[അന്നം ദഹിക്കായ്കനിമിത്തംവാതം മുതലായ ദോഷങ്ങൾ സ്വസ്ഥാനത്തെ ഉപേക്ഷിച്ച് കോഷ്ഠത്തിൽ എത്തിരക്തം തുടങ്ങിയ ധാതുക്കളേയും മലമൂത്രങ്ങളെയും ഇളക്കി അതിസാരത്തെ ഉണ്ടാക്കുന്നു ആ മലം പല നിറത്തിലിരിക്കും. വയറുവേദനയോടുകൂടിയാണു മലംപോവുക ഇതു് ആറാമത്തെ അതിസാരമാണ്.]

ആമാത്യൻ-പ. മന്ത്രി. വ. ഭൃത്യൻ.

ആമാനസ്യം-പ. വേദന. വ. വ്യസനം

ആമാശയം-ഇതു മാംസപേശികളെക്കൊണ്ടു ഉണ്ടാക്കപ്പെട്ടിട്ടുള്ള ഒരു സഞ്ചിയും ദഹനേന്ദ്രിയങ്ങളിൽ ഒന്നുമാകുന്നു, മേൽവയറ്.

ആമാറു-(വ്യാകരണത്തിൽ) കൊണ്ടാദിഗണത്തിൽ ഉൾപ്പെട്ടതാണ്. ചതുൎത്ഥിവിഭക്തിയിൽ ചേരും.

ആമി-ഘനം കുറഞ്ഞ ഒരു വക വൃക്ഷം (മതി).

ആമിക്ഷാ, ആമീക്ഷാ-കാച്ചിയതും ചൂടുള്ളതുമായ പാലിൽ തൈർ ചേൎത്തുണ്ടാക്കുന്നതു്. കൂട്ടിച്ചേൎക്കപ്പെട്ടതു് എന്നു ശബ്ദാൎത്ഥം.

ആമിഷഭോജി-രാക്ഷസൻ.

'ആമിഷഭോജികളെ വധിപ്പാനായിക്കൊണ്ടു'
(അദ്ധ്യാത്മരാമായണം)

ആമിത്രി-ശത്രുവിന്റെകുട്ടി (കാന്തൃ).

ആമിഷാശി-മാംസം ഭക്ഷിക്കുന്നവൻ, രാക്ഷസൻ. മറ്റൊരു പൎയ്യായം-ശഷ്കുലൻ' സ്ത്രീലിംഗം-ആമിഷാശിനി.

ആമിഷം-പ. മാംസം. പരസ്പരസ്പൎദ്ധാകാരണം എന്നു ശബ്ദാൎത്ഥം. വ. കൈക്കൂലി. അനുഭവിക്കപ്പെടുന്നതു് എന്നു ശബ്ദാൎത്ഥം. ന. കപ്പം. ര. കാമ്യദ്രവ്യം.

ആമിഷി-മാഞ്ചി.

ആമീൻ-പ. സ്വദേശപോലീസ്ഉദ്യോഗസ്ഥൻ. വ. സിവിൽകോടതികളിലെഒരു ജീവനക്കാരൻ.

ആമീൽ-ശേഖരിപ്പുകാരൻ.

ആമുക്ത-വി. പ. അഴിച്ചുവിടപ്പെട്ട. വ. ധരിക്കപ്പെട്ട.

ആമുക്തം-പ. കെട്ടപ്പെട്ട ചട്ട കുപ്പായം മുതലായതു. ആമോചിക്കപ്പെട്ടതു് എന്നു ശബ്ദാൎത്ഥം. വ. വിടപ്പെട്ടതു്.

ആമുക്തി-പ. മോചനം, വിടുതൽ. വ. മോക്ഷം.

ആമുഖം-ആരംഭം.

ആമുഗ്ദ്ധ-വി. സൌന്ദൎയ്യമുള്ള.

ആമുഷ്മിക-പരലോകസംബന്ധമായ.

ആമൂലം-അ. ചുവട്ടിലോളം.

ആമൂലാഗ്രം-അ. ചുവടുമുതൽ തലവരെ.

ആമൃണ-വി. മുറിവേല്പിക്കാത്ത, മുറിവേല്പിക്കാകുന്ന.

ആമൃഷ്ടം-തുടയ്ക്കപ്പെട്ടതു്.

'പരിചോടുചിരിച്ചുമൃഷ്ടോരു
സ്ഫുരദരിചന്ദനം' (ശാകുന്തളം)

ആമേരികം-അമേരിക്കാ (America)

ആമോചനം-പ. അഴിച്ചുവിടുക, സ്വാതന്ത്ര്യമാക്കുക. വ. ധരിക്കുക, കെട്ടുക.

ആമോടനം-ഞെരുക്കുക, ഞെരിക്കുക.

ആമോദനം-പ. സന്തോഷം. വ. സുഗന്ധമുണ്ടാക്കുക.

ആമോദം-പ. സുഗന്ധം. വ. സന്തോഷം ഈ രണ്ടൎത്ഥവും തമാശകാണിക്കുന്ന ഉദാഹരണത്തിൽ ഉണ്ടു്.

'കാമോല്ലാസാനുകൂലംകുവലയഭവനമാ-
മോദസന്ദേശദാത്രീം'

(ദക്ഷയാഗം കഥകളി)

**ആമോദംചെയ്ക**-മണത്തറിയുക.

**ആമോദി**-വി. ൧. സൌരഭ്യത്തെ ഉണ്ടാക്കുന്ന. ൨. സന്തോഷത്തെ ഉണ്ടാക്കുന്ന.

**ആമോദി**-മുഖത്തിനു സൌരഭ്യത്തെ ഉണ്ടാക്കുന്നതായ താംബൂലം, കർപ്പൂരം, മദ്യം മുതലായതു്.

**ആമോഷി**-കള്ളൻ.

**ആമോഷം**-൧. കളവു. ൨. കവർച്ച.

**ആമോഘനിക**-ഒരു സുഗന്ധസാധനം.

**ആമ്നായം**-൧. വേദം. അഭ്യസിക്കപ്പെടുന്നതു്. ധർമ്മാധർമ്മങ്ങളെ ഉപദേശിക്കുന്നതു് എന്നു ശബ്ദാർത്ഥം. ൨. ഗുരുപരമ്പരയായി സിദ്ധിച്ച സദുപദേശം.

**ആമ്നായമൂർത്തി**-൧. വിഷ്ണു. ൨. ശിവൻ.

**ആമ്പൽ**-വെള്ളത്തിലുള്ള ഒരു ചെടി, പുഷ്പം. വെള്ളാമ്പൽ, രക്താമ്പൽ, ചെറചിററാമ്പൽ, ഒട്ടലാമ്പൽ, ചിററാമ്പൽ, നെയ്യാമ്പൽ ഇങ്ങിനെ പലതരം ഉണ്ടു്. പര്യായങ്ങൾ-കുമുദം, കൈരവം.

**ആമ്പൽപ്പൊയ്ക**-ആമ്പൽനിറഞ്ഞതടാകം. പര്യായങ്ങൾ-കുമുദ്വതി, കുമുദിനി.

**ആമ്പാടി, അമ്പാടി**-ഗോപാലന്മാരുടെ രാജധാനി. ആയൻപാടി, ഐമ്പാടി ഇങ്ങിനേയും പറയുന്നു.

**ആമ്രഫലം**-മാങ്ങ.

**ആംബരീഷപുത്രകം**-അംബരീഷപുത്രന്മാർ നിവസിച്ച ഒരു രാജ്യം.

**ആംബികേയൻ**-൧. ധൃതരാഷ്ട്രർ. ൨. സുബ്രഹ്മണ്യൻ.

**ആംഭസികം**-മത്സ്യം. അംഭസ്സിൽ (ജലത്തിൽ) ഉണ്ടാകുന്നതു്.

**ആമ്രകൂടം**-ഒരു പർവ്വതം. (സന്നേമനേശ്ലകൂടം.)

**ആമ്രാതം, ആമ്രാതകം**-അമ്പഴം. മാങ്ങയോടു തുല്യമായ ഫലമുള്ളതു് എന്നു ശബ്ദാർത്ഥം.

**ആമ്രാസ്ഥി**-മാങ്ങയണ്ടി.

**ആമ്രം**-മാവു്. ആഗ്രഹിക്കപ്പെടുന്നതു് എന്നു ശബ്ദാർത്ഥം.

**ആമ്രേഡനം**-പിന്നെയും പിന്നെയും പറക.

**ആമ്രേഡിക്ക**-വർദ്ധിപ്പിക്ക.

**ആമ്രേഡിത**-വി. പിന്നെയുംപിന്നെയും ആവർത്തിക്കപ്പെട്ട, രണ്ടുമൂന്നുപ്രാവശ്യം പറയപ്പെട്ട.

**ആമ്രേഡിതം**-രണ്ടും മൂന്നും പ്രാവശ്യം പറയുന്നതിന്റെ പേർ. പരിഭ്രമം ഹേതുവായിട്ടു പല തവണ ഉച്ചരിക്കപ്പെടുന്നതു് എന്നു ശബ്ദാർത്ഥം. ഉ-ം, 'ഹേ! പേപ്പട്ടി!, പേപ്പട്ടി!'

**ആമ്ലാനം**-വാടിയതു്.

**ആമ്ലം**-പുളിരസം. ൨. പുളിമരം.

**ആമ്ലികാ, അമ്ലികാ**-൧. പുളിമരം. പുളിരസമുള്ളതു് എന്നർത്ഥം. ൨. പുളിപ്പു്.

**ആയക്കെട്ടു്**-കരം പതിഞ്ഞ നിലങ്ങളുടെ കണക്കു്, നിലം പുരയിടങ്ങളുടെ കണക്കു്.

**ആയത**-വി. ൧. നീളമുള്ള, നീണ്ട. ൨. പരന്ന.

**ആയതനം**-൧. വീടു, പാർപ്പിടം. ൨. യജ്ഞസ്ഥാനവിശേഷം. അഗ്നികാര്യമായിയത്നം ചെയ്യുന്നിടം എന്നു ശബ്ദാർത്ഥം. ൨. ദേവാലയം. ൩. രാജപൂജിതവൃക്ഷം. ൪. ബൌദ്ധാലയം. ൫. രോഗങ്ങളുടെ കാരണം.

**ആയതനേത്രൻ**-നീണ്ടകണ്ണുള്ളവൻ.

**ആയതനേത്ര, ആയതലോചന, ആയതേക്ഷണ, ആയതാക്ഷി**-നീണ്ടകണ്ണുള്ളവൾ (സുന്ദരി എന്നർത്ഥം)

ആയതാക്ഷ-വി. നീണ്ടകണ്ണുള്ള.
ആയതി-പു. ദൈർഘ്യം.
'ശ്രുതിയാളും കൈരളി! നിൻ
സ്തുതിയായതിയാർന്നിടും ദൃഢം പാരിൽ'
(ഷഷ്ടിപൂർത്തിഷഷ്ഠി)
വ. ഭാവികാലം. ഒടുവിൽ അവസാനി
ക്കുന്നത്. വരാൻപോകുന്നത് എന്നർത്ഥം.
ന. പ്രഭുത്വം. ര. ചേർച്ച. ഉ. സ്വീകാ
രം, ലഭിക്കുക.
ആയതം-നീണ്ടത്. പ്രയത്നപ്പെടുന്നത്
എന്ന ശബ്ദാർത്ഥം. മറ്റൊരു പര്യായം-
ദീർഘം.
'ആയതമായുള്ളധാത്രീതലംഭവാൻ'
(ധ്രുവചരിതം തുള്ളൽ)
ആയത്ത-വി. അധീനമായ.
ആയത്തൻ-അന്യന്നധീനൻ. അന്യനെ
വേണ്ടിയതിക്കുന്നവൻ എന്ന ശബ്ദാർത്ഥം
ആയത്തി-പു അധീനം. വ. ബലം ന.
അതിര്. ര. നീളം. ഉ. ഭാവികാലം.
ന. പ്രഭുത്വം.
ആയഥാതഥ്യാ-വേണ്ടപോലെ അ
ല്ലായ്ക.
ആയൻ-പു. ഇടയൻ, ആട്ടിടയൻ, വ.
പശുവടിക്കുന്നവൻ. (ആയർ=ഇടയർ)
സ്ത്രീലിംഗം-ആച്ചി
ആയമ്പാടി-പു. അമ്പാടി, ഗോഷ്ഠം.
വ. സാമൂതിരിയുടെ കോവിലകം (ഐ
മ്പാടി.)
ആയം-പു. വരവ്, പണത്തിന്റെ വര
വ്, ലാഭം. വ. മേഹാലപാനത്തിന്റെ
സ്വാധീനത ആയം> <വ്യയം. ന.
(ജ്യോതിഷത്തിൽ)പതിനൊന്നാമിടം.
ആയർകോൻ-പു ആയന്മാരിൽ (ഇട
യന്മാരിൽ) പ്രമാണി. വ. പശുവടി
ക്കുന്നവരിൽ മുഖ്യൻ. (കോൻ-മുഖ്യൻ,
ശ്രേഷ്ഠൻ) ഉ-ം, അമരർകോൻ(ഇന്ദ്രൻ)
ആയർമകൻ-ഗോപാലബാലൻ.
ആയവണ്ണം-കഴിയുന്നപോലെ.

ആയസ-വി പു. ഇരിമ്പുകൊണ്ടുള്ള. വ.
ഇരിമ്പായുധം ധരിച്ച.
ആയസി-പടച്ചട്ട, (ഇരിമ്പു) കവചം.
ആയസം-പു. ഇരിമ്പ്. വ. ഇരിമ്പുകൊ
ണ്ടുണ്ടാക്കിയത്. ന. ആയുധം.
ആയസ്ഥാരാ-ആനയുടെ തുടയുടെ മുകൾ
വശം.
ആയാഗാ-യാഗത്തിൽ കൊടുക്കുന്ന ഒരു
സമ്മാനം.
ആയാചിത-വി. ആവശ്യമായി യാചി
ക്കപ്പെട്ട.
ആയാത-വി. വന്ന.
ആയാതി-വരവ്.
ആയാതം-വന്നത്.
ആയാനാ-വരവ്.
ആയാപനാ-പു. വരുവാൻ കാരണമാ
ക്കുക. വ. ക്ഷണം (ക്ഷണിക്കുക)
ആയാമം-നീളം, വാര, കോൽ മുതലായ
തുകൊണ്ട് അളന്ന കൃത്യപ്പെടുത്തുന്നതു
എന്നർത്ഥം.
'ആയാമമുള്ളോരു ചാലവിളങ്ങും
കായാമ്പൂതൻകോരകമെന്നാപോലെ'
(ശ്രീകൃഷ്ണചരിതം)
ആയാംകുടി-തിരുവിതാംകൂറിൽ ഏററുമാ
നൂർ താലൂക്കിലെ ഒരു പകുതിയായ ക
ടുത്തുരുത്തിയിലുള്ള ഒരു കര.
ആയാസിക്ക-പ്രയാസപ്പെടുക.
ആയാസം-പു. ക്ഷീണം, തളർച്ച വ. പ്ര
യാസം.
ആയി-പു. ഭവിച്ചു വ. തിൻ ന (വ്യാക
രണത്തിൽ)കേന്നാദിഗണത്തിൽ ഒന്ന്.
ചതുർത്ഥിയിൽ ചേരുന്നു. ദേവനായി=
ദേവനുവേണ്ടി.
ആയിക്കുടി-തിരുവിതാംകൂറിൽ ചെങ്കോട്ട
താലൂക്കിലെ ഒരു പകുതി.
ആയ കൊണ്ടു-വേണ്ടി. ചതുർത്ഥിയുടെ
പ്രത്യയം.

ആയിക്കോട്ട - തിരുവിതാംകൂറിന്റെ വടക്കെ അതിർത്തിയിലെ കോട്ട.

ആയിനി ആഞ്ഞിലി, കാട്ടുപിലാവ് പൂളിയായിനി - ഇതിന്റെ ഫലത്തിനു 'കാട്ടുചക്ക' എന്നു പേർ.

ആയിനിവിളമ്പുക - പാൽചോറൂണ്. അയിനിയൂണു നോക്കുക.

ആയിരക്കണ്ണി - വിളധിക്കുരു.

ആയിരപ്പന്തം - ആയിരം ദീപമുള്ള പന്തം (വിളക്കുതണ്ട്)

ആയിരം - പത്തു നൂറുകൂടിയത്.

ആയിരംതെങ്ങ് - തിരുവിതാംകൂറിൽ അഷ്ടമുടിക്കായലിനെ കായംകുളത്തോടു യോജിപ്പിക്കുന്ന മറ്റൊരു ചെറിയ കായൽ.

ആയിരന്നാവൻ - അനന്തൻ.

ആയിരംപല്ലി - ഒരു വക മത്സ്യം. സംസ്കൃതത്തിൽ 'സഹസ്രദംഷ്ട്രം' എന്നും 'പാഠീനം' എന്നും പേർ.

ആയിരോൻ - ആയിരം നായന്മാർക്കു പ്രമാണി.

ആയില്യം - ൧. ഒൻപതാമത്തെ നക്ഷത്രം ൨. മണ്ണാറശ്ശാലെ നാഗങ്ങളെ സംബന്ധിച്ച ഒരു വിശേഷനാൾ.

ആയുക - ൧. ബലംമുറുക്കുക. ൨. അടുക്കുക. ൩. മുമ്പോട്ടുചാടുക, (തെരയുക, പെറുക്കുക, ചിതറുക).

ആയുക്ഷീണം - ആയുസ്സിന്റെ ബലക്കുറവ്.

ആയുധജീവി - ആയുധംകൊണ്ടു ജീവിക്കുന്നവൻ. പര്യായങ്ങൾ - ശസ്ത്രാജീവൻ കാണ്ഡസ്പൃഷ്ടൻ, ആയുധീയൻ, ആയുധികൻ.

ആയുധപാണി ആയുധം ധരിച്ചവൻ.

ആയുധം - വാള്, കുന്തം ശൂലം, വില്ല്, അമ്പ് മുതലായത്. ഇതുകൊണ്ടു യുദ്ധം ചെയ്യുന്നതിനാൽ ഈ പേരുണ്ടായി- മററു പര്യായങ്ങൾ—പ്രഹരണം, ശസ്ത്രം, അസ്ത്രം.

'ശൂലം,മുസലം,പരിഘവും, ചക്രവും
വേലോട്ട,വെണ്മഴു,കുന്തം,ഗദകളും,
തുള്ളുംമുനയേറിടുംചുരികക,
ളുള്ളൊരട്ടങ്ങുംകട്ടത്തില,വാളുകൾ'

ആയുധവിദ്യ - ആയുധാഭ്യാസം. ആയുധശാസ്ത്രം.

ആയുധശാല - ആയുധങ്ങൾസൂക്ഷിക്കുന്ന മുറി.

ആയുധാഭ്യാസം - ആയുധപ്രയോഗം ശീലിക്കുക.

ഈ വിദ്യ ൧൮ വിധം (തടുക്കുന്നപ്രയോഗവും പണിക്കർ പഠിപ്പിക്കുന്നതുമാണ്.) ൧. മാതിരം, ൨. കടകം, ൩. ചട്ടുകം. ൪. മണ്ഡലം, ൫. വൃത്തചക്രം. ൬. സൂകങ്കാളം, ൭. വിജയം, ൮. വിശോമോഹനം ൯. തിര്യങ്മണ്ഡലം (അന്യോന്യം) ൧൦. ശരയംഖേടസംഹാരം. ൧൧ ശത്രുഞ്ജയം, ൧൨. സൌഭദ്രം. ൧൩. പടലം. ൧൪. പുരഞ്ജയം. ൧൫. കായവൃദ്ധി. ൧൬. ശിലാഖണ്ഡം. ൧൭. ശരശാസ്ത്രം. ൧൮. അനന്തമം.

ആയുധികൻ, ആയുധീയൻ - ആയുധവിദ്യകൊണ്ടുപജീവിക്കുന്നവൻ, ആയുധക്കാരൻ.

ആയുർദ്ദായം - ജീവനകാലം.

ആയുർബ്ബലം - ആയുസ്സിന്റെ ശക്തി.

ആയുർഭാവം - എട്ടാംരാശി, എട്ടാംഭാവം.

ആയുരന്തം - മരണം. (ആയുഃ + അന്തം = ആയുരന്തം)

ആയുർവ്വർദ്ധനം - ആയുസ്സിന്റെ ഐശ്വര്യം

ആയുർവ്വേദം - ഋഗ്വേദത്തിന്റെ ഉപവേദം, വൈദ്യം.

ആയുശ്ശേഷം - ശേഷിച്ച ആയുസ്സ്.

ആയുഷ്കരം - ആയുസ്സിനെ ചെയ്യുന്ന.

ആയുഷ്കർമ്മം - ആയുസ്സുണ്ടാവാൻ ചെയ്യുന്ന പ്രവൃത്തി.

**ആയുഃഷ്ടോമം, ആയുഃസ്തോമം**-ആയുസ്സിനെ സംബന്ധിച്ച ഒരു അടിയന്ത്രം.

**ആയുഷ്പരിമാണം**-ആയുസ്സിൻെറ പരിമാണം. (ഭാഗവതം തൃതീയസ്കന്ധം നോക്കുക).

**ആയുഷ്മൽ**-വി. വളരെക്കാലം ജീവിച്ചിരിക്കുന്ന.

**ആയുഷ്മാൻ**-വളരെക്കാലം ജീവിച്ചിരിക്കുന്നവൻ. വളരെ ആയുസ്സുള്ളവൻ എന്നർത്ഥം. മറ്റൊരു പര്യായം-ജൈവാതൃകൻ.

**ആയുഷ്യം**-ന. ആയുസ്സിൻെറ വൃദ്ധി. ൨. കുട്ടി പിറന്നാലുള്ള ഒരടിയന്ത്രം.

**ആയുസ്സ്**-ന. ജീവിച്ചിരിക്കുന്ന കാലം. പ്രാപിക്കുന്നത് എന്നു ശബ്ദാർത്ഥം. മറ്റൊരു പര്യായം-'ജീവിതകാലം'. ൨. പുരൂരവസ്സിൻെറ പുത്രൻ. (ഉർവ്വശിയിൽ പുരൂരവസ്സിനുണ്ടായവൻ), നഹുഷൻെറ പിതാവ്.

**ആയോഗം**-ന. നിയമനം, ഏർപ്പെടുത്തുക. ൨. പ്രവൃത്തി. ൩. കര ൪. ചെച്ച്

**ആയോഗവൻ**-ശൂദ്രനു വൈശ്യസ്ത്രീയിൽ ഉണ്ടായവൻ. അസവർണ്ണന്മാരായ മാതാപിതാക്കന്മാരുടെ സംയോഗത്താൽ പതിമ്മൂന്നു സങ്കരജാതികൾ ഉണ്ടാകുന്നതായി പ്രാചീനാർഷവൃത്തം പറയുന്നു. സ്ത്രീലിംഗം-ആയോഗവി.

**ആയോജിതം**-ചേർക്കപ്പെട്ടത്.

**ആയോധനം**-യുദ്ധം. നല്ലവണ്ണം പ്രഹരിക്കുക എന്നർത്ഥം.

'അയിവിജയതരികഗയമപതനതുരംഗമസം
ആയോധനം വേണമെന്നില്ല ശാഠ്യവും'
(കൃഷ്ണാർജ്ജുനവിജയം തുള്ളൽ)

**ആര്**-തെങ്ങു, കവുങ്ങു മുതലായതിൻെറ വാരിയിൽനിന്ന് മുള്ളുപോലെ എഴുന്നു വരുന്ന വസ്തു.

**ആര്?**-പരിചയമില്ലാത്ത ഒരാളെക്കണ്ടാൽ ചോദിക്കുന്ന വാക്ക്. ഉ ം, താൻ ആര്? നീ ആര്?

**ആര**-വി. വിചാരമറിയ, [illegible].

**ആരക്കൂടം**-പിച്ചള. ചെല്ലുന്നേടം പൊള്ളിക്കുന്നത് എന്നു വ്യുല്പത്തി. മറ്റൊരു പര്യായം-രീതി.

**ആരക്തം**-കുറഞ്ഞൊന്നു ചുവന്നത്.

**ആരക്ഷകൻ**-കാവൽക്കാരൻ, നടന്നു കാവൽ കാക്കുന്നവൻ.

**ആരഖാൻ**-ആരഖാൻ Arakhan.

**ആരഗ്വധം**-കൊന്നവൃക്ഷം. രോഗശങ്കയെ മുഴുവൻ കളയുന്നത് എന്നു ശബ്ദാർത്ഥം. ആരഗ്വധം, ആഗ്ഗ്വധം എന്നു പാഠഭേദങ്ങൾ.

**ആരഘട്ടം**-കിണറു.

**ആരചിക്ക**-ചെയ്യുക.

**ആരടം**-തറവാട്.

**ആരടൻ**-കളിക്കാരൻ, വേഷക്കാരൻ.

**ആരട്ടം**-പഞ്ചാബിൽ വടക്കു കിഴക്കുവശമുള്ള ഒരു സ്ഥലം; കുതിരകൾക്കു വിശേഷപ്പെട്ടതു്.

**ആരണൻ**-ബ്രാഹ്മണൻ.

**ആരണം**-വേദം.

**ആരണി**-നീർച്ചുഴി.

**ആരണ്ഡം**-ആവണക്ക്.

**ആരണ്യ**-വി. കാട്ടിലുണ്ടായ, കാട്ടിനെ സംബന്ധിച്ച.

**ആരണ്യകം**-ബ്രാഹ്മണങ്ങളുടെ അന്തത്തിൽ ആരണ്യകമെന്ന ഒരു ഭാഗമുണ്ട്. ഈ ഭാഗത്തെ വാനപ്രസ്ഥൻ വനത്തിൽ നിന്നു അദ്ധ്യയനംചെയ്യും. അതിൽ വിധിച്ച ധർമ്മങ്ങളെ അനുഷ്ഠിക്കേണ്ടുകയാൽ അതിനു 'ആരണ്യകം' എന്നു പേർ. മേലാക്കി പിതൃക്കളുടെ ഋണങ്ങൾ തീർത്തശേഷം ഗൃഹഭാരം പുത്രന്മാർക്കു ഏല്പിച്ചുകൊടുത്തു. ഗൃഹസ്ഥൻ

നിവൃത്തി മാർഗ്ഗത്തിൽ പോവാനായി സ്വീകരിക്കേണ്ടുന്ന ആശ്രമം വാനപ്രസ്ഥമാകുന്നു.”

**ആരണ്യം**-ന. കാട്. ൨. മഹാകാവ്യകാലത്തെ സാഹിത്യാംശങ്ങളിൽ ഒന്ന്. ഇതിൽ കുരുക്കൾ, പാഞ്ചാലന്മാർ, കോസലരാജ്യക്കാർ വിദേഹന്മാരാദിയായിട്ടുള്ളവർ ഗംഗാതടത്തിൽ താമസിച്ചിരുന്നകാലത്തെക്കുറിച്ചു പറയുന്നു. ൩. രാമായണത്തിലെ ഒരു കാണ്ഡം. ൪. ഭാരതത്തിലെ ഒരു പർവ്വം. ൫. വിത്തുവിതയ്ക്കാതെ വളരുന്ന ഒരു ധാന്യം. ൬. ചാണകം.

**ആരതി**-ഉപരാമം (നിവൃത്തി), (ഒന്നിൽ നിവർത്തിക്കുക-അടങ്ങുക), നിർത്തു്. അടങ്ങുക എന്നു ശബ്ദാർത്ഥം.

**ആരഥം**-ന. ഒററക്കാളവണ്ടി. ൨. ഒററക്കുതിരവണ്ടി.

**ആരൻ**-ചൊവ്വ (ഗ്രഹം).

**ആരനാളകം, ആരനാളം**-വെപ്പുകാടി. പരന്നിരിക്കുന്ന ഗന്ധമുള്ളതു് എന്നു ശബ്ദാർത്ഥം.

**ആരമ്പക്കളി**-കുട്ടികളും അച്ഛനമ്മമാരും കൂടി കളിച്ചുരസിക്കുക.

**ആരമ്പക്കുട്ടി**-ഓമനക്കുട്ടി.

**ആരമ്പപ്പൈതൽ**-ഓമനക്കുട്ടി.

**ആരമ്പം**-ഓമന (ആരമ്പമായി വളർക്കുക=ഓമനിച്ചുവളർക്കുക)=പോററുക.

**ആരമ്പുളി**-ഒരുമാതിരി പുളിമരം. ഇതു വാതപിത്തങ്ങളെ ശമിപ്പിക്കും. വെള്ളിയുടെ അഴുക്കു കളയുന്നതിനു വിശേഷം.

**ആരബ്ധം**-തുടങ്ങിയതു്, ആരംഭിക്കപ്പെട്ടതു്.

**ആരബ്ധി**-തുടങ്ങുക, ആരംഭം.

**ആരഭേടൻ**-ധീരൻ.

**ആരഭടി**-നൃത്തം (ആർഭടി).

**ആരഭി**-ഒരു രാഗം.

**ആരം**-ന. ഹാരം, മുത്തു, മുത്തുമാല. ൨-ം, ആരവാർമുല. (പഴയ മലയാളവാക്കു്). ൨. പിച്ചള (പിത്തള). ൩. മൂല, കോൺ. ൪. ശനി എന്ന ഗ്രഹം.

**ആരംഭം**-ന. തുടങ്ങുക, വേഗത്തിൽ തുടങ്ങുക.

പക്രമം, ഉപക്രമം ൨-ം, പ്രഥമാരംഭത്തിന്റെ പേർ. അഭ്യാദാനം, ഉൽഘാതം, ആരംഭം, ൩-ം, ആരംഭമാത്രത്തിന്റെ പേർ. പ്രക്രമം മുതൽ ൫-ം, ആരംഭത്തിന്റെ പേരെന്നും അഭിപ്രായമുണ്ടു്.

൨. ഒരുക്കം. ൩. മുഖവുര. ൪. അവതരിക.

**ആരംഭണം**-ന. കൈക്കലാക്കൽ. ൨. കൈപിടി.

**ആരംഭി**-വി. താൽപര്യമുള്ള.

**ആരംഭി**-സമർത്ഥൻ.

**ആരംഭിക്കുക**-തുടങ്ങുക.

**ആരമണം**-സന്തോഷം. ൨. നിർത്തൽ.

**ആരമാ**-ഒരു നാണയം. (൫ രൂപയ്ക്കുള്ളതു).

**ആരൽ**-ന. ഒരുവക മത്സ്യം. ൨. നീരാരൽ, പുളിയാരൽ.

**ആരവം**-ശബ്ദം.

‘ആരവമെന്തിതറിയുന്നതോ-ഇഹ
ഘോരവനത്തിൽ നിന്നെഴുന്നതും’
(നളചരിതം കഥകളി)

**ആരവാർമുലയാൾ**- ആരം (ഹാരം) കൊണ്ടു വിലസുന്ന മുലയോടുകൂടിയവൾ, മുത്തണിമുലയാൾ. സുന്ദരി എന്നർത്ഥം.

**ആരവാരം**-ന. കോട്ട. ൨. അലച്ചയുള്ള പുരുഷാരം (ജനക്കൂട്ടം).

**ആരസ്യം**-(അരസത) രുചിയില്ലായ്മ, വാസനയില്ലായ്മ.

**ആരാ**-തോലുളി. ഗമിക്കുന്നതു്, ചർമ്മത്തെ ഭേദിക്കുന്നതു് എന്നർത്ഥം. മറെറാരുപര്യായം-‘ചർമ്മഭേദികാ’

**ആരാവാരം**-പരിവാരം, കൂട്ടായ്മ.

**ആരാടിക്കുക**-താരാട്ടുചൊല്ലി ഉറക്കുക.

**ആരാട്ടു**-താരാട്ടു.

ആരാതി-ശത്രു.

ആരാധനം-൧. പൂജ. ൨. നിൎവ്വാണം. ൩. പ്രാപ്തി. ൪. സന്തോഷം.

ആരാധകൻ-സേവിക്കുന്നവൻ, ഭജിക്കുന്നവൻ.

ആരാധിക്കുക-൧. പൂജിക്കുക. ൨. സിദ്ധിക്കുക. ൩. പ്രാപിക്കുക. ൪. സന്തോഷിപ്പിക്കുക.

ആരാധിത-വി. ആരാധിക്കപ്പെട്ട, പൂജിക്കപ്പെട്ട, ഉപചരിക്കപ്പെട്ട.

'ഏധിതംഭുവിമഹാതരുക്കൾവള
രാവതോളമിഹലോകമാ
രാധിതംതണൽഫലങ്ങൾപൂക്കളിവ
കൊണ്ടുശക്തിയതിനൊത്തപോൽ'
(അന്യാപദേശശതകം)

ആരാൻ-ഏവനെങ്കിലും ഒരുവൻ, വല്ലവൻ, ഒരാൾ.

'ആരാനുംകൊണ്ടെന്നതന്നെങ്കിൽഭക്ഷിക്കാം'
(ശീലാവതി)

ആരാമികൻ-തോട്ടക്കാരൻ.

ആരാമം-നട്ടുനനച്ചുണ്ടാക്കിയ തോപ്പ് (പൂങ്കാവു). മറ്റൊരുപൎയ്യായം-ഉപവനം. കളിക്കുന്നേടം എന്നൎത്ഥം.

[സ്വതേ മുളച്ചുണ്ടായി വളൎന്ന വൃക്ഷലതാദികളോടുകൂടിയ വനത്തിനു ഈ പേർ പറഞ്ഞുകൂടാ]

ആരാൽ-൧. അടുക്കൽ. ൨. ദൂരെ.

ആരായുക-അന്വേഷിക്കുക, തെരയുക.

'ആരാഞ്ഞുപുറപ്പെട്ടുനീളെസഞ്ചരിക്കുമ്പോൾ'
(ത്രിപുരദഹനം തുള്ളൽ)

ആരാവം-൧. ശബ്ദം. ൨. ആൎത്തനാദം.

'അപ്പൊഴുതുസുരമുനികൾനാരദനാദികൾ
ആരാവപൂൎവ്വമീശ്വരനെസ്തുതിച്ചുടൻ'
(ഭാഗവതം)

ആരാളികൻ-വെപ്പുകാരൻ, അടുക്കളക്കാരൻ, കുടിലമായി ചരിക്കുന്നവൻ (ആരാളം=കുടിലം).

ആൎഷം-ഋഷിപ്രോക്തം (ഋഷികളുടെ വാക്ക്.) ആൎഷം എന്നു സംസ്കൃതം.

ആരു-൧. പന്നി. ൨. ഞണ്ടു്. ൩. കുടം. (ജലപാത്രം) ൪. ഒരു മരം.

ആരുക-നിറഞ്ഞിരിക്ക, തിങ്ങിയിരിക്ക. ('ആൎന്ന' എന്ന പദം നോക്കുക). ഉ-ം, അകിലാൎന്ന മുല.

ആരുന്ന-ഉള്ള.

ആരൂഢ-വി. കരേറിയ, വൎദ്ധിച്ച.

'ആരൂഢപ്രമദമോരത്തിളവനവിലയി—
ന്നുജ്ഞനേധാൎത്തരാഷ്ട്രം'
(സുഭദ്രാഹരണം കഥകളി)

ആരൂഢം-൧. കരേറിയതു. വൎദ്ധിച്ചതു. ൨. മേൽത്തായത്തിനു താഴെയുള്ളഉത്തരം.

ആരൂഢമോദം-അ. ഏറിയ സന്തോഷത്തോടെ.

ആരുണി-ധൌമ്യമഹൎഷിയുടെ ഒരുപേർ.

ആരുണ്യം-അരുണത (ചെമപ്പ്)

ആരുഗ്ണം-൧. മുട്ടപ്പെട്ട ൨. ഒടിവിൽ പാൎപ്പിക്കപ്പെട്ട.

ആരുയിർ-ശ്രേഷ്ഠമായ ഉയിർ, പ്രിയമുള്ള ഉയിർ.

ആരുവാമൊഴി-തോവാളയിൽ ഒരു പ്രധാന സ്ഥലം. ഇതിനെ തിരുവിതാംകൂറിൽനിന്നു തിരുനെൽവേലിക്കു കടക്കുന്ന അതിൎത്തിവാതലെന്നു പറയുന്നു. ഇവിടെ ഒരു ചവുക്കയുണ്ടു്. അതിൎത്തിരക്ഷയ്ക്കുവേണ്ടിയിരുന്ന ഒരു കോട്ടയുടെ അവശിഷ്ടങ്ങളും കാണുന്നു.

ആരേവതം-കൊന്ന. മലത്തെ അയച്ചു കളയുന്നതു് എന്നു ശബ്ദാൎത്ഥം.

ആരോഗ്യം-൧. (അരോഗത)രോഗമില്ലായ്മ, രോഗമില്ലാത്ത സ്ഥിതി എന്നൎത്ഥം. മറ്റൊരുപൎയ്യായം-അനാമയം. ആയുൎവ്വേദപ്രകാരം മോക്ഷസാദ്ധ്യം. ൨. ശക്തി. ൩. ദേഹസുഖം.

ആരോൻ-നീളമുള്ള ഒരു മത്സ്യം.

ആരോചകൻ-ചുമക്കുന്നവൻ.

ആരോപണം, ആരോപം-൧. ചുമത്തുക. ൨. ഏല്പിക്ക. ൩. കാരവക.

ആരോപിക്കുക-ചുമത്തുക.

ആരോമൽ-അരുമയായ, ഓമനയായ.

'ആരോമൽകളവാണിനീപറകെടൊ
ശ്രീവഞ്ചിഭൂവാസവൻ'
(ശ്രീമദ്വിശാഖരാജവിജയം)

ആരോഹണം-൧. കല്പട. കല്ലുകൊണ്ടും മരം (കെട്ടിപ്പടുത്തുണ്ടാക്കുന്നതു്). ഇതിലൂടെ മേല്പോട്ടു കയറുന്നു എന്നർത്ഥം. മറെറാരു പര്യായം—'സോപാനം'

മരം മുതലായതുകൊണ്ടു പണിചെയ്യപ്പെടുന്ന കോണിക്കു 'നിശ്രേണി' എന്നും 'അധിരോഹിണി' എന്നും പേർ.

൨. കയററം. ൩. മുളച്ചുണ്ടാവുക. ൪. മഴമരം.

ആരോഹം-൧. നീളം. ഇതുകൊണ്ടു മരത്തിലും മററും കയറുന്നു എന്നർത്ഥം. ൨. ഉത്തമസ്ത്രീയുടെ കടിപ്രദേശം. ഭർത്താവിനാൽ ആരോഹണം ചെയ്യപ്പെടുന്നതു് എന്നു ശബ്ദാർത്ഥം. ൩. ഉയരം. ൪. കയററം. ൫. വൃക്ഷങ്ങളുടെ മുള ൬. പൃഷ്ഠം. ൭. സ്ത്രീകളുടെ അര

ആരോഹകൻ-കുതിരപ്പുറത്തും മററും കയറുന്നവൻ, കയറി ഓട്ടിക്കുന്നവൻ.

ആരോഹിക്ക-കയറുക വിപരീതപദം-അവരോഹിക്ക.

ആർ-൧. ഏതാൾ. ൨. മൂർച്ച (മുന). ൩. അലക്. ഉ-ം, ആരിൻകത്തി, ആരിൻകോൽ. ൪. ആറ്.

ആർ-വി ൧. പ്രകാശമുള്ള. ൨. ശുദ്ധമായ. ൩. നിറഞ്ഞ ൪. സൂക്ഷ്മമായ. ൫. അപൂർവ്വമായ

ആർക്കൽ-ആർപ്പ്.

ആർക്കാനം-വല്ലവനം.

'ആർക്കാനവുമുള്ളൊരാപദ്ദിനത്തിൽപാട്ടി
ലാക്കാമെന്നോർത്താലബലായുള്ള'
(കംസകൃഷ്ണവധം തുള്ളൽ)

ആർക്കുക-ആർപ്പുവിളിക്കുക, ഉറക്കെ ശബ്ദിക്കുക.

ആർക്കാടു-ഒരു ദേശം. Arcot.

ആർജ്ജകം-കരിങ്കഞ്ഞകം.

ആർജ്ജനം-സമ്പാദ്യം.

ആർജ്ജവം-൧. നേര്, സത്യം. ൨. വണക്കം. [ഋജുത്വം (വക്രത) ഇല്ലായ്മ=നേര്.]

ആർജ്ജിക്കുക-സമ്പാദിക്കുക ആർജ്ജിക്ക ><വർജ്ജിക്ക.

ആർജ്ജിത-വി, സമ്പാദിക്കപ്പെട്ട.

ആർത്ത-വി, ൧. ദുഃഖമുള്ള. ൨. രോഗമുള്ള. ൩. പരവശതയുള്ള

ആർത്തഗളം-൧. നീലക്കുറിഞ്ഞി. പഴകിയാൽ പൊട്ടിച്ചിതറുന്നതു്, പഴകിയാൽ ഭക്ഷിക്കാവുന്നതു് എന്നർത്ഥം. ൨. കരിങ്കുറിഞ്ഞി. നീലക്കുറിഞ്ഞിയും കരിങ്കുറിഞ്ഞിയും ഒന്നാണെന്നുള്ള അഭിപ്രായക്കാരുമുണ്ടു്.

ആർത്തധ്വനി-കരച്ചിൽ.

ആർത്തനാദം-കരച്ചിൽ.

ആർത്തപരായണ-വി. ആർത്തന്മാരെക്കുറിച്ചു കൃപയുള്ള.

ആർത്തബന്ധു-ദീനരക്ഷകൻ.

ആർത്തവ-വി. ഋതുക്കളെ സംബന്ധിച്ച.

ആർത്തവം-൧. സ്ത്രീകൾക്കു ഋതുകാലത്തിൽ സ്രവിക്കുന്ന രക്തം. [സ്ത്രീകൾക്കു് ഋതു (വിലക്കം) ആവുമ്പോൾ (മാസന്തോറും) പ്രവർത്തിക്കുന്ന രക്തം.] ൨. പൂവ്.

ആർത്തവശുദ്ധിലക്ഷണം-തീണ്ടായിരിപ്പാരുടെ ശുദ്ധിയുടെ ലക്ഷണം.

[പശപശപ്പില്ലാതെയും ചുട്ടു വേദന ഇവ ഇല്ലാതെയും അധികമല്ലാതെയും വളരെ കുറയാതെയും മാസംതോറും അഞ്ചുനാൾവരെ പ്രവർത്തിക്കുന്ന രക്തം ശുദ്ധരക്തമാണു്. മുയൽചോര ചെമ്പ

ഞ്ഞിച്ചാറ് ഇവയെപോലെയുള്ള രക്തവും കഴുകിയ വസ്ത്രത്തിൽ പററാതിരിക്കുന്ന രക്തവും ശുദ്ധരക്തം തന്നെ.

ആർത്തസ്വരം-കരച്ചിൽ

ആർത്തി-൧. വ്യസനം, ദുഃഖം. ൨. വേദന. ൩. വില്ലിന്റെ അററം. ൪. നാശം. ൫. ദീനം.

ആർത്വിജം-യാഗക്രിയക്കു കൂടുന്ന ബ്രാഹ്മണക്കൂട്ടം.

ആർത്ഥകം-൧. ബുദ്ധിയുള്ള. ൨. ധനമുള്ള.

ആർത്ഥികം-അർത്ഥികളുടെ കൂട്ടം.

ആർദ്ര-വി. ൧. നനഞ്ഞ. ൨. പാകം വന്ന. ൩. അലിവുള്ള.

ആർദ്രത-൧. അലിവു, ദയ. ൨. നനവു.

ആർദ്രം-൧. നനഞ്ഞതു്. നനവിനെ പ്രാപിച്ചതു് എന്നു ശബ്ദാർത്ഥം. ൨. അലിഞ്ഞതു്.

ആർദ്ര-തിരുവാതിരനക്ഷത്രം.

[ഇതിന്റെ ഉൽപത്തി-ബ്രഹ്മാവു് ഒരിക്കൽ 'സന്ധ്യ' എന്നു പേരായ തന്റെ മകളോടു സംസർഗ്ഗത്തിനു വട്ടം കൂട്ടുന്നതു കണ്ടു് അവൾ മാൻപേടയുടെ രൂപം ധരിച്ചു ഓടി. മാനിന്റെ രൂപത്തിൽ തന്നെ ബ്രഹ്മാവും പിന്നാലെ ഓട്ടം തുടങ്ങി. അവളോടു അടുത്തപ്പോൾ ശിവൻ കണ്ടു അസ്ത്രമയച്ചു. ആ അസ്ത്രം ആണ്മാനിന്റെ കഴുത്തു മുറിച്ചു. അനന്തരം ബ്രഹ്മാവു് സ്വരൂപത്തെ അവലംബിച്ചു് ശിവനെ ഭജിച്ചു് പൂജിച്ചു. അതിൽപിന്നെ ശിവന്റെ അമ്പു് 'ആർദ്ര' എന്ന നക്ഷത്രമായും മാനിന്റെ ശിരസ്സ് 'മൃഗശിരസ്സ്' (മകയിരം) എന്ന നക്ഷത്രമായും ഭവിച്ചു ]

ആർദ്രകം-ഇഞ്ചി. നാക്കിനെ നനവുള്ളതാക്കിച്ചെയ്യുന്നതു്. ആർദ്രാനക്ഷത്രത്തിൽ ഉണ്ടായതു് എന്നു ശബ്ദാർത്ഥം. മറെറാരു പച്ചയം-ശൃംഗാവരം (ശൃംഗിവേരം).

ആർദ്രപാകം-നല്ലവണ്ണംപഴുത്ത പഴം.

ആർദ്രബുദ്ധി-അലിവുള്ള മനസ്സ്, ദയയുള്ള മനസ്സ്.

ആർദ്രഭാവം-അലിവു്, ദയ.

ആർദ്രാലുബ്ധകം-തിരുവാതിരയ്ക്കു തെക്കു കാണുന്ന നക്ഷത്രം.

ആർദ്രി-൧. ഇഞ്ചി. ൨. ഉള്ളി.

ആർദ്രിക-പച്ചക്കൊത്തമ്പാലയരി.

ആന്ന-വി. ൧. ഉള്ള. ൨. പൂണ്ട. ൩. കൂടിയ. ൪. പ്രാപിച്ച. ൫. നിറഞ്ഞ. ൬. ഉണ്ടായ.

ഇതു ആരുക എന്ന ക്രിയയിൽ നിന്നുണ്ടായതാണു്. ആരുക=നിറഞ്ഞിരിക്ക, തിങ്ങിയിരിക്ക ഈ അർത്ഥം പോയി ഇപ്പോൾ 'ഉള്ള' 'പൂണ്ട' 'കൂടിയ' എന്ന അർത്ഥങ്ങൾ വന്നിരിക്കുന്നു. 'അരാർമാറു' എന്നതിലേ ആർ എന്നതിനു 'തിങ്ങിയിരിക്ക' എന്നർത്ഥം. ആൻ് എന്നതു വ്യാകരണപ്രകാരം 'കേവലാംഗി' ഗണത്തിൽ ഉൾപ്പെട്ടതാണു്. ദ്വിതീയ വിഭക്തിയിൽ ചേരുന്നു.

ആർപ്പു്-നിലവിളി, ഉറക്കെയുള്ള ശബ്ദം.

ആർട്ടി-നൃത്തം.

'നീരന്ധ്രാംഭോധരതിരയതി
നാർപ്പുകേട്ടാർട്ടിക്കായ്' (മയൂരസന്ദേശം)

ആർഭാടം-ബഹളം, ഒച്ചപ്പാടു്.

ആര്യ-വി. ശ്രേഷ്ഠമായ, നല്ല.

ആര്യകൻ-മുത്തച്ഛൻ.

ആര്യകടുക്-ഒരുശാകം.

ഇതിന്റെ ഇല ഉഷ്ണവും ദീപനവും ഹൃദ്യവും ലഘുവും ക്രിമിഹരവും ആകുന്നു.

ആര്യകം-പിതൃക്രിയക്കുള്ള ഒരു പാത്രം.

ആര്യകർമ്മം-ശ്രേഷ്ഠപ്രവൃത്തി.

ആര്യങ്കാവു്-തിരുവിതാംകൂറിൽ മലയാളത്തുള്ള ശാസ്താപ്രതിഷ്ഠാസ്ഥലങ്ങളിൽ ഒന്നും പുണ്യഭൂമിയുമാകുന്നു.

**ആൎയ്യൻ**-പു. മാന്യൻ. 2. ശ്രേഷ്ഠൻ. 3. നല്ല തറവാട്ടിൽ ജനിച്ചവൻ. അടുത്തു പരിചയിക്കുന്നതിനു നല്ലവൻ, പാപകൎമ്മത്തിൻെറ അടുത്തുചെല്ലാത്തവൻ എന്നൎത്ഥം.

'ആരാൽയാതഃ' എന്നു വിഗ്രഹിച്ചാൽ ഹിന്ദുകുഷത്തിൽ നിന്നു പോന്നവർ എന്നൎത്ഥം വരും. ആധുനികന്മാരുടെ അഭിമതവും അങ്ങിനെയാണല്ലൊ. 'നല്ല തറവാട്ടിൽ ജനിച്ചവൻ' എന്നതിൻെറ പൎയ്യായങ്ങൾ-മഹാകുലൻ, കുലീനൻ, ആൎയ്യൻ, സഭ്യൻ, സജ്ജനം, സാധു.

**ആൎയ്യപട്ടർ**-ഒരുവക പരദേശബ്രാഹ്മണർ.

**ആൎയ്യപടിക്കൽ**-കൊട്ടാരവാതുക്കൽ.

**ആൎയ്യപുത്രൻ**-പു. ഭൎത്താവു്. (നാടകത്തിൽ പ്രയോഗം). 2. ഭവാൻ. 3. ഗുരുപുത്രൻ.

**ആൎയ്യഭട്ടൻ**- പൌരാണികകാലത്തുണ്ടായിരുന്ന ആദ്യത്തെ ജ്യോതിഷഗ്രന്ഥകാരൻ.

ഇദ്ദേഹം കലിവൎഷം ൩൫൭൭-ൽ പാടലീപുത്രത്തിൽ ജനിച്ചു. വരാഹമിഹിരൻ ഈ മഹാൻെറ പിൻതുടൎച്ചക്കാരനാണു്. ആൎയ്യഭട്ടൻെറ പ്രധാനകൃതിക്കു 'ആൎയ്യഭട്ടീയം' എന്നു പേർ.

**ആൎയ്യഭാഷ**-സംസ്കൃതം (ശ്രേഷ്ഠഭാഷ).

**ആൎയ്യം**-ശ്രേഷ്ഠം.

**ആൎയ്യമാവു്**- സൂൎയ്യൻ, അസ്തമനപൎവ്വതത്തിലേയ്ക്കു ഗമിക്കുന്നവൻ, ഗമനശീലൻ എന്നു ശബ്ദാൎത്ഥം.

**ആൎയ്യവെപ്പു്**-മലവെപ്പു്. ഇതു ഏററവും ഗ്രാഹിയും വാതത്തെ ഉണ്ടാക്കുന്നതുമാണു്.

**ആൎയ്യാ**-പാൎവ്വതി. 2. ശ്രേഷ്ഠയായവൾ.

**ആൎയ്യാട്ടുതെക്കു്, ആൎയ്യാട്ടുവടക്കു്**-തിരുവിതാംകൂറിൽ ചേൎത്തലതാലൂക്കിലെ രണ്ടു പകുതികൾ.

ആൎയ്യാട്ടു-ആലപ്പുഴക്കു് അല്പം വടക്കാണു്. ഇവിടെ മൺറോ സായ്പിൻെറ ഓൎമ്മയ്ക്കായി ഒരു ദീപസ്തംഭം പണിയിച്ചിട്ടുണ്ടു്.

**ആൎയ്യാണി**-ശ്രേഷ്ഠ.

**ആൎയ്യാവൎത്തം**-വിന്ധ്യപൎവ്വതത്തിൻെറയും ഹിമവാൻ പൎവ്വതത്തിൻെറയും മദ്ധ്യദേശം. ഉത്തരഹിന്ദുസ്ഥാൻ. എല്ലാവരും ആൎയ്യന്മാർ പാൎക്കുന്ന സ്ഥലം എന്നൎത്ഥം. മറെറാരു പൎയ്യായം-പുണ്യഭൂമി.

മനുവിൻെറ അഭിപ്രായം-കിഴക്കേ സമുദ്രത്തിൽ നിന്നും പടിഞ്ഞാട്ടും പടിഞ്ഞാറെ സമുദ്രത്തിൽ നിന്നും കിഴക്കോട്ടും, ഹിമവൽ പൎവ്വതത്തിൽ നിന്നും തെക്കോട്ടും, വിന്ധ്യപൎവ്വതത്തിൽ നിന്നു വടക്കോട്ടുമുള്ള പ്രദേശം.

**ആൎയ്യാവൃത്തം**-മാത്രാവൃത്തങ്ങളിൽ ഒന്നു്.

(വൃത്തശാസ്ത്രപ്രകാരം)

'മതിമുഖിപരത്തൊട്ടരണ്ടിഹ
ചിതമായ്പാദങ്ങൾതന്നിലൊററകളിൽ
പതിനെട്ടരണ്ടിൽനാലിൽ
പതിനഞ്ചാംമാത്രയാൎയ്യയ്ക്കു്'

(കാന്തവൃത്തം)

**ആൎഷ**-വി. ഋഷിയെ സംബന്ധിച്ച.

**ആൎഷഭൻ**-ഋഷഭദേവൻെറ പുത്രൻ (ജഡഭരതൻ).

**ആൎഷഭം**-പു. ഋഷഭദേവനെ സംബന്ധിച്ചതു്. 2. കാളയെ സംബന്ധിച്ചതു്.

**ആൎഷഭ്യൻ**-ഉടായ്ക്കുന്ന പ്രായമായ കന്നുകുട്ടി, ഋഷഭത്തിൻെറ പ്രകൃതിഎന്നൎത്ഥം. മറെറാരുപൎയ്യായം-'ഷണ്ഡതായോഗ്യം'

**ആൎഷം**-പു. ഋഷിപ്രോക്തം. പാണിനിമഹൎഷിയുടെ വ്യാകരണത്തിൻെറ പ്രചാരത്തിൻെറ ശേഷമുണ്ടായ പുരാണങ്ങളും ഇതിഹാസങ്ങളും കാവ്യനാടകങ്ങളും പ്രായേണ മഹൎഷിയുടെ വ്യാകരണത്തിനു അനുസരിച്ച ഇരിക്കുന്നു. പാണിനി

യത്തിൽ നിന്നു വ്യത്യസ്തമായി മേല്പടി ഗ്രന്ഥങ്ങളിൽ കാണുന്ന പ്രായംഗങ്ങളെ 'ആർഷം' എന്നു പറയും. ൨. എട്ടുവിധം വിവാഹങ്ങളിൽ ഒന്നു്. (അഷ്ടവിവാഹ ങ്ങൾ നോക്കുക.)

ആർഷ്ടിഷേണൻ-ഒരു ഉഗ്രതപസ്വി.

ആർഹകൻ-വാദികൻ.

ആർഹതൻ-പു. ബുദ്ധൻ. ൨. ബുദ്ധമുനി യുടെ പിതാവു്. ൩. ശുദ്ധോദനൻ.

ആൽ(ല്)-പേരാൽ എന്ന വൃക്ഷം.

ആല-വി. വിസ്താരമുള്ള.

ആല-പു. കൊല്ലന്റെയുംമററും പണിപ്പു ര. ൨. ആടുകളെ അടച്ചുസൂക്ഷിക്കുന്നേ ടം. ൩. ചക്കപ്പുര. ൪. തിരുവിതാംകൂ റിൽ ചെങ്ങന്നൂർതാലൂക്കിലേഒരുപകുതി.

ആലക്ഷ്യം-വി. കാണപ്പെടുന്ന.

ആലക്ഷണ്യം-നിർഭാഗ്യം.

ആലത്തൂർകാക്ക-ആശിച്ചു കാലം കള യുന്നവൻ.

ആലത്തൂർനമ്പി-അഷ്ടവൈദ്യന്മാരിൽ ഒരാൾ.

സഹസ്രയോഗം എന്ന ഗ്രന്ഥത്തിലെ രോഗനിദാനസ്ഥാനം ഉണ്ടാക്കിയിട്ടുണ്ടു്. സ്ഥലംകോഴിക്കോട്ടുപൊന്നാനിതാലൂക്കു്.

ആലപിക്കുക-പു. പാടുക. ൨. സംഭാ ഷണംചെയ്ക.

ആലപ്പുഴ-തിരുവിതാംകൂറിൽ അമ്പലപ്പു ഴതാലൂക്കിലേ ഒരു പകുതി.

ഇതു തിരുവിതാംകൂർസംസ്ഥാനത്തി ന്റെ പ്രധാന തുറമുഖവും പ്രധാന ക ച്ചവടസ്ഥലവും ആണു്. ഇതു വേമ്പ നാട്ടുകായലിന്റെ തെക്കേ അററത്തു കി ടക്കുന്നു. ഇവിടെ ഒരു ദീപസ്തംഭം ഉണ്ടു്.

ആലബ്ധം-പു. തൊടപ്പെട്ട, കുട്ടിച്ചേർക്ക പ്പെട്ട. ൨. കൊല്ലപ്പെട്ട.

ആലം-പു. അരിതാരം. ൨. വിസ്താരം. ൩. വിഷം. ൪. പേരുമരം. ൫. ഭൂമി, ലോകം. ഉ-ം, 'ആലങ്ങാട്ട'

ആലങ്കാരികൻ-അലങ്കാരശാസ്ത്രം വഴി യാകുംവണ്ണം പഠിച്ചവൻ.

ആലങ്കോട്ട-തിരുവിതാംകൂറിൽചിറയിൻ കീഴ് താലൂക്കിലേ ഒരു പകുതി.

ആലങ്ങാട്ടു്-പു. തിരുവിതാംകൂറിലേ ഒരു താലൂക്കു്. ൨. ആ താലൂക്കിലേ ഒരു പകുതി.

ആലമാനം-ഒരുക്കം.

ആലംബ(ന)ം-ആശ്രയം, രക്ഷ

ആലംബിക്കുക-ആശ്രയിക്കുക.

ആലംബിത-വി. ആശ്രയിക്കപ്പെട്ട.

ആലംബിതകരൻ-കൈയിൽ കടന്നു പിടിച്ചവൻ.

ആലംഭം-വധം, കൊല.

'പാലംഭോനിധിയിലഹീന്ദ്രമഞ്ചമധ്യേ ലോലംഭോപമരുചിപള്ളികൊള്ളുമീശൻ ആലംഭത്തിനുയമനാഗമിച്ചിടുമ്പോ- ളാലംബംകനിവൊടെനിക്കുനൽകിടേണം'

(സ്തുതികുസുമാഞ്ജലി)

ആലംഭനം-പു. പിടിച്ചുതടുക്കുക,തൊടുക. ൨. യാഗത്തിനു മൃഗങ്ങളെ കൊല്ലുക. ൩. വേരോടെ പറിക്ക, ചീന്തുക.

ആലയം-ഭവനം, വീടു്,പാപ്പുടം. സ്വ കാര്യമായി ഇരിപ്പാനുള്ള സ്ഥലം എ ന്നർത്ഥം.

ആലവട്ടം-പു. മയിൽ പീലിയും മററും കൊണ്ടു കെട്ടി യുണ്ടാക്കുന്നവി ശറി പദ്മായ ങ്ങൾ 'താലവൃ ന്തകം, വ്യജ നം. ൨. പകാ ആലവട്ടം ചാ ർത്തുക-വീശു ക (ആചാര വാക്കു്.)



ആലവാണ്യം-പു. ദുഷ്കേടു്. ൨. ഭംഗി കേടു്, വിരൂപത.

**ആലവാലം**-വൃക്ഷലതാദികളുടെ ചുവട്ടിൽ വെള്ളം നിറുത്തുവാൻ ഉണ്ടാക്കുന്ന തടം. വെള്ളത്തുള്ളികളെ ചുററും ആദാനം ചെയ്യുന്നതു് എന്നു ശബ്ദാർത്ഥം. മററ പര്യായങ്ങൾ-ആലവാലം (ആബാലം), ആവാപം.

**ആലശില**-അസഹ്യത, വ്യസനം.

**ആലസൻ**-അലസൻ, മടിയൻ.

**ആലസ**-വി. മടിയുള്ള.

**ആലസ്യം**-(അലസത)൧. മടി. ൨. ക്ഷീണം. ൩. ദീനം. [അടിതോൽ എന്നതിൽ 'ദീനം' എന്നതു നോക്കുക.]

**ആലാതം**-തീക്കൊള്ളി.

**ആലാത്തുക**-അലറുക, കരവയിടുക.

**ആലാപം**-൧. സംബോധനാപൂർവകമായി ഒരുത്തനോടു പറയുക, വ്യക്തമായി പറയുക എന്നു ശബ്ദാർത്ഥം. മററൊരു പര്യായം-ആഭാഷണം. ൨. സംഭാഷണം. 'എന്നാലാപമതോട്ടസമ്മിളിതമായെന്നും' (അഭിജ്ഞാനശാകുന്തളം.) ൩. കളിവാക്ക്.

**ആലാബു**-ചുര. 'അലാബു' നോക്കുക.

**ആലാരാമപുരം**-തിരുവിതാംകൂറിൽ മാവേലിക്കരത്താലൂക്കിൽ ഉൾപ്പെട്ട ഒരു സ്ഥലം.

**ആലാവർത്തം**-ആലവട്ടം.(തത്ഭവമാണ്)

**ആലാസ്സ്**, **ആലാത്ത്**-നങ്കൂരക്കയർ, വടം (അറബിഭാഷയാണ്).

**ആലാസ്യം**-മുതല.

**ആലിക്ക**-ആർപ്പുവിളിക്ക (പ-മ.)

**ആലിംഗനം**-൧. കെട്ടിപ്പിടിച്ചു തഴുകുക. പര്യായങ്ങൾ-പരിരംഭം (പരീരംഭം) പരിഷ്വംഗം, സംശ്ലേഷം, ഉപഗൂഹനം. ൨. തഴുതാമ (ചമരണ).

**ആലിംഗി**-തഴുകിക്കൊട്ടുന്ന വാദ്യം.

**ആലിംഗ്യം**-തഴുകിക്കൊട്ടുന്ന വാദ്യം. ഇതിന്റെ ആകൃതി ചെപ്പുംപോലെയിരിക്കും.

**ആലിപ്പഴം**-പുതുമഴക്കും മററും ചിലപ്പോൾ നിലത്തുവീണ് അല്പം കഴിഞ്ഞാൽ അലിഞ്ഞു ജലത്തിൽ ചേരുന്നതും, കാഴ്ചയിൽ മഞ്ഞുകട്ടിപോലെയിരിക്കുന്നതുമായ വർഷോപലം. (വർഷോപലം=വെള്ളം കല്ലുപോലെ ഉറച്ചു കട്ടിയായതു്) സംസ്കൃതത്തിൽ കരകം (കരകം) ('ഗന്ധകമഴ' നോക്കുക)

**ആലിമികൾ**-വിദ്വാന്മാർ. (അറബിഭാഷ).

**ആലീഢ**-വി. ൧. തടുക്കപ്പെട്ട. ൨. നക്കപ്പെട്ട. ൩. നറുക്കപ്പെട്ട, ൪. ചുററിക്കെട്ടപ്പെട്ട. ൫. മുറിച്ചെടുക്കപ്പെട്ട.

**ആലീഢം**-വില്ലാളികളുടെ നില്പ് (ഏവുകാരുടെ നില). വലത്തേ മുഴങ്കാൽ നീട്ടി ഇടത്തേ മുഴങ്കാൽ കുറക്കിയുള്ള സ്ഥിതിയാണ് ആലീഢം.

വില്ലാളികളുടെ നില അഞ്ചുവിധം-൧. പ്രത്യാലീഢം-ഇടത്തേമുഴങ്കാൽ നീട്ടി വലത്തേ മുഴങ്കാൽ കുറക്കിയുള്ള നില. ൨. ആലീഢം-മുമ്പു പറഞ്ഞതുപോലെ. ൩. സമപദം-ഒത്തടിനിൽക്കുന്നതു്. ൪. വൈശാഖം-കാലുകളെ പന്ത്രണ്ടംഗുലം അകത്തിവച്ചുനിൽക്കുന്നതു്. ൫. മണ്ഡലം-കാലുകളെ മണ്ഡലാകാരമായ് വച്ചുകൊണ്ടുള്ള സ്ഥിതി. 'വൈഷ്ണവം' എന്നു ഒരു സ്ഥാനം കൂടിയുണ്ടെന്നു മതഭേദം.

**ആലു**-൧. കിണ്ടി. ജലത്തെ ദാനം ചെയ്യുന്നതു് എന്നർത്ഥം. മററ പര്യായങ്ങൾ-കക്കരി, ഗളന്തികാ. 'ആലു' എന്നതു് കരകക്കിണ്ടിയെന്നും ഒരു മാതിരി കുടമാണെന്നുമുള്ള അഭിപ്രായവും കാണുന്നു. ൨. മൂങ്ങ. ൩. ഒരു വൃക്ഷം. (കരിന്തകാളി.)

**ആലുക**-അനങ്ങുക, വ്യാപിക്കുക.

**ആലുകൻ**-ശേഷൻ.

**ആലുഞ്ചനം**-തുണ്ടു തുണ്ടായി കീറുക.

**ആലുണ്ഠനം**-കൊള്ള, കവർച്ച.

ആലുല-വി. അനക്കമുള്ള, ഉറപ്പില്ലാത്ത, അസ്ഥിരമായ.

ആലുവാ-തിരുവിതാംകൂറിൽ ആലങ്ങാട്ടു താലൂക്കിലെ ഒരു പകുതി.

[ഇതു പെരിയാററിന്റെ തീരത്തുള്ള ഒരു സുഖവാസസ്ഥലമാണ്. ശങ്കരാചാര്യഗുരുവരന്റെ ജന്മഭൂമിയായ 'കാലടി' ഇതിനു കിഴക്കാകുന്നു. കുംഭമാസത്തിലെ ശിവരാത്രിയത്രെ ആലുവായിൽ ഒരു പ്രധാനോത്സവം.]

ആലുളിതം-ഇളക്കപ്പെട്ടത്.

ആലുഴി-പേരാലിൽനിന്നു വീണ കായ്കൾ.

ആലൂന-വി. മുറിക്കപ്പെട്ട.

ആലൂല-വി. അനക്കമുള്ള.

ആലേഖനം-എഴുത്ത്.

ആലേഖ്യം-പടം.

'ശില്പംകല്പിച്ചെഴുതുമൊരുതമരാ-
ലേഖ്യമാലോക്യവാഴും' (മയൂരസന്ദേശം)

ആലേപനം-ക്രി. പൂശുക. ന. ചന്ദനപ്പൂച്ച്.

ആലോകനം-ദർശനം, നോട്ടം. ചുററും നോക്കുക എന്നു ശബ്ദാർത്ഥം.

ആലോകം-ക്രി. ദർശനം കാണുക. ന. പ്രകാശം.

ആലോകിത-വി. കാണപ്പെട്ട.

ആലോക്യമാനൻ-നോക്കപ്പെടുന്നവൻ.

ആലോക്യൻ-കാണപ്പെടേണ്ടവൻ.

ആലോചന-ക്രി. കൂടിവിചാരം. ന. ഗുണദോഷം. ന. ഭാവം, ശോധന.

മനുഷ്യന് ഒരു ആലോചന അവനവൻ തന്നെ അറിയുവാൻ ഒരു സെക്കണ്ടിന്റെ നാല്പതിലൊരംശം നേരം വേണ്ടിവരുമെന്ന് സിംസ് തോംപ്സൺ എന്ന വൈദ്യൻ പറഞ്ഞിരിക്കുന്നു. (ശാരദ).

ആലോചനകർത്താവു-ആലോചനക്കാരിൽ പ്രമാണി.

ആലോഡനം-ഉരുളുക, പിരളുക, ഇളക്കം, കലക്കം, അന്യോന്യം ചേർക്കുക.

ആലോലമാകുക-മരിപ്പാറാവുക.

ആലോലം-വി. ഇളകുന്ന.

'ഇന്നാലോലാളകാളീമുഖതിലകമിളകിടും'
(അമരുകശതകം)

ആൽത്തറ-ആലിന്റെ ചുററും കല്ലുകൊണ്ടു പണിചെയ്ത തറ.

ആവണക്കല്ല്-കിണററിനടുത്തുള്ള തൊട്ടി (താളിയും മററും പിഴിയുന്നതു്).

ആവണക്ക്-ഒരു ചെടി. പര്യായങ്ങൾ-വ്യാഘ്രപുച്ഛം, ഗന്ധർവ്വഹസ്തകം, ഏരണ്ഡം, ഉരുവൂകം (ഉരുബൂകം) രുചകം, ചിത്രകം, ചഞ്ചു, പഞ്ചാംഗുലം, മണ്ഡം (അമണ്ഡം, ആമണ്ഡം) വർദ്ധമാനം, വ്യഡംബകം (വ്യഡംബനം). ചിലർ ആമണക്ക് എന്നും പറയുന്നു.

ചിററാവണക്ക്, പേരാവണക്ക്, വെളുത്താവണക്ക്, ചുവന്നാവണക്ക്, കടലാവണക്ക്, കാട്ടാവണക്ക്, പുല്ലാവണക്ക്, കൊടിയാവണക്ക് ഇങ്ങനെ പലതുണ്ട്. ഇവയിൽ പ്രധാനം ചിററാവണക്കെന്ന വെളുത്താവണക്കാകുന്നു. ഇതു മലശോധനത്തിനു നന്ന്. കഫവാതങ്ങളെ ശമിപ്പിക്കും. ശോഫം, ഗുന്മം ഇവയെ കളയും. ഇതിന്റെ ഇല ലഘുവാണ്, വാതഹരമാകുന്നു. വേരും തൊലിയും-വൃഷ്യവും വാതഹരവും എന്നു തന്നല്ല മലശോധനയ്ക്കും നന്ന്. എണ്ണ-നൂറു റാത്തൽ കുരുവിൽനിന്നു ൩൭ റാത്തൽ എണ്ണകിട്ടും. ഇതു വാതത്തെ ശമിപ്പിക്കും. സുഖവിരേചനത്തെ ഉണ്ടാക്കും. കഫം, വിഷമജ്വരം, ഗുന്മം, മഹോദരം മുതലായവയ്ക്കു ഗുണം.

(തിരുവിതാംകൂറിലുള്ള ഉൾനാടുകളിൽ ധാരാളമായി (കൃഷി ചെയ്യാതെ തന്നെ) ഉണ്ടാകുന്ന ഒരു ചെടിയാണ്. ഇതിന്റെ വേര്, ഇല, കുരു, എണ്ണ ഇവ ദിവ്യൗഷധങ്ങളാണ്. ആ

വണക്ക രണ്ടുതരമുണ്ട്. ഒന്നു വെളുത്തതു്, മററൊന്നു ചെമന്നതു്. വെളുത്തതു ഔഷധികൾക്കു വിശേഷം. ഇതിന്റെ കുരുവാത്രു വിത്തും.)

**ആവണക്കെണ്ണ**-ആവണക്കിന്റെ കുരുവിൽ നിന്നെടുക്കുന്ന എണ്ണ.

**ആവണപ്പലക**-ബ്രാഹ്മണനു ഇരിപ്പാനുള്ള പലക (ആമപ്പലക).

**ആവണി**-ചിങ്ങം. (സംസ്കൃതത്തിൽ-ശ്രാവണം).

**ആവണിവട്ടം**-ബ്രാഹ്മണർക്കുള്ള ഒരു വിശേഷദിവസം. (ആവണിഅവിട്ടം=ഉപാകർമ്മം).

**ആവതു**-കഴിവുള്ളതു്.

**ആവനാഴിക**-അമ്പുറ (അമ്പു് ഇടുന്ന ഉറ). പര്യായങ്ങൾ-തൂണം, ഉപാസംഗം, തൂണീരം, നിഷംഗം, ഇഷുധി, തൂണി. (അമ്പറ എന്നതു നോക്കുക).

**ആവപനം**-൧. പാത്രം. സാധനങ്ങൾ വയ്ക്കുന്നതു് എന്നു ശബ്ദാർത്ഥം. ൨. വിത്തുവിതയ്ക്കുക.

**ആവരണം**-൧. മറവു്. ൨. തടവു്. ൩. മായയ്ക്കുള്ള ശക്തികളിൽ ഒന്നു്. (മറെറാന്നു വിക്ഷേപം).

**ആവർജ്ജിത**-വി. ദാനം ചെയ്യപ്പെട്ട.

**ആവർത്തനം**-൧. വീണ്ടും പ്രവർത്തിക്കുക. ൨. ചുററിത്തിരിയുക. ൩. കടയുക.

**ആവർത്തം**-൧. നീർച്ചുഴി (ജലത്തിലെ ചുഴി). ചക്രത്തെപ്പോലെ ചുററിത്തിരയുന്നതു് എന്നു ശബ്ദാർത്ഥം. ൨. ചുരുണ്ട തലമുടി. ൩. ഉരുൾച്ച. ൪. വിചാരം. ൫. ഒരു കല്പാന്തകാലമേഘം.

**ആവർത്തിക്ക**-൧. വീണ്ടും ചെയ്യുക. ൨. ചുററിത്തിരിയുക.

**ആവർത്തിച്ചറിയുക**-തിരിച്ചറിയുക.

**ആവർത്തിനി**-കണവീരം.

**ആവൽ, ആവിൽ**-ഞെട്ടാവൽ (ഒരു വൃക്ഷം). ഉങ്ങിൽ ഒരു വകഭേദം. പര്യായങ്ങൾ-പ്രകീര്യം, പൂതികരജം, പൂതികം, കലിമാരകം. ആവലിനെ 'ആവിമരം' എന്നും പറയാറുണ്ട്.

**ആവൽ**-വാവൽ (വവ്വാൽ). പര്യായങ്ങൾ-ജതുകം, അജിനപത്രം. (വാള്ളമെന്നു തത്വാർത്ഥദീപിക).

**ആവലാതി**-വഴക്ക്, സങ്കടം.

**ആവലി**-൧. കൂട്ടം, നിര. ൨. ഇടതൂർമ്മയില്ലാത്ത മരക്കൂട്ടം. ചുററും മറയ്ക്കുന്നതു് എന്നു ശബ്ദാർത്ഥം.

**ആവശ്യം, ആവശ്യകം**-൧. വേണ്ടതു്, കൂടിയേകഴിയൂ എന്നതു്. ൨. മുട്ടു്. (ആവശ്യക്കാരൻ=മുട്ടുള്ളവൻ).

**ആവസതി**-രാത്രി, പാതിരാത്രി.

**ആവസഥം**-ഭവനം (പാർപ്പിടം) ആവാസസ്ഥാനം എന്നു ശബ്ദാർത്ഥം.

**ആവസിക്കുക**-പാർക്കുക.

**ആവസിത**-വി. പാർക്കപ്പെട്ട.

**ആവസിതം**-പൊലി [മെതിച്ചുവയ്ക്കുമ്പോൾ നീക്കി ചേറുവാൻ (പാററുവാൻ) തയ്യാറാക്കിവെച്ച നെല്ലു്.]

**ആവഹൻ**-സപ്തമരുത്തുകളിൽ ഒന്നു്, ഗഗനൻ. [അന്തരിക്ഷത്തിൽ സഞ്ചാരം]

**ആവഹിക്കുക**-ഉണ്ടാക്കുക.

**ആവാക്കു്**-ആ വഴി.

'ആവാക്കതീവടിവൊടുപടി-
ഞ്ഞാട്ടുകിഞ്ചിൽഗമിച്ചാൽ'
(മയൂരസന്ദേശം)

**ആവാപകം**-വള. മണിബന്ധത്തിനു മീതെ ഇടുന്നതു് എന്നർത്ഥം.

**ആവാപനം**-൧. തറി, തറിമരം. ൨. നൂൽചുററുന്നോട്ടു്. ൩. ക്ഷൌരംചെയ്യൂ.

**ആവാപം**-൧. തടം (വൃക്ഷലതാദികളുടെ ചുവട്ടിൽ ജലം നിറയ്ക്കുവാൻ ഉണ്ടാ

ക്കുന്നത്.) ജലം ഇതിൽ നിധാനം ചെയ്യപ്പെടുന്നു എന്നു ശബ്ദാർത്ഥം. പര്യായങ്ങൾ-ആലവാലം, ആവാലം. ഉ. വിത. ന. വള. ര. കല്ലുംചെക്കുക. ഒ. ഏറിക. ന്യ. പാത്രം.

ആവാര-ഒരു തൈ.

ആവാരി-പീടിക.

ആവാലം-തടം(ആലവാലം നോക്കുക.) വെള്ളത്തെ ചുററും തടഞ്ഞുനിർത്തുന്നത് എന്നു ശബ്ദാർത്ഥം.

ആവാസം-വാസസ്ഥലം, പാർപ്പിടം, ഭവനം.

ആവാസശാല-പ്ര. പാർപ്പുസ്ഥലം. ഉ. പടക്കുടി.

ആവാഹനം-മന്ത്രംജപിച്ചു ദൈവത്തെ വിളിക്കുക, വിളി, ക്ഷണം(ക്ഷണിക്കുക)

ആവാഹം-വിവാഹം.

ആവാഹിക്കുക-മന്ത്രംജപിച്ചു ദൈവത്തെ വിളിക്കുക, വിളിക്കുക.

ആവി-പ്ര. ജലബാഷ്പം, പുക. ഉ. ഉഷ്ണം വ്. ന. ചൂട്. ര. ഒരു വൃക്ഷം. ഒ. ആട്.

ആവിവൃക്ഷത്തിന്റെ വേരിന്മേൽ തൊലിയും ഇലയും ദീപനമാണ്. അർസ്സു, കൃമി, കുഷ്ഠം, പ്ലീഹ, ഉദാവർത്തം ഇവയെ നശിപ്പിക്കും. കഫഘ്നമാണ്.

ആവികം-കമ്പിളി.

ആവിക്കലം-വെളുത്തേടൻ തുണിപുഴുങ്ങുന്നകലം.

ആവിഗ്ന-വി. ബുദ്ധിമുട്ടിക്കപ്പെട്ട, ഉപദ്രവിക്കപ്പെട്ട.

ആവിഗ്നം-ക്ലേശം.

ആവിദ്ധ-വി. പ്ര. വളഞ്ഞ (ആവധിക്കപ്പെട്ടത്-ആവിദ്ധം.) ഉ. ഇടറപ്പെട്ട, ന. മുറിപ്പെട്ട. ര. പ്രേരിപ്പിക്കപ്പെട്ട. ഒ. നീക്കപ്പെട്ട. ന്യ. തുളയ്ക്കപ്പെട്ട.

ആവിധം-പ്ര. കുത്തുവാനുള്ള ആയുധം, തുരപ്പനുളി, തോൽമുതലായതു തുരക്കുന്ന വജ്രസൂചി, ഭ്രമരസൂചി, ഇതുകൊണ്ടു വധിക്കുന്നതിനാൽ ഈ പേർവന്നു. ഉ. കെട്ടുന്നകോൽ.

ആവിർഭാവം-പ്ര. ജനനം. ഉ. പ്രത്യക്ഷം.

ആവിർഭവിക്കുക-പ്രത്യക്ഷമാവുക, പുറത്തുവരിക, ഉണ്ടാവുക.

ആവിർഭാവം-പ്രത്യക്ഷത.

ആവിർഭൂത-വി. പ്രത്യക്ഷമായ, പുറത്തുവന്ന, ഉണ്ടായ.

ആവിർമ്മോദം-സന്തോഷം.

ആവിയാട്ട-പള്ളാട്ട്.

ഇതിന്റെപാല് അഗ്നിവൃദ്ധിയുള്ളവമാണ്. വാതരോഗത്തെ ശമിപ്പിക്കും. ഇക്കിൾ, ശ്വാസം, പിത്തം, കഫം ഇവയെ ഉണ്ടാക്കും.

ആവിൽ-ആവിമരം(ആവൽ നോക്കുക)

ആവിലിതം-കലക്കപ്പെട്ടത്.

ആവിലം-കലങ്ങിയത്, തെളിവില്ലാത്തത്. കണ്ണിനെ ചുററംവരപ്പിക്കുന്നത് എന്നു ശബ്ദാർത്ഥം.

ആവിഷ്കരിക്ക-പുറത്താക്കുക, പ്രത്യക്ഷപ്പെടുത്തുക, വെളിവാക്കുക.

ആവിഷ്ടൻ-പ്ര ബാധിക്കപ്പെട്ടവൻ, ഉ. പ്രവേശിക്കപ്പെട്ടവൻ

ആവിഷ്ടാ-വി. പ്ര. പ്രവേശിച്ച. ഉ. ബാധിക്കപ്പെട്ട.

ആവിഃ-അ. പ്രകാശമായം, സ്പഷ്ടം.
'ആവിരാസീദ്ദേവകീസുതം'
(ഉത്തരരാമായണം ചമ്പു)

ആവീതം-ഒരുവക പച്ചമരുന്ന്, പൈനാരവീൻ ഇതിന്റെ കായ എല്ലാരോഗത്തിനും ഉപയോഗമുള്ളതാണ്.

ആവുഃ-ഒരു പ്രയാന വ്യാക്ഷേപകം. വേദത്തെ, ക്ഷീണം മുതലായവയിൽ പറയുന്ന ഒരു വാക്ക്.

**ആവുക**-നിറയുക.

**ആവുകൻ**-അച്ഛൻ. രക്ഷിക്കുന്നവൻ എന്നു ശബ്ദാർത്ഥം. (നാടകത്തിൽപ്രയോഗം)

**ആവുത്തൻ**-സഹോദരിയുടെ ഭർത്താവ്, അളിയൻ. (നാടകത്തിൽ പ്രയോഗം) ആവൃത്തൻ എന്നും പറയും. സഹോദരിയെ രക്ഷിക്കുന്നവൻ എന്നു അർത്ഥം.

**ആവു!**-ഒരു പ്രയാസ വ്യാക്ഷേപകം. വേദന, ക്ഷീണം മുതലായവയിൽ പറയുന്ന ഒരു വാക്ക്.

**ആവൃത**-വി. ൧. ചുററപ്പെട്ട. ൨. മറയ്ക്കപ്പെട്ട.

**ആവൃതം**-൧. ചുററപ്പെട്ടതു്. ൨. മറയ്ക്കപ്പെട്ടതു്. ൩. നദി മുതലായതിനാൽ ചുററപ്പെട്ട ദ്വീപു മുതലായതിന്റെ പേർ.

**ആവൃതശരീരൻ**-മറയ്ക്കപ്പെട്ടശരീരത്തോടുകൂടിയവൻ.

**ആവൃതി**-൧. കൈയാല. ൨. വേലി.

**ആവൃത്ത്**-സംഖ്യായക്രമം, ഉപചാരാൽ മററു ക്രമങ്ങൾക്കും പറയും. ആവർത്തിക്കുക എന്നു ശബ്ദാർത്ഥം. മററു പര്യായങ്ങൾ-ആനുപൂർവ്വി, പരിപാടി, അനുക്രമം, പര്യായം.

**ആവൃത്ത**-വി. ൧. പിൻതിരിക്കപ്പെട്ട.

'സോൽക്കണ്ഠമാവൃത്തകണ്ഠാ'

(അമരുകശതകം)

൨. ചുററിത്തിരിയപ്പെട്ട

**ആവൃത്തി**-൧. പ്രാവശ്യം, തവണ. ൨. ചുററിത്തിരിയൽ. ൩. പിൻതിരിയൽ.

**ആവൃത്തിദീപകം**-ഒരലങ്കാരം.

'വളർന്നുതുടങ്ങിനാർമ്മൂവരുമൊരുമിച്ചു
വളർന്നുസന്തോഷവുംപുരവാസികൾക്കെ
(ഭാരതം) [ല്ലാം'

ഇവിടെ 'വളർന്നുതുടങ്ങിനാർ' ഇത്യാദിയിൽ ഇവർ വളരുകയും സന്തോഷം വളരുകയും ചെയ്തു. വളർന്നു എന്നതു ആവർത്തിച്ചിരിക്കുന്നതുകൊണ്ടു ആവൃത്തിദീപകം എന്നലങ്കാരം. ഇതു മൂന്നു വിധം. അർത്ഥാവൃത്തി, പദാവൃത്തി, ഉഭയാവൃത്തി.

**ആവേഗം**-൧. തിടുക്കം. ൨. കോപം. ൩. ഭയം.

**ആവേഗി**-മറിക്കുന്നി. ആവേഗം(ഭയം) ഉള്ളതു് എന്നു ശബ്ദാർത്ഥം. പൊന്തിച്ചീരയെന്നും പറയുന്നുണ്ടു്. ആട്ടിന്നാപ്പാലയെന്നു മററാരഭിപ്രായവും കാണുന്നു.

ഇതു വാതകഫരോഗങ്ങൾ, ശോഫം, കൃമിരോഗം, പ്രമേഹം, രക്തവാതം, മഹോദരം, കാസം, ആമദോഷം ഇവയെ കളയും; ബലത്തെ ഉണ്ടാക്കും; ശുക്ലവൃദ്ധികരമാണു്.

**ആവേദനം**-അറിയിക്കൽ

**ആവേദ്യോൽകീർണ്ണം** - കൊത്തിത്തുരക്കപ്പെട്ടതു്.

**ആവേശനം**-൧. ആല (ആശാരി, കൊല്ലൻ, തട്ടാൻ, മൂശാരി, കമ്മാളൻ മുതലായ കൈവേലക്കാരുടെ പണിപ്പുര.) പണിചെയ്യുന്ന ശില്പികളും പണിചെയ്യിപ്പിക്കുന്ന മററു ജനങ്ങളും പ്രവേശിക്കുന്ന സ്ഥലം എന്നർത്ഥം. മററൊരുപര്യായം- ശില്പിശാല (ശില്പിശാലം) ൨. പ്രവേശം. ൩. പിശാചുബാധ.

**ആവേശം**-൧. ബാധ.

'കല്യാവേശാൽകലുഷമതിയാം
മെന്റെ ചാപല്യമൂലം'(മയൂരസന്ദേശം)

൨. പാരവശ്യം. ൩. പിശാചുബാധ. ൪. പ്രവേശം. ൫. മോഹാലസ്യം. ൬. ഡംഭം. ൭. (മലയാളത്തിൽ) ദുരാഗ്രഹം.

**ആവേശികൻ**-തന്റെ ഗൃഹത്തിലേക്കു വന്ന അതിഥിയുടെ പേർ. വഴിപോക്കൻ. ആവേശത്തിൽ ഭവിച്ചവൻ എന്നു ശബ്ദാർത്ഥം. തന്റെ ഗൃഹത്തിലുള്ളവൻ വന്നാൽ അവൻ അതിഥിയല്ല എന്നു താൽപര്യം.

**ആവേശികം**-സ്വന്തമല്ല, പ്രാതൃകമല്ല,

**ആവേശിക്കുക**-൧. ബാധിക്കുക. ൨. പ്രവേശിക്കുക.

**ആവേഷ്ടകം**-കൈയാല, മതില്, വേലി.

**ആവേഷ്ടനം**-പ്ര. വേലികെട്ട്, കൈയാലകെട്ട്, മതിലുകെട്ട്. ൨. തലപ്പാവ്.

**ആവോ!**-അ. (ഒരു പ്രധാന വ്യാക്ഷേപകം), അറിയുന്നില്ല.

**ആവോന്ന്**-ആവട്ട്.

**ആവോലി**-ഒരുവക മത്സ്യം.

**ആവോളം**-കഴിവോളം, കഴിയുന്നിടത്തോളം.

**ആശ**-പ്ര. ആഗ്രഹം. ൨. ദിക്ക (എങ്ങും വ്യാപിക്കുന്നതെന്നു ശബ്ദാർത്ഥം).

'ആശയാതന്നിലന്യസംഗമ
മാശയില്ലെനിക്കാംബുജാക്ഷ' (പത്തുവൃത്തം)

'പൂർവ്വാശാബാലയായതൻതരുണിയെ
പ്പൂണ്ടെന്നറിഞ്ഞപ്പോഴേ'
(പാണ്ഡവവിജയം നാടകം)

൩. അഭിലാഷാധിക്യം (അധികമായ ആഗ്രഹം). [അഭിലാഷം എന്നതു നോക്കുക].

[ഗൃധ്നു, ഗർദ്ധനൻ, ലുബ്ധൻ, അഭിലാഷുകൻ, തൃഷ്ണൻ ഇവ ൫-ം, ആശയുള്ളവന്റെ പേർ. ആദ്യത്തെ രണ്ടും ആകാംക്ഷയുള്ളവന്റെയും, ശേഷം മൂന്നും അഭിലാഷമുള്ളവന്റെയും പേരാണെന്നും അഭിപ്രായമുണ്ട്.]

**ആശങ്ക**-പ്ര. ഭയം. ൨. സംശയം.

**ആശങ്കനീയ**-വി. സംശയമുള്ള.

**ആശങ്കിത**-വി. പ്ര. ഭയപ്പെട്ട. ൨. സംശയിക്കപ്പെട്ട.

**ആശനം**-ഇടിവാൾ, മേഘമൂർത്തി.

**ആശപ്പെടുക**-ആഗ്രഹിക്കുക.

**ആശംസ, ആശംസനം**-പ്ര. ഇച്ഛ, ആഗ്രഹം. ൨. പറക. ൩. സ്തുതി.

**ആശംസിത**-പ്ര. ഇച്ഛിക്കപ്പെട്ട, ആഗ്രഹിക്കപ്പെട്ട. ൨. പറയപ്പെട്ട.

**ആശംസിതാവ്**-ഇഷ്ടാർത്ഥത്തെ പ്രാപിപ്പാൻ ആഗ്രഹിക്കുന്നവൻ. മറ്റൊരു പര്യായം-ആശംസു.

**ആശംസിതൃ**-വി. പ്ര. ആഗ്രഹിക്കുന്ന. ൨. പറയുന്ന.

**ആശംസു**-ഇഷ്ടാർത്ഥത്തെ പ്രാപിപ്പാൻ ആഗ്രഹിക്കുന്നവൻ, ആശംസിക്കുന്നവൻ എന്നു ശബ്ദാർത്ഥം.

**ആശയഭേദം**-ആമാശയവും പച്യമാനാശയവും പക്വാശയവും വസ്തിയും യകൃത്തും പ്ലീഹാവും ഹൃദയവും മലാശയവും ഹൃദയത്തിന്റെ വാമഭാഗവും കോഷ്ഠം എന്നു പറയപ്പെടുന്നു.

'സ്ഥാനാന്യാമാഗ്നിപക്വാനാം
മൂത്രസ്യരുധിരസ്യച
ഹൃദുണ്ഡുകഃ ഫുഫ്ഫുസശ്ച
കോഷ്ഠഇത്യഭിധീയതേ'
(മാധവനിദാനം)

**ആശയം**-പ്ര. മനസ്സ്. ൨. സഞ്ചി. ൩. ഭാവം. ൪. വയറ്. ൫. ഇരിപ്പിടം. ൬. അഭിപ്രായം.

**ആശയാശി**-അഗ്നി. ആശ്രയാശൻ എന്നതിന്റെ പാഠഭേദം.

**ആശരൻ**-പ്ര. രാക്ഷസൻ, കൊല്ലുന്നവൻ, ഹിംസിക്കുന്നവൻ എന്നു ശബ്ദാർത്ഥം.

'ആശരനാഥമുഖ്യമാം'
(രാവണവിജയം കഥകളി)

൨. കൊടുവേലി. ൩. അഗ്നി.

**ആശാ**-ദിക്ക്. എങ്ങും വ്യാപിക്കുന്നത് എന്നു ശബ്ദാർത്ഥം.

**ആശാധിപതികൾ**-ഇന്ദ്രൻ തുടങ്ങിയ ദിക്പതികൾ. (അഷ്ടദിക്പതികൾ എന്നതു നോക്കുക).

**ആശാൻ**-ഗുരു, വാദ്ധ്യാർ.

**ആശാപാശം**-മോഹബന്ധം, ആഗ്രഹം.

**ആശാപുഷ്പി**-മഞ്ഞണ്ണി.

**ആശാബന്ധം**-പ്ര. മോഹബന്ധം, ആഗ്രഹം. ൨. ചിലന്തിവല.

ആശാരംഗം-ആഗ്രഹനാശം.

ആശാരി-തച്ചൻ.

ആശാള-കറുംശാണി എന്ന ഔഷധി.

[കാസം, പാൎശ്വശൂല, അൎശസ്സ്, ഗ്രഹണി, ജ്വരം ഇവയ്ക്കു നന്ന്.]

ആശി-പു. അനുഗ്രഹം. ൨. വിഷപ്പല്ല്.

ആശിത-വി. ഭക്ഷിക്കപ്പെട്ട.

ആശിതിക-ഇലന്ത.

ആശിതംഗവീനം-മുമ്പു പശുക്കളെ മേച്ചുതീറ്റിയിരുന്ന സ്ഥലം. (യത്രപൂൎവ്വം ഗാവഃ ആശിതാഃ).

ആശിരൻ-രാക്ഷസൻ. ആശരൻ എന്നതിന്റെ പാഠഭേദം.

ആശിരം-പു. അഗ്നി, ൨. ഭൂതം ൩. പിശാചു.

ആശിസ്സ്-പു. അനുഗ്രഹം. ൨. ഇഷ്ടമായവസ്തു. ൩. പാമ്പ്. ൪. വിഷപ്പല്ല്. ൫. വിഷം.

ആശീൎവ്വചനം-അനുഗ്രഹവാക്ക്.

ആശീൎവ്വദിക്കുക-അനുഗ്രഹിക്കുക.

ആശീൎവ്വാദം-അനുഗ്രഹവാക്ക്.

ആശീവിഷം-സൎപ്പം. ആശിസ്സിങ്കൽ (വിഷപ്പല്ലിൽ) വിഷമുള്ളതു് എന്നു ശബ്ദാൎത്ഥം.

ആശു-അ. വേഗത്തിൽ, കാലതാമസം കൂടാതെ, വ്യാപിക്കുന്നതു് എന്നു ശബ്ദാൎത്ഥം.

ആശു-ചെന്നെല്ല്.

ആശുഗ-വി. വേഗം ഗമിക്കുന്ന.

ആശുഗൻ-വായു. വേഗത്തിൽ ഗമിക്കുന്നവൻ എന്നു ശബ്ദാൎത്ഥം.

ആശുഗം-അമ്പ്.

ആശുവ്രീഹി-നവര മുതലായ നെല്ല്. വേഗം വിളയുന്ന നെല്ല് എന്നു ശബ്ദാൎത്ഥം. വ്രീഹി എന്നും അഭിപ്രായം കാണുന്നു.

ആശുശുക്ഷണി-പു. അഗ്നി. വേഗത്തിൽ ശോഷിപ്പിപ്പാൻ ആഗ്രഹിക്കുന്നവൻ എന്നു ശബ്ദാൎത്ഥം.

ഈ ശബ്ദത്തിനു മറ്റൊരു വ്യുല്പത്തിയും കാണുന്നു. അതായതു് വേഗത്തിൽ നല്ലവണ്ണം ഹിംസിക്കുന്നവൻ. ആശുശുക്ഷണി-ശു എന്നതു പൂജാൎത്ഥകമായ അവ്യയം.

'ആശുശുക്ഷണിരേവനാശകാമിതംവണ്ണം'
(ഭാഗവതം)

൨. കൊടുവേലി. ൩. വായു.

ആശോത്തരം-അധികമുള്ള ആഗ്രഹം.

ആശോഷണം-ഉണക്കുക, ശോഷിപ്പിക്കുക.

ആശൌചം-അശുദ്ധി, പുല.

ആശ്ചൎയ്യതാ, ആശ്ചൎയ്യത്വം-അത്ഭുതം

ആശ്ചൎയ്യപ്പെട്ടവൻ-അത്ഭുതപ്പെട്ടവൻ. പൎയ്യായങ്ങൾ:-വിലക്ഷൻ; വിസ്മയാന്വിതൻ.

ആശ്ചൎയ്യാവിഷ്കരണം-ആശ്ചൎയ്യത്തെ പ്രത്യക്ഷപ്പെടുത്തുക.

ആശ്ചൎയ്യം-അത്ഭുതരസം. എല്ലാവരാലും സ്വീകരിക്കപ്പെടുന്നതു്. ആഃ എന്നഭിനയിപ്പിക്കുന്നതു് എന്നു ശബ്ദാൎത്ഥം. പൎയ്യായങ്ങൾ-വിസ്മയം, അത്ഭുതം, ആശ്ചൎയ്യം, ചിത്രം.

ആശ്ച്യോതനം-ഒഴുക്കൽ, ധാര, നനയ്ക്കുക, കഴുകുക.

ആശ്മം-കല്ലുകൊണ്ടുണ്ടാക്കിയതു്.

ആശ്രപാകം-പാചകവൃത്തി.

ആശ്രു-കണ്ണുനീർ.

ആശ്രമധൎമ്മം-ബ്രഹ്മചാരി, ഗൃഹസ്ഥൻ, വാനപ്രസ്ഥൻ, സന്യാസി എന്നീ നാലുപേരും ചെയ്യേണ്ടുന്ന ധൎമ്മം.

ആശ്രമപദം-പൎണ്ണശാല.

ആശ്രമം-പു. പൎണ്ണശാല, മുനികളുടെ ഇരിപ്പിടം. ൨. ബ്രഹ്മചൎയ്യം, ഗാൎഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം ഇങ്ങിനെ ആ

ശ്രമം നാല്. ഇതിങ്കൽ പൊസ്സാട്ടുകൂടിയവരായിരിക്കുന്നു എന്നു ശബ്ദാർത്ഥം. എപ്പോഴും സ്വധർമ്മാചരണക്ലേശം ഹേതുവായിട്ടു (ശ്രമം) ബുദ്ധിമുട്ടുള്ളതു് എന്നുമാകാം. ബ്രഹ്മചര്യാദി നാലിനും 'ആശ്രമം' എന്നു പറയുന്നുണ്ട്.

൧. ബ്രഹ്മചാരി-ഗുരുവോടു വേദം പഠിക്കുന്നകാലം. ൨. ഗൃഹസ്ഥൻ-ഭാര്യാസമേതം ഗൃഹകൃത്യനിർവ്വഹണവും, വേദം പഠിപ്പിക്കുക, ബലികഴിക്കുക, ദാനംകൊടുക്കുക ഇവയും ചെയ്യേണ്ടകാലം. ൩. വാനപ്രസ്ഥൻ-ധ്യാനേന്ദ്രിയനിഗ്രഹങ്ങൾക്ക് വേണ്ടി വനത്തിൽ താമസിക്കേണ്ട കാലം. ൪. സന്യാസി-സന്തോഷസന്താപങ്ങളേയും മോഹങ്ങളേയും ഉപേക്ഷിച്ചു പരമാത്മാവിൽ ലയിപ്പാനുള്ള ആഗ്രഹം മാത്രം സ്വീകരിച്ച് ഭിക്ഷയെടുത്തു ഉപജീവിക്കേണ്ട കാലം.

ആശ്രമിക-വി. ആശ്രമങ്ങൾ നാലുള്ളതിൽ ഒന്നിനോടുചേരുന്ന.

ആശ്രയഭക്ഷണൻ-അഗ്നി.

ആശ്രയഭൃത-രക്ഷിതാവായി ഭവിച്ച.

ആശ്രയം-൧. താങ്ങ്, തുണ, സഹായം, സേവ. ൨. ആറുഗുണങ്ങളിൽ ഒന്ന്. ആ ഗുണങ്ങൾ:-സന്ധി, വിഗ്രഹം, യാനം, ആസനം, ദ്വൈധം, ആശ്രയം. ആശ്രയിക്ക എന്നതിന്റെ പര്യായങ്ങൾ-ശ്രായം, ശ്രയണം. ൩. രക്ഷാസ്ഥലം രക്ഷ. ൪. ചേർച്ച.

ആശ്രയാശൻ-൧ അഗ്നി. ആശ്രയിക്കുന്നതിനെ ഭക്ഷിക്കുന്നവൻ എന്നു ശബ്ദാർത്ഥം. പാഠാന്തരങ്ങൾ-ആശ്രയാശി, ആശയാശി ൨. രക്ഷാസ്ഥലത്തെ ഇല്ലാതാക്കിയവൻ. ൩. കൊട്ടുവേലി.

ആശ്രയാശി-അഗ്നി.

ആശ്രയിക്കുക-ശരണം പ്രാപിക്കുക, സഹായം അപേക്ഷിക്കുക, സേവിക്കുക.

ആശ്രയീഭൂതൻ - ആശ്രയമായി ഭവിച്ചവൻ.

ആശ്രവ-വി. അനുസരണമുള്ള, പറഞ്ഞു കേൾക്കുന്ന.

ആശ്രവൻ-പറഞ്ഞു കേട്ടു നടക്കുന്നവൻ. മുഴുവൻ കേൾക്കുന്നവൻ എന്നു ശബ്ദാർത്ഥം.

ആശ്രവിക്കുക-ഏൽക്കുക ൨. കേൾക്കുക

ആശ്രവം-൧. പ്രതിജ്ഞ (ഏൽക്കുന്നതു), അംഗീകാരം. നല്ലവണ്ണം കേൾക്കുന്നതു് എന്നർത്ഥം. ൨. ഉടമ്പടി. ൩. ആലസ്യം.

ആശ്രി-വാളിന്റെ വക്ക്.

ആശ്രിത-വി. ൧. ആശ്രയിക്കപ്പെട്ട, ശരണം പ്രാപിച്ച. ൨. പാർക്കുന്ന.

ആശ്രിതപരായണ-വി. ആശ്രയിക്കുന്നവരെക്കുറിച്ചു താൽപര്യമുള്ള.

ആശ്രിതരക്ഷണം-ശരണം പ്രാപിച്ചവരെ രക്ഷിക്ക.

ആശ്രിതവത്സല-വി. ശരണം പ്രാപിച്ചവരിൽ സ്നേഹമുള്ള.

ആശ്രുത-വി. ൧ കേൾക്കപ്പെട്ട. ൨. വാഗ്ദത്തം ചെയ്യപ്പെട്ട. ൩. ഏല്ക്കപ്പെട്ട.

ആശ്രുതി-കേൾക്കുക. ൨. സ്വീകാരം.

ആശ്രുതം - ൧. അംഗീകരിക്കപ്പെട്ടതു്. ആശ്രവിക്കപ്പെട്ടതു്, ഏല്ക്കപ്പെട്ടതു് എന്നു ശബ്ദാർത്ഥം. ൨. കേൾക്കപ്പെട്ടതു്.

ആശ്ലിഷ്ട-വി. ൧. ആശ്ലേഷം (ആലിംഗനം) ചെയ്യപ്പെട്ട, കെട്ടിപ്പിടിക്കപ്പെട്ട. ൨. ചേർക്കപ്പെട്ട.

ആശ്ലേഷം-ആലിംഗനം (കെട്ടിപ്പിടി). ൨. ചേർച്ച.

ആശ്ലേഷ-ആയില്യം എന്ന നക്ഷത്രം.

ആശ്ലേഷിക്കുക- ആലിംഗനം ചെയ്യുക, കെട്ടിപ്പിടിക്കുക.

ആശ്വ- ൧. കുതിരയെ സംബന്ധിച്ച. ൨. കുതിരകളാൽ വലിക്കപ്പെട്ട.

ആശ്വത്ഥം - അരയാൽക്കുരു.

ആശ്വം - കുതിരക്കൂട്ടം.

ആശ്വയുജ - തുലാംമാസത്തോടു ചേരുന്ന.

ആശ്വയുജം - ആശ്വിനമാസം. (തുലാമാസം). അശ്വതി നക്ഷത്രത്തോടുകൂടിയ പൌർണ്ണമിയുള്ളത് എന്നു ശബ്ദാർത്ഥം.

ആശ്വയുജി - തുലാംമാസത്തിലെ വെളുത്ത വാവ്.

ആശ്വലക്ഷണിക - വി. കുതിരയുടെ ലക്ഷണങ്ങളെ അറിയുന്ന.

ആശ്വലക്ഷണികൻ - പു. കുതിരവൈദ്യൻ. ര. ലാടം തറയ്ക്കുന്നവൻ. ന. ലായം വിചാരിപ്പുകാരൻ.

ആശ്വലായനൻ - ഒരുമഹർഷി, ഒരുകവി. ആശ്വലായനൻ ജീവിച്ചിരുന്നത് മഹാകാവ്യകാലത്തിനടുത്ത് ഇപ്പുറമുള്ള വൈദാർശനികകാലത്താണ്. [മഹാകാവ്യകാലം - [illegible]] അശ്വലായനന്റെ ഗൃഹ്യസൂത്രത്തിൽ മഹാഭാരതത്തിന്റെ പേർ കാണുന്നുണ്ട്. (പ്രാചീനാര്യാവൃത്തം).

ആശ്വസിക്കുക - സുഖിക്കുക.

ആശ്വസ്ത - വി. ആശ്വസിക്കപ്പെട്ട.

ആശ്വാസകം - മട്ടുപ്പ്, വസ്ത്രം.

ആശ്വാസപ്രദ - വി. ആശ്വാസത്തെ കൊടുക്കുന്ന.

ആശ്വാസം - പു. സുഖം. ര. ദീർഘശ്വാസം. ന. പൂർത്തി. ൪. അദ്ധ്യായം.

ആശ്വികൻ - പു. കുതിരക്കാരൻ. ര. കുതിരപ്പടയാളി.

ആശ്വിനം - തുലാമാസം. അശ്വതിയോടുകൂടിയ പൌർണ്ണമാസിയുള്ള മാസം.

ആശ്വിനി - കുമ്പാരം, കൂട്ടം

ആശ്വിനേയന്മാർ - അശ്വിനീപുത്രന്മാർ, അശ്വിനീദേവന്മാർ, ദേവവൈദ്യന്മാർ. ഇവർ രണ്ടുപേരും സദാ ഒന്നിച്ചിരിക്കുന്നവരാണ്.

ആശ്വീനം - ഒരുകുതിര ഒരു ദിവസംകൊണ്ടു എത്രദൂരം ചെല്ലുമോ അത്രയും ദൂരം.

ആശ്വീയം - കുതിരക്കൂട്ടം.

ആഷാഢ - പൂരാടം നക്ഷത്രം.

ആഷാഢം - പു. ആടിമാസം (കർക്കടകമാസം). മിഥുനം മദ്ധ്യംമുതൽ കർക്കടകം മദ്ധ്യം വരെയാണ് ആഷാഢമാസം എന്നു കാണുന്നു. ര. വ്രതവിഷയമായി ധരിക്കുന്നതും പ്ലാശുമരംകൊണ്ടുണ്ടാക്കിയതുമായ ദണ്ഡ്, ബ്രഹ്മചാരിയാൽധരിക്കപ്പെട്ട പലാശദണ്ഡം. മററു വ്രതസ്ഥന്മാരുടേതിനും ഇതു പറയാം. ന. മലയപർവ്വതം, ആഷാഢകം എന്നുംകാണുന്നു.

ആഷാഢി - ആഷാഢം (പ്ലാശുദണ്ഡ്) കൈയിലുള്ളവൻ.

ആഷാഢി - കർക്കടകത്തിലെ വെളുത്ത വാവു.

ആസകലം - മുഴുവൻ, എല്ലാം.

ആസക്ത - ആഗ്രഹമുള്ള, ശുഷ്കാന്തിയുള്ള.

ആസക്തൻ - താൽപര്യത്തോടുകൂടിയവൻ. ആസംഗിച്ചവൻ എന്നു ശബ്ദാർത്ഥം.

ആസക്തി - പു. താൽപര്യം, ആഗ്രഹം. ര. ശുഷ്കാന്തി.

ആസംഗ - വി. എന്നുമുള്ള.

ആസംഗത്യം - വേർപിരിയൽ, ചേരായ്മ, ഭിന്നത.

ആസംഗം - പു. ഇണക്കം.
'ച്ഛന്നാസംഗേനമന്ദം മിഴികളിടകലർന്നോരാനനം' (അമരുകശതകം)
ര. ചേർച്ച, സംബന്ധം. ന. എന്നും. ൪. ആഗ്രഹം.

ആസംഗിനി - ചുഴലിക്കാററ്.

ആസംഗിമം - മുറിവിനെ കെട്ടുന്ന കെട്ടു (ശസ്ത്രക്രിയ സംബന്ധിച്ചതാണ്.)

ആസഞ്ജനം - പു. ഉറപ്പിക്കൽ. ര. ചേർച്ച, സംബന്ധം. ന. ഭക്തി, ഉപാസനം. ൪ താൽപര്യം.

ആസത്തി-പ്ര. സമീപം. വ. ലാഭം. സ. ചേർച്ച, അധികമായ അടുപ്പം.

ആസനം-പ്ര. പൃഷ്ഠം, കടിയിൽ മുന്നതമായ പ്രദേശം. വ. വേങ്ങ. (പീഠഭേദസ്സ സ്ഥയോഃ ക്ലീബമാസനം നാഗുജീവക) സ. പീഠം. ശ. ഇരിപ്പാനുള്ള കസാല, പായ്, തോൽ മുതലായവ. ഇരിപ്പാനുള്ളതു് എന്നു ശബ്ദാർത്ഥം. ഉ. ആനനയങ്ങളിൽ ഒന്നു്. ന്യ. ആനയുടെ സ്കന്ധപ്രദേശം. ഇവിടെ ഇരിക്കുന്നതിനാൽ ഈ പേർ വന്നു. റ. ഇരിപ്പ്. യൂ. അഷ്ടാംഗയോഗങ്ങളിൽ ഒന്നു്. ഓരോരോ വിധത്തിലുള്ള ഇരിപ്പ്.

ആസനങ്ങൾ-ഭദ്രാസനം, വജ്രാസനം, വ്യാഘ്രചർമ്മാസനം, വൽക്കലാസനം, കുശാസനം, കൃഷ്ണാസനം, വിഷ്ടരാസനം, പത്മാസനം, മയൂരാസനം, വീരാസനം, സ്വസ്തികാസനം, ക്രമ്മാസനം മുതലായവ.

ആസനാ, ആസ്യാ-ഒരുദിക്കിൽതന്നെ സ്ഥിരമായിച്ചെയ്യുന്ന ഇരിപ്പ്.

ആസന്ദി-പ്ര. പീഠിക (കട). വ. പീഠം.

ആസന്ദി-പ്ര. ആസനവിശേഷം, സന്യാസികൾ ഇരിക്കുന്ന ആസനം. വ. കസേര, കൈയുള്ളകസേര, വീതിയിൽ നീളമധികമുള്ള നാല്ക്കാലി.

ആസന്ദിക-ചെറിയആസനം(കസേര)

ആസന്ന-വി. അടുത്ത.

'ആസന്നമൃത്യുവായുള്ളോ-
ക്കിതുയോഗ്യംതന്നെ'
(ഭാഗവതം)

ആസന്നം-പ്ര. സമീപം. അടുത്തുവന്നതു് എന്നു ശബ്ദാർത്ഥം. വ. അടുത്തതു്. സ. അടുത്തിരിക്കുന്നതു്.

ആസന്നമരണത്വം-മരണകാലസാമീപ്യം, മരണത്തിന്റെ അടുപ്പം.

ആസന്നമൃത്യു-മരണം അടുത്തവൻ.

ആസന്നമരണൻ-മരണം അടുത്തവൻ.

ആസന്നവർത്തി-വി. അടുക്കൽ സഞ്ചരിക്കുന്ന.

ആസവം-പ്ര. മത്തുകളിട്ടുകാച്ചിയമദ്യം, മദ്യം; കരിമ്പിൻനീർപാകംചെയ്തുണ്ടാക്കുന്നതു ശീധു; അതുതന്നെ പാകംചെയ്യാതെ പുളിപ്പിച്ചുണ്ടാക്കുന്നതു് ആസവം.

ആസാദനം-പ്ര. പ്രാപിക്കുക, ലഭിക്കുക. വ. സാമീപ്യം. സ. നിവൃത്തി.

ആസാദിത-വി. പ്ര. പ്രാപിക്കപ്പെട്ട, ലഭിക്കപ്പെട്ട, സമ്പാദിക്കപ്പെട്ട. വ. ക്ഷീണിക്കപ്പെട്ട. സ. മറയ്ക്കപ്പെട്ട.

ആസാദിക്കുക-പ്രാപിക്കുക.

ആസാധനം-പ്ര. നിവൃത്തി. വ. പ്രാപ്തി. സ. സമ്പാദനം.

ആസാമം-കാമരൂപം എന്നരാജ്യം, Assam.

ആസാരം-പ്ര. പെരുമഴ, ധാരമുറിയാതെയുള്ള മഴ. എങ്ങും വ്യാപിക്കുന്നതു് എന്നർത്ഥം.

'ആധാരമില്ലാതെവന്നവരാകഴയോ-
മാസാരവുംതുടങ്ങീടിനാൻവാസവൻ'
(ഭാരതം)

വ. എല്ലാടവും വ്യാപിച്ചുകൊണ്ടുള്ള പടപ്പുറപ്പാടിന്റെ പേർ. പരന്നു നടക്കുക എന്നു ശബ്ദാർത്ഥം. മറെറാരു പര്യായം-പ്രസരണി. സ. ഉപകരണം. ശ. ശത്രുവെ വളയുക. ഉ. മീൻപണം.

ആസിക-ഇരിപ്പ്.

'സഹപ്രലാഭമയായാപ്യനലമയാ
നിഗ്രഹനിഗ്രഹാസ്വാസികം'
(നളചരിതം കഥകളി)

ആസികൻ-വാൾക്കാരൻ (ഖഡ്ഗപാണി).

ആസികത-വി. നനയ്ക്കപ്പെട്ട.

ആസിധാരം-ഒരു വ്രതം. 'അസിധാരം' നോക്കുക.

'അത്യസ്യതീവവ്രതമാസിധാരം'

ആസീന-വി. ഇരുന്ന.

ആസീനൻ-ഇരിക്കുന്നവൻ.

'വിജ്ഞചരാത്മാനമാസീനംവിധിസമം'
(അദ്ധ്യാത്മരാമായണം)

ആസ്സ്, അസ്സ്-അ. കോപം, ഭീഷണി, ദുഃഖം ഇവയിൽ പറയുന്ന വാക്ക്.

ആസുര-വി. അസുരനെ സംബന്ധിച്ച.

ആസുരൻ-ദൈത്യൻ.

ആസുരം-ദൌഷ്ട്യം, കാഠിന്യം.

ആസുരി-ഫ. കരിങ്കടുക്. കടുരസം കൊണ്ട് അസുരസ്ത്രീയെപ്പോലെയുള്ളത്. മുത്താറി എന്നും ചിലർ പറയുന്നു. ഉ. കടുപ്പമുള്ള അസ്ത്രപ്രയോഗം.

ആസൂത്രണം-(സാഹിത്യസാഹ്യപ്രകാരം) "വിഷയത്തിൽ വിവരിക്കേണ്ട അംശങ്ങൾ ഏതെല്ലാമെന്നാലോചിച്ച് നിശ്ചയിച്ച് കുറിച്ചുവെയ്ക്കുന്നതിന 'വിഷയവിശകലനം" എന്ന പേർ. "വിശകലനം ചെയ്തു സംഗ്രഹിച്ച കുറിപ്പു (നോട്ടു)കളെ തരംതിരിച്ചു ക്രമപ്പെടുത്തി എഴുതിയാൽ അതു് ആസൂത്രണം." (പ്ലാൻ).

ആസൂത്രിത-വി. മാലയുടെ ആകൃതിയിലാക്കിയ.

ആസേകം-തളിക്ക, നനയ്ക്ക.

ആസേചനക-വി. തളിക്കുന്ന.

ആസേചനകം, അസേചനകം-ഫ. കണ്ടാൽ തൃപ്തിവരാത്ത (പിന്നേയും പിന്നേയും കാണണമെന്നു തോന്നുന്ന) വസ്തു. തളിപ്പിക്കുന്നതു് എന്നർത്ഥം.

'അപശ്യമാസേചനകം
തമാകരമുദന്ധലം
കോലാളികാമൃതരം
ഭവാകരാണേതിവേശിതം'
(ഗുരുവായൂപുരമാഹാത്മ്യം)

ഉ. തളിപ്പ് (തളിക്കുക).

ആസേദിവാൻ-പ്രാപിച്ചവൻ, ഇരുന്നവൻ.

ആസേദുഷി-ഇരുന്നവൾ.

ആസേവാ, ആസേവനം-ഫ. വൈരാഗ്യമുള്ളപ്രവൃത്തി. ഉ. സംസർഗ്ഗം. ന. തുടർച്ച.

ആസേവിത-വി. ഫ. പ്രവർത്തിക്കപ്പെട്ട. ഉ. പിന്നേയും പറയപ്പെട്ട.

ആസേവിതം-പ്രവൃത്തി, അനുഷ്ഠാനം.

ആസ്കന്ദ(ന)ം-ഫ. യുദ്ധം. മറിപ്പാനോങ്ങി പുറപ്പെടുക എന്നു ശബ്ദാർത്ഥം. ഉ. തിരസ്കാരം, ആക്ഷേപം. ന. സംശോഷണം. ര. കുതിരയുടെ ഗതിഭേദം.

ആസ്കന്ദിതം- കുതിരയുടെ ഗതിഭേദം, കോപംകൊണ്ടോ എന്തോ ഒന്നുമാറ് നാലുകാലും പൊക്കി ചാടിച്ചാടിയുള്ള ഓട്ടം.

ആസ്ഖലിത-വി. ഇടറിവീഴപ്പെട്ട.

ആസ്തരണിക-വിരിപ്പിന്മേൽ സുഖമെടുക്കുന്ന.

ആസ്തരണം-ഫ. വിരിപ്പ്, മേൽവിരിപ്പ്.

'മണിമയസദനേമോഹനശയനേ
മണമിയലുംനവകസുമാസ്തരണേ'
(കിർമ്മീരവധം കഥകളി)

ഉ. ആനപ്പുറത്തു വിരിക്കുന്ന കമ്പിളി. മൂടുന്നതു് എന്നു ശബ്ദാർത്ഥം. ന. പഞ്ഞിയിട്ടകിടക്കയുടെ മേൽവിരിപ്പ്. ര. ആനക്കോപ്പ്. ഇ. കിടക്ക. ആ. കിടക്കയിൽ വിരിക്കുന്ന വസ്ത്രം. ഒ. വിരിക്കുക. വ്യ. ചിതറുക.

ആസ്താരം-വിരിക്കുക, ചിതറുക.

ആസ്താവം-ഫ. യാഗത്തിൽ സങ്കീർത്തനം ചൊല്ലുന്നസ്ഥലം. ഉ. സങ്കീർത്തനം, സ്തുതി.

ആസ്തി-സമ്പത്ത്, സ്വത്ത്.

ആസ്തിക-വി. ഫ. ദൈവവിശ്വാസമുള്ള. ഉ. വിശ്വാസമുള്ള, ഭക്തിയുള്ള.

ആസ്തികൻ-പ്ര. പരലോകത്തെയും ദൈവത്തെയും വിശ്വസിക്കുന്നവൻ, ആസ്തികൻ><നാസ്തികൻ. ൨. ഒരു മുനി.

ആസ്തികൻ-ഒരുമുനി, വാസുകിയുടെ സഹോദരിയായ 'ജരൽക്കാരു' എന്നവളിൽ 'ജരൽക്കാരു' എന്ന മുനിക്കുണ്ടായവൻ. സർപ്പസത്രത്തെ ഒഴിച്ചതു് ഈ ആസ്തികൻ ആകുന്നു. ആസ്തീകൻ എന്നും കാണുന്നു.

ആസ്തികം-മഹാഭാരതത്തിലെ ഒരു പർവ്വം.

ആസ്തിക്യം, ആസ്തികതാ, ആസ്തികത്വം-പ്ര. ശ്രദ്ധ. ൨. ഒരു ദൈവമുണ്ടെന്നുള്ള വിശ്വാസം.

ആസ്തീർണ്ണം-വിരിക്കപ്പെട്ടതു്.

ആസ്തൃത-വി. പ്ര. വിരിക്കപ്പെട്ട.

'കണ്ടാലുമെങ്കിൽകുശാസ്തൃതംസീതയാ'
(അദ്ധ്യാത്മരാമായണം)

൨. മൂടപ്പെട്ട. ൩. മറഞ്ഞ. ൪. ചേർത്തുകെട്ടപ്പെട്ട.

ആസ്ഥൻ-ആധീനൻ.

ആസ്ഥാ-പ്ര. ആഗ്രഹം.

'എന്തൊരാസ്ഥാമഹാത്മാക്കൾക്കിന്നുമുള്ളതും'
(അദ്ധ്യാത്മരാമായണം)

൨. ആദരവു്. ൩. താൽപര്യം, ശ്രദ്ധ. ൪. സ്നേഹം. ൫. ആസ്ഥാനമണ്ഡപം. ൬. പ്രയത്നം. ഇതിൽ സ്ഥിതിചെയ്യുന്നു എന്നു ശബ്ദാർത്ഥം. ൭. ഇരിപ്പിടം.

ആസ്ഥാനദേശം-രാജാക്കന്മാർ സഭകൂടാനുള്ള സ്ഥലം (സഭാമണ്ഡപം).

ആസ്ഥാനം-പ്ര. ഇരിപ്പിടം. ൨. രാജസഭ. എല്ലാവരും ഇരിക്കുന്നേടം എന്നു ശബ്ദാർത്ഥം.

'ആസ്ഥാനത്തിങ്ങിരിപ്പുന്നിയതവുമറിവു
ലോകവൃത്താന്തങ്ങൾതേടാൻ'
(ഉത്തരരാമായണം ചമ്പു)

൩. സഭ.

ആസ്ഥാനമണ്ഡപം- രാജാക്കന്മാർ സഭകൂടാനുള്ള സ്ഥലം.

ആസ്ഥാനി-രാജസഭ. എല്ലാവരും ഇരിക്കുന്നേടം എന്നു ശബ്ദാർത്ഥം.

ആസ്ഥാപനം-പ്ര. സ്ഥാപിക്കുക, വയ്ക്കുക. ൨. തൈലസത്തിനിടയാക്കുക.

ആസ്ഥിത-വി. ഇരിക്കപ്പെട്ട, ഇരുന്ന.

ആസ്ഥിതൻ-കയറിയിരിക്കുന്നവൻ.

'സോമകേളിസമയാമകഞ്ചുകി
ഖലാമമത്സരമാസ്ഥിതം'
(അംബരീഷചരിതം കഥകളി)

ആസ്പദീഭൂതം-ആസ്പദം (സ്ഥാനം-ഇരിപ്പിടം) ആയിഭവിച്ചതു്.

ആസ്പദം-പ്ര. സ്ഥാനം, ഇരിപ്പിടം. ൨. ചെയ്യേണ്ട കാര്യം. ഇതിൽ പ്രാപിക്കുന്നു എന്നു ശബ്ദാർത്ഥം.

ആസ്പന്ദനം-ഇളക്കം.

ആസ്ഫാലനം-പ്ര. അടി, അഭിഘാതം. ൨. അഹംഭാവം, അഹങ്കാരം, ഡംഭം. ൩. ആന ചെവിയാട്ടുക.

ആസ്ഫാലിത-വി. അടിക്കപ്പെട്ട.

'അജസ്രമാസ്ഫാലിതവല്ലകീഗുണ
ക്ഷതോജ്ജ്വലാംഗുഷ്ഠനഖാംശുഭിന്നയാ'
(മാഘം)

ആസ്ഫുരിത-വി. ശോഭിക്കപ്പെട്ട.

ആസ്ഫോട(ന)ം-വിളിച്ച്, പിളർപ്പ്.

ആസ്ഫോടം-പ്ര. വിളിച്ച്, പിളപ്പ്. ൨. എരിക്ക്. ൩. മുള്ളചിപ്പിപ്പൂക്കൾ.

ആസ്ഫോടനി-പ്ര. രത്നങ്ങൾ തുളയ്ക്കുന്ന കരിമ്, മണിവേധകസൂചി എന്നും പറയും. പിളർക്കുന്നതു് എന്നു ശബ്ദാർത്ഥം. മറ്റൊരു പര്യായം-വേധനിക. ൨. മരം തുളയ്ക്കുന്ന ഉളി (വിരമ). ൩. കത്രിക (കത്തിരി).

ആസ്ഫോതം-എരിക്ക്. വിരിയുന്നതു എന്നു ശബ്ദാർത്ഥം. ആസ്ഫോടം എന്നും പറയുന്നു.

**ആസ്ഫോതാ, ആസ്ഫോടാ**-൧. വിഷ്ണുക്രാന്തി (കൃഷ്ണക്രാന്തി). നാലുഭാഗവും വിരിന്ന പൂക്കൾ ഉള്ളത് എന്നു ശബ്ദാർത്ഥം. ൨. കാട്ടുമുല്ല. ൩. വെള്ളെരിക്ക്. ൪. കാട്ടുപിച്ചകം. ൫. ചെറിൻകര. ൬. എരിക്ക്. ൭. നവമല്ലികപ്പൂവ്.

**ആസ്യം**-൧. മുഖം. ൨. വായ്. പുളിരസവും മറ്റുംകൊണ്ടു ഒലിക്കുന്നത്, അക്ഷരങ്ങളെ ഉച്ചരിക്കുന്നത് ഇങ്ങനെ ശബ്ദാർത്ഥം.

**ആസ്യന്ദനം**-വി. ഒഴുകുന്ന, ഊറുന്ന.

**ആസ്യപത്രം**-താമര.

**ആസ്യലാംഗലം**-൧. പന്നി. ൨. പട്ടി.

**ആസ്യലോമ**-൧. മീശ. ൨. കരടി.

**ആസ്യ, ആസനാ**-ഇരിപ്പ്. ഒരു ദിക്കിൽതന്നെ സ്ഥിരമായിട്ട് ഇരിക്കുക. മറ്റു പര്യായങ്ങൾ-സ്ഥിതി, സ്ഥാനം.

**ആസ്യാസവം**-വായിലെ വെള്ളം (ഉമിനീർ).

**ആസ്രപൻ**-രാക്ഷസൻ (ചോര കുടിക്കുന്നവൻ).

**ആസ്രം**-൧. രക്തം. ൨. കണ്ണുനീർ.

**ആസ്രവം**-ക്ലേശം, സങ്കടം. പൊഴിഞ്ഞിരിക്കുക എന്നു ശബ്ദാർത്ഥം. മറ്റു പര്യായങ്ങൾ-ആദീനവം, ക്ലേശം.

**ആസ്രാവ**-വി. ഒഴുകുന്ന, ഓടുന്ന.

**ആസ്രാവം**-൧. മുറിവ്. ൨. വേദന. ൩. രോഗം. ൪. ഗതി, പോക്ക്.

**ആസ്വദിക്കുക**-൧. ഭക്ഷിക്കുക.
'പാരമപ്പിഴവിതാസ്വദിച്ചധുനാ'
(അംബരീഷചരിതം കഥകളി)
൨. രുചിനോക്കുക. ൩. അനുഭവിക്കുക.

**ആസ്വനിത**-വി. ശബ്ദമുണ്ടാക്കപ്പെട്ട.

**ആസ്വാദനം**-൧. ഭക്ഷണം. ൨. രുചിനോക്കുക. ൩. അനുഭവിക്കുക.

**ആസ്വാദിത**-വി. ആസ്വദിക്കപ്പെട്ട, ഭക്ഷിക്കപ്പെട്ട, രുചി നോക്കപ്പെട്ട, അനുഭവിക്കപ്പെട്ട.

**ആഹകാ**-മൂക്കിലെ ഒരുവക രോഗം.

**ആഹത**-വി. ൧. അടിക്കപ്പെട്ട. ൨. അറിയപ്പെട്ട. ൩. പെരുകിയ.

**ആഹതനം**-അടി. ൨. കൊലസ്ഥലം.

**ആഹതം**-൧. അടിച്ചുണ്ടാക്കിയത്. ൨. ഒട്ടും ചേർച്ചയില്ലാത്ത അർത്ഥത്തോടുകൂടിയ വാക്ക്. ൩. പെരുക്കിയ സംഖ്യ. ൪. ഒരു വാദ്യം.

**ആഹതലക്ഷണൻ**-ഗുണങ്ങൾ ഹേതുവായിട്ടു പ്രസിദ്ധി നേടിയവൻ. ജനങ്ങൾ പിന്നെയും പിന്നെയും പറയുന്ന പേരോടുകൂടിയവൻ എന്നു ശബ്ദാർത്ഥം. ആഹിതലക്ഷണൻ എന്നും ചിലർ പറയുന്നുണ്ട്. മറ്റൊരു പര്യായം-കൃതലക്ഷണൻ.

**ആഹതി**-൧. അടി. ൨. കൊല്ലുക.

**ആഹനനം**-൧. അടി. ൨. വടി.

**ആഹനിക്കുക**-താഡിക്കുക, അടിക്കുക.
'സിംഹം താൻ കോപിച്ചു ഞാനതൻ മസ്തകമാഹനിച്ചുടൻ പൊളിപ്പതിനായ്'
(കൃഷ്ണഗാഥ)
൨. കൊല്ലുക.

**ആഹന്ത**-അ. കഷ്ടം, ആശ്ചര്യം.

**ആഹരണം**-൧. കൈക്കലാക്കുക. ൨. സ്ത്രീധനം.

**ആഹരം**-ധൈര്യം.

**ആഹരി**-ഒരു രാഗം.

**ആഹരിക്കുക**-കൈക്കലാക്കുക, കൊണ്ടുവരുക.

**ആഹവം**-൧. യുദ്ധം. സ്പർദ്ധിച്ചു പ്രവൃത്തി എന്നു ശബ്ദാർത്ഥം.
'ആഹവമതിലതിമോഹികളായ് ചില ദേഹികളാവന്നീടുകിൽ'
(അംബരീഷചരിതം കഥകളി)
൨. യാഗം.

**ആഹവനം**-യാഗം.

**ആഹവനീയം**-അഗ്നികൾ മൂന്നിലൊന്ന്. മറ്റവ ദക്ഷിണാഗ്നി, ഗാർഹപത്യാഗ്നി.

മതകാര്യകാലത്തു വേദിയിൽപരി ഷ്ഠാഗ്നിയെ ജ്വലിപ്പിക്കുന്നത് എല്ലാം ഗൃഹസ്ഥന്മാരുടേയും ഒരു മുഖ്യപ്രവൃത്തിയായിരുന്നു. ഗാർഹപത്യാഗ്നി വൃത്തത്തിലും, ആഹവനീയാഗ്നി ചതുരത്തിലും, ദക്ഷിണാഗ്നി അർദ്ധവൃത്താകാരത്തിലും ഇട്ടു വന്നിരുന്നു.

ആഹവഭൂമി-പടനിലം.

ആഹാ-അ. സന്തോഷം, അത്ഭുതം, ദുഃഖം ഇവയുണ്ടാകുമ്പോൾ പ്രയോഗിക്കുന്ന ഒരു വാക്ക്.

ആഹാരം-പ്ര. ഭക്ഷണം, ഊണ്, തീററി, തിന്നാനുള്ളത്. പര്യായങ്ങൾ-ജഗ്ധി, ഭോജനം, ജേമനം, ലേഹം, ആഹാരം, നിഘസം.

ആഹാരപദാർത്ഥങ്ങൾ നാലുവിധം-പ്ര. ഖാദ്യം-കടിച്ചുതിന്നുന്നത്. ദ്വി. പേയം-കുടിക്കത്തക്കത്. തൃ. ലേഹ്യം-നക്കിത്തിന്നാവുന്നത്. ച. ഭോജ്യം (ഭക്ഷ്യം)-ഭുജിക്കത്തക്കത്.

ദ്വി. എടുക്കുക.

ആഹാരാദിചതുഷ്ടയം-ആഹാരം മുതലായ നാലു കാര്യങ്ങൾ. ആഹാരം, വിഹാരം, മൈഥുനം, നിദ്ര ഇവ നാലുമത്രേ മനുഷ്യധർമ്മങ്ങൾ.

ആഹാര്യ-വി. ആഹരിക്ക(എടുക്ക)പ്പെടേണ്ടുന്ന.

ആഹാര്യശോഭ-വാസ്തവത്തിലധികമായ ശോഭ, ഇവിടെ ആഹാര്യം എന്ന പദത്തിനു 'കൃത്രിമം' (കെട്ടിച്ചമച്ചുണ്ടാക്കുന്നത്) എന്നർത്ഥം.

ആഹാവം-കൽത്തൊട്ടി. (ഇതു സാധാരണ കിണറു കുളം മുതലായതിനു സമീപം നിർമ്മിക്കാറുണ്ട്. പശുക്കൾക്കു ജലം കുടിപ്പാനായിട്ടാണ്.) ഇതിന്റെ അടുക്കൽ പശുക്കൾ വിളിക്കപ്പെടുന്നു എന്നർത്ഥം. മററൊരു പര്യായം-നിപാനം.

ആഹികജ്വരം-ഇടവിട്ടുള്ള പനി.

ആഹികൻ-പ്ര. കേതു. ദ്വി. പാണിനിയുടെ മറെറാരുപേർ.

ആഹിത-വി. വയ്ക്കപ്പെട്ട.

ആഹിതലക്ഷണ-വി. ഗുണങ്ങളെക്കൊണ്ടു പ്രസിദ്ധിനേടിയ. (ആഹിതലക്ഷണൻ എന്നതു നോക്കുക.)

ആഹിതാഗ്നി-അഗ്നിഹോത്രി.

ആഹിതാനലൻ-അഗ്നിഹോത്രി. (ആഹിതാനല എന്നുള്ളത് ഇപ്പോൾ ക്രമേണ കത്തിൽ 'ഐതാള' എന്നായി).

ആഹിതുണ്ഡികൻ-പാമ്പു പിടിക്കുന്നവൻ(പാമ്പാട്ടി). അഹിതുണ്ഡം (പാമ്പിന്റെ മുഖം)കൊണ്ടു കളിക്കുന്നവൻ എന്നു പറയാം. മറെറാരു പര്യായം-വ്യാളഗ്രാഹി.

ആഹുകൻ-ഉഗ്രസേനന്റെ പിതാവ്.

ആഹുത-വി. ഹോമിക്കപ്പെട്ട.

ആഹുതി-ഹോമം.

ആഹൂത-വി. വിളിക്കപ്പെട്ട.

ആഹൂതസംപ്ലവം-ലോകനാശകാലം.

ആഹൂതി-പ്ര. സ്വായംഭുവമനുവിനു ശതരൂപയിൽ ഉണ്ടായവൾ. ദ്വി. വിളി.

ആഹൂതാ-വിളി.

ആഹൃത-വി. ആഹരിക്ക(എടുക്ക)പ്പെട്ട.

ആഹേയ-വി. അഹിയെ (സർപ്പത്തെ) സംബന്ധിച്ച.

ആഹേയം-പാമ്പിന്റെ അസ്ഥി, വിഷം, മുതലായത്. അഹിയിൽ(പാമ്പിൽ) ഭവിച്ചതു എന്നു ശബ്ദാർത്ഥം.

ആഹേരു-ശതാവരി. (അഹേരു എന്നതു നോക്കുക.)

ആഹോളനം-തിര.

ആഹോ-അ. അതോ ഇതോ എന്നുള്ള വികല്പത്തിലും വിശങ്കയുള്ള അർത്ഥത്തിലും പ്രയോഗം. ഇതു ചോദ്യത്തിലും പ്രയോഗിക്കാറുണ്ട്.

ആഹോപുരുഷിക-അഹംഭാവം,അഹംകാരം, ഞാൻ കേമനാണ്, സമൎത്ഥനാണ്, ധീരനാണ് എന്നും മററുമുള്ള വിചാരം.

ആഹോസ്വിൽ-ആഹോ എന്നതിന്റെ അൎത്ഥം.

ആഹ്നിക-വി. പകലിനെസംബന്ധിച്ച.

ആഹ്നികം-ദിവസന്തോറും ചെയ്യുന്നതു് (കുളി ഭക്ഷണം ഇത്യാദിപോലെ.)

ആഹ്നികക്രിയ-പകലത്തെകൎമ്മം.

ആഹ്ലാദനീയ-വി. സന്തോഷിപ്പിക്കേണ്ടുന്ന.

ആഹ്ലാദനം-സന്തോഷത്തെനല്കുന്നതു്

ആഹ്ലാദം-സന്തോഷം.

ആഹ്ലാദി-വി. സന്തോഷത്തെ കൊടുക്കുന്ന.

ആഹ്ലാദിക്കുക-സന്തോഷിക്കുക.

ആഹ്ലാദിത-വി. സന്തോഷിപ്പിക്കപ്പെട്ട.

ആഹ്വ-പേർ,നാമം. ആഹ്വാനം ചെയ്യപ്പെടുന്നതു് (വിളിക്കപ്പെടുന്നതു്) എന്നൎത്ഥം.

ആഹ്വയം-പേർ, നാമം. വിളിക്കപ്പെടുന്നതു് എന്നു ശബ്ദാൎത്ഥം.

ആഹ്വാനദൎശനം-വിചാരണയ്ക്കുഹാജരാവുക.

ആഹ്വാനം-പു. വിളി. ൨. കോടതിയിൽ നിന്നു സമൻസയച്ചു് വിളിക്കുക.

ആഹ്വാനയതി-സമൻസയക്കുക, കല്പിച്ചുവിളിക്കുക.

ആഹ്വായം-പു. സമൻസ്. ൨. പേർ.

ആഹ്വായക-വി. ക്ഷണിക്കുന്ന, വിളിക്കുന്ന.

ആഹ്വായകൻ-ദൂതൻ.

ആൾ,ആള്-പു. മനുഷ്യൻ. ൨. ശേഷിയുള്ളവൻ, സമൎത്ഥൻ.

'വൃത്താന്താമേപറവതിനുമാ
ളല്ലനീയെന്നുവേണം'
(മയൂരസന്ദേശം)

ആൾക്കൊല്ലി-പണം, ദ്രവ്യം, ധനം.

ആളന്തരം-പുരുഷാന്തരം, മരണം.

ആളൎക്കം-അളൎക്കത്തെ (പേപ്പട്ടിയെ)സംബന്ധിച്ച.

'ആളൎക്കംവിഷമിവസൎവ്വതഃപ്രസൃപ്തം'
(ഉത്തരരാമായണംചമ്പു)

ആളാനം-ആനയെ കെട്ടുന്നതറി, ആനയെ തളയ്ക്കുന്ന കെട്ടുകററി. ഇതിനോടു ചേൎത്തു കെട്ടുന്നതിനാൽ ഈ പേർവന്നു. മററുപൎയ്യായം-ബന്ധസ്തംഭം.

ആളായ്മ-ശേഷി, കാൎയ്യപ്രാപ്തി, തനിക്കതാൻപോരിക.

ആളി-പു. കൂട്ടം (സമൂഹം.) ൨. സഖി (ഒപ്പം കളിച്ചു വളൎന്നവൾ.) അലങ്കരിക്കുന്നവൾ എന്നൎത്ഥം. മററു പൎയ്യായങ്ങൾ-സഖി, വയസ്യാ. ൩. ചിറ, ചെറിയചിറ. വെള്ളത്തെ തടുക്കുന്നതു് എന്നു ശബ്ദാൎത്ഥം. മററുപൎയ്യായം-സേതു. ൪. ഇടതൂൎമ്മയില്ലാത്ത മരക്കൂട്ടം. അലങ്കരിക്കുന്നതു് എന്നു ശബ്ദാൎത്ഥം. ൫. തേൾ. ൬. വരമ്പ്. ൭ വരി. ൮. വര.

ആളിന്ദം-പുറന്തിണ്ണ. (അളിന്ദം എന്നതിന്നു പ്രചാരം കൂടുതലുണ്ടു്).

ആളുക-പു. ഭരിക്കുക. ൨. രക്ഷിക്കുക ൩. വഹിക്കുക, ൪. അനുഭവിക്കുക. ൫. ഉണ്ടായിരിക്കുക. ൬. വാഴുക. ൭. ഉയരുക, ൮. പടൎന്നുകയറുക.

ആളുപകം-ഇരട്ടച്ചെമ്പ്.

ആളൂർ-തിരുവിതാംകൂറിൽ ഇരണിയൽ താലൂക്കിലെ ഒരു പകുതി.

ആളോടി-വെളിപ്പാടു്.

ആൾപ്പാട്ടം-അടിമയെ മററൊരാൾക്കു എഴുതിക്കൊടുത്തു് ആണ്ടുതോറും വാങ്ങിക്കുന്ന ദ്രവ്യം.

**ആൾപ്രമാണം** – കൈപ്പടത്തോടുകൂടി കൈ മേല്പെട്ടു നീട്ടിനിന്ന മനുഷ്യന്റെ (പുരുഷന്റെ) നീളം. ഇതിനു ഭാഷയിൽ 'ഒരാളും കൈയെടുപ്പും' എന്നു പറയാറുണ്ട്. പര്യായം-പൌരുഷം.

**ആൾക്കാട്ടി**-പുള്ള്, അസഹ്യതയുണ്ടാക്കുന്ന ഒരുവക പക്ഷി.

**ആൾക്കാർ**- കീഴ്പെട്ടവർ, കീഴ്ജാതിക്കാർ, ആശ്രിതന്മാർ.

**ആൾക്കുറിയൻ**-ഒരു പക്ഷി.

**ആഴക്ക്**-നാഴിയിൽ എട്ടിലൊന്ന്.

**ആഴം**–താഴ്ച (കുഴി).

**ആഴാതി** – അമ്പലവാസികളുടെ ഒരു സ്ഥാനപ്പേർ.

**ആഴാന്തൽ**-പലകപ്പയ്യാനി.

**ആഴി**-പ്ര. സമുദ്രം(ആഴമുള്ളത് എന്നർത്ഥം), ദ്വി. മോതിരം. തൃ. തിരുവാഴി. ച. സുദർശനം എന്ന ചക്രം. പ. കുളം. ഷ. എരിയുന്ന തീയ്.

**ആഴിമാതാവു, ആഴിമാതു**-ലക്ഷ്മീഭഗവതി. സമുദ്രം അമ്മയായവൾ എന്നു ശബ്ദാർത്ഥം.

**ആഴിവണ്ണൻ**-വിഷ്ണു. (കടൽനിറമുള്ളവൻ).

**ആഴ്കു**-താഴുക, മുങ്ങുക, താണുകിടക്കുക

**ആഴ്വാഞ്ചേരി**- ഒരു ബ്രാഹ്മണഗ്രാമത്തിന്റെ പേർ. ഇതു തിരുനാവായയ്ക്കടുത്താണ്. ഇതിലെ പ്രമാണിക്കു ആഴ്വാഞ്ചേരിതമ്പ്രാക്കൾ എന്നു പറഞ്ഞുവരുന്നു.

**ആഴെ**-വി അഗാധമായി.

**ആഴ്ച**-തിങ്കൾ, ചൊവ്വാ, ബുധൻ, വ്യാഴം, വെള്ളി, ശനി, ഞായർ എന്ന ഗ്രഹങ്ങളിൽ ഓരോന്നിനും പറയുന്ന പേർ.

**ആഴ്ചവട്ടം**-ഏഴാംദിവസംതോറും കൂടി പറയുന്ന പേർ.

**ആറന്മുള**-തിരുവിതാംകൂറിൽ തിരുവല്ലാത്താലൂക്കിൽ ചേർന്ന ഒരു പകുതി. ഇതു വള്ളംകളിക്കു വിശേഷമുള്ളതാണ്.

**ആറക്കാൽ**-വണ്ടിച്ചക്രത്തിന്റെ വട്ടത്തിനും കടത്തിനും മദ്ധ്യേയുള്ള കാല്. ചിലേടത്തു ഇതിനു 'അരക്കാൽ' എന്നാണ് പേർ. സംസ്കൃതത്തിൽ 'അരം' എന്നും 'ആരം' എന്നും പറയുന്നു.

'ആരക്കാലിനിടക്കുകൂടിനെടുകെ
നുഴഞ്ഞുവേഴമ്പൽ'
(മലയാളശാകുന്തളം)

**ആറാടുക**-കുളിക്കുക.

**ആറാട്ടം**-പ്ര. കുളി. ദ്വി. പിരളുക.

**ആറാട്ട്**-കുളി, ബിംബത്തെ കുളിപ്പിക്കൽ.

**ആറാട്ടുതറ**-വെടിക്കോട്ട.

**ആറാട്ടുപുഴ**-തിരുവിതാംകൂറിൽ കാർത്തികപ്പള്ളി താലൂക്കിൽ ഒരു പകുതി.

**ആറാംപഴിഞ്ഞി**-ഞൊങ്ങണാംപുല്ല്.

**ആറാമട**-തിരുവിതാംകൂറിൽ തിരുവനന്തപുരം താലൂക്കിലെ ഒരു പകുതി.

**ആറാംവരി**-വാരിപ്പുറം, വാരിയെല്ല്.

**ആറായിരം**-ആറ് ആയിരംചേർന്നതു്.

**ആറാറ്**-പ്ര. മുപ്പത്താറ്. ആറു തവണ ആറ് കൂടിയതു്. ദ്വി. ആറുവീതമായ.

**ആറു**-മാതിരി, സമ്പ്രദായം. (പ-മ)

**ആറു**-പ്ര. അഞ്ചുകഴിഞ്ഞെണ്ണുന്നതു്, മൂന്നിരട്ടിച്ചാൽ വരുന്ന തുക. ദ്വി. നദി. തൃ. വഴി. ച-ം, ചെയ്യാതെ, വന്നാതെ. പ. വിധം, സ്ഥിതി. ഷ-ം, കിട്ടിയവാറെന്നിനെ. ഏ. വണ്ണം. അ-ം, വരുമാറു=വരുംവണ്ണം.

**ആറുക**-ചൂടില്ലാതാവുക.

**ആറുകാലാടി**-ഒരു വിധം എണ്ണ.

കരിഞ്ചീരകം, ചിറ്റരത്ത, കൊത്തമ്പാലരി, കറുക, ഉഴിഞ്ഞ ഇവ സമം ഇടിച്ചുപിഴിഞ്ഞനീര് ഇതിനൊരിരട്ടി എണ്ണ നാഴി; കല്ക്കത്തിനു കുരുമുളകും ഇരട്ടിമധുരവും; അരച്ചുകലക്കി കാച്ചിയരിച്ചു തേക്കുക; ഉന്മാദം കാമിലയും നന്നു. കല്ക്ക

ത്തിന്നു ഇരട്ടിമധുരം, ചന്ദനം, കൊട്ടം ഇവയാകിലുമാം. പ്രസവിച്ചാൽ തലനോവു വർദ്ധിക്കുന്ന പക്ഷം ഈ തൈലം ഉപയോഗപ്പെടും. ഈ യോഗം ഗർഭചികിത്സയിൽ പെട്ടതാണ്.

ആറുകാല്-൧. കയ്യുന്ന്യം (കയ്യോന്നി). ൨. വണ്ട്.

ആറുദേശപ്പാറ്-തിരുവിതാംകൂറിൽ വിളവങ്കോട്ടു താലൂക്കിലെ ഒരു പകുതി.

ആറുനയങ്ങൾ-സന്ധി, വിഗ്രഹം, യാനം, ആസനം, ദ്വൈധീഭാവം, സമാശ്രയം ഇവ ആറും.

ആറുമുഖൻ-സുബ്രഹ്മണ്യൻ (ശിവന്റെ പുത്രൻ).

ആറുരസങ്ങൾ-സ്വാദ് (മധുരം), അമ്ലം (പുളി), ലവണം (ഉപ്പ്), തിക്തം (കയ്പ്), ഉഷ്ണം (എരു), കഷായം (ചവർപ്പ്) ഈ ആറും.

ഇവ ദ്രവ്യത്തെ ആശ്രയിച്ചിരിക്കുന്നു. മുമ്പേ മുമ്പേ പറയപ്പെട്ട രസം ദേഹത്തിന് അധികമായി ബലത്തെയുണ്ടാക്കും.

ആറുശാസ്ത്രങ്ങൾ-(വേദാംഗങ്ങൾ) ൧. ശിക്ഷ. (ഉച്ചാരണം ശരിയായി അഭ്യസിപ്പിക്കുന്ന ശാസ്ത്രം). ൨. കല്പം (ആചാരക്രമങ്ങളെ വിവരിക്കുന്ന ശാസ്ത്രം). ൩. വ്യാകരണം (ഭാഷയെക്കുറിക്കുന്നതു). ൪. നിരുക്തം (പദങ്ങളുടെ അർത്ഥത്തെ വിവരിക്കുന്നതു). ൫. ജ്യോതിഷം (നക്ഷത്രം മുതലായവയെ പ്രതിപാദിക്കുന്നതു). ൬. ഛന്ദസ്സ് (വൃത്തത്തെക്കുറിച്ചുള്ളതു).

'ശിക്ഷാ കല്പം വ്യാകരണം
നിരുക്തം ഛന്ദസാം ചയഃ
ജ്യോതിഷാമയനം ചൈവ
വേദാംഗാനി ഷഡേവ തു'

ആറേ-അ. ആറിൽകൂടെ.

ആററ-കിളി, ചെറിയപക്ഷി.

ആററ-വി. ഓമനയായ.

ആററൽ-വി. ഓമനയായ.

'ആററൽകിടാവിനെചീററവുംപൂണ്ടു'
(കൃഷ്ണഗാഥ)

ആററൽ-൧. ചെണ്ടി, ശുഷ്കാന്തി.

'കാററുതട്ടിവിളക്കഞ്ഞു
കെട്ടുപോയാലതിൽപിന്നെ
ആററലോടെവെളിച്ചെണ്ണ
പകർന്നാൽകത്തുമാറുണ്ടോ'
(ത്രിപുരദഹനം തുള്ളൽ)

൨. മനോഹരമായ വളച്ച്. ൩. ആശ്വസിപ്പിക്ക. ൪. തണുപ്പിക്ക. ൫. ശമിപ്പിക്ക.

ആററം-വളരെ. ൨. വല്ലതും, ഏതാനും.

ആററുക-തണുപ്പിക്ക, ചൂടില്ലാതാക്കുക.

ആററുകാൽ-൧. ആററിൽ നിന്നുണ്ടായ തോട്. ൨. തിരുവനന്തപുരത്തു ഒരണിലുള്ള ഒരു സ്ഥലത്തിന്റെ പേർ.

ആററുങ്ങൽ-തിരുവിതാംകൂറിൽ ചിറയിൻകീഴ് താലൂക്കിലെ ഒരു പകുതി.

ഇതു തിരുവിതാംകൂറിലെ വിശേഷസ്ഥലങ്ങളിൽ ഒന്നാകുന്നു. പണ്ട് ഒരു രാജ്ഞിയിൽ നിന്നു തിരുവിതാംകൂറിനു കിട്ടിയതാണ്. ഇതു നമ്മുടെ രാജ്ഞിമാരുടെ പൊതു കുടുംബമാണെന്നുള്ളതു 'ആററുങ്ങൽ മൂത്തതമ്പുരാൻ', 'ഇളയതമ്പുരാൻ' എന്ന നാമധേയങ്ങൾ കൊണ്ടു സ്പഷ്ടമാകുന്നു. ആററുങ്ങലും ഇടവാക്കോട്ടും ശ്രീപാദം വകയാണ്.

ആററുദർഭ-ഒരുവകപുല്ല്. പര്യായങ്ങൾ-കാശം, ഇക്ഷുഗന്ധ, പോടഗലം, കരവ്ക്കരിമ്പ് എന്നും പറയുന്നുണ്ട്.

ഇതു ശ്രമം, ശോഷം, അരോചകം, ആമദോഷം, രക്തപിത്തം, ദുർബലത, ചുട്ടുനീറൽ, ക്ഷയം ഇവയെ നശിപ്പിക്കും. മൂത്രവൃദ്ധിയെ ചെയ്യും. രസത്തിൽ മധുരവും പാകത്തിൽ തിക്തരസവും ശീതവുമാകുന്നു. ഇതു കണ്ണിനു മെ

ലെ ഉണ്ടാകുന്ന രോഗങ്ങൾക്കും ഉദര
രോഗങ്ങൾക്കും ഉപയോഗം.

**ആററുനോററുപോകുക**- കുളിച്ചു ഉപവസിച്ച് വ്രതമിരിക്ക.

**ആററുപേരാൽ**-ഒരുവക വൃക്ഷം.

'നദീവടോയജ്ഞവൃക്ഷഃ
സിദ്ധാർത്ഥോവടകാവടീ
അമരാസംഗിനീചൈവ
ക്ഷീരകാഷ്ഠാചകീർത്തിതാ'

എന്നു പര്യായം.

'വടീകഷായമധുരാശിശിരാപിത്തഹാരിണീ
ദാഹതൃഷ്ണാശ്രമശ്വാസവിച്ഛർദ്ദിശമനീപരാ'

എന്നു ഗുണങ്ങൾ.

**ആററുപ്പുറ**-തിരുവിതാംകൂറിൽ തിരുവനന്തപുരം താലൂക്കിലെ ഒരു പകുതി.

**ആററുവഞ്ചി**-ഒരു വൃക്ഷം. പര്യായങ്ങൾ-പരിവ്യാധം, വിദുലം, നാദേയി, അംബുവേതസം.

ഇതിന്റെ പൂവും കായും ഋതുബാധയെ കളയും. ദീപനവും രുചികരവുമാകുന്നു. രക്തപിത്തത്തെ കളയും. ഇതിന്ന ആററവഞ്ചി എന്നും നീർവഞ്ചി എന്നുമുള്ള ഭേദം കാണുന്നു. വ്രണവാതം, മൂത്രകൃച്ഛ്റം, അശ്മരി ഇവക്കും നന്നാണത്രേ. അധികം ആററവഞ്ചിയുള്ള പ്രദേശത്തിന്ന് 'വേതസ്വാൻ' എന്നുപേർ.

**ആററുവട്ട**-ഫ. ഒരു ചെടി. വ. ആററവക്ക്.

**ആററുവെപ്പ്**-ആററരികിൽ എക്കൽ കേറിയുണ്ടാകുന്ന സ്ഥലം. ആററവെപ്പ്><കരവെപ്പ്.

**ആററൂർ**-തിരുവിതാംകൂറിൽ കല്ക്കുളം താലൂക്കിലെ ഒരു പകുതി.

# ഇ

**ഇ** —സ്വരാക്ഷരങ്ങളിൽ മൂന്നാമത്തെത്. (താലവ്യം.)

**ഇ**-കാമദേവൻ.

**ഇഃ**-അ. ഫ. കോപം. വ. അത്ഭുതം. ന. വ്യസനം. ർ. ആർദ്രത. ഒ. നിന്ദ. ഞ. ബുദ്ധിമുട്ട്.

**ഇകൽ**-യുദ്ധം, പോർ. (പഴയമലയാളം)

'മങ്ങചെന്നികൽകിട്ടവോനമം'

(രാമചരിതം)

**ഇകൽക്കളം**-പോർക്കളം.

**ഇകടം**-മുളംതളിർ, മുളംകൂമ്പ്.

**ഇകണക്കര**-കഴഞ്ചിക്കുരു.

**ഇകണ്ണ്**-വെറുത്തു, പരിത്യജിച്ചു.

'കാമ്യമനത്തുമികണ്ണെങ്കിൽ'

(ദേവൽഗീത.)

**ഇകറുക**-അകറുക.

'ഇകറമേദുഃഖമാശമമാപ്പോൾ'

**ഇകാരം**-ഇ എന്ന അക്ഷരം.

**ഇക്കട്ട**-പ്രയാസം, ദുർഘടം, വൈഷമ്യം.

**ഇക്കർ**-കാരണവൻ. (അറബിവാക്ക്.)

**ഇക്കര**-ഇങ്ങേക്കര.

സംസ്കൃതത്തിൽ അക്കരക്ക 'പാരം' എന്നും ഇക്കരക്കു 'അവാരം' എന്നുംപേർ.

**ഇക്കണക്കെ, ഇക്കണക്ക്**-അ. ഇങ്ങനെ, ഇപ്രകാരം, ഇസ്വഭാവെ.

**ഇക്കിൾ**-എക്കിട്ട എന്ന ദീനം.

ഉൾപ്പുഴുക്കം മറവുണ്ടാകുന്ന പദാർത്ഥങ്ങളുടെ ഭക്ഷണം, അധികം ശീതജലപാനം മുതലായതുകൊണ്ടു പാനാശനസ്നാനാദികൾ ചെയ്ത, പൊടി, പുക ഇവ ശ്വസിക്കുക, വെയിൽകൊള്ളുക, കരേറക്കുക, വലിയഭാരം എടുക്കുക, അതിവ്യായാമം ചെയ്യുക, വളരെ വഴിനടക്കുക, മലമൂത്രാദിവേഗങ്ങളെ തടുക്കുക, ഉപവാസംചെയ്ക ഇവ ഹേതുവായിട്ട്